ഇമാദുദ്ദീൻ അൽവാസ്വിത്വി റഹി

സ്വാലിഹ് നിസാമി പുതുപൊന്നാനി

ശൈഖിനെ തേടി

മുഖ്യധാരാ സുന്നി സംഘടനകൾ മാത്രമല്ല, ന്യൂനപക്ഷ സുന്നി പ്രസ്ഥാനങ്ങളായ ദക്ഷിണ, സംസ്ഥാന, മുജാഹിദ്, ജമാഅത്തെ ഇസ്ലാമി, തബ്ലീഗ്, അടുപ്പിക്കാവുന്ന ചില ചെറുകിട ത്വരീഖത്തുകൾ എല്ലാവരും ഒന്നിക്കണം.

ആദർശം അടിച്ചേല്പിക്കുന്നതിന് മുമ്പ്, ആദർശപരമായ തെറ്റുധാരണ നീക്കുകയാണ് പ്രധാന പരിഹാരം. സ്വയം നീക്കണം. ഓരോ കക്ഷിയും അവകാശപ്പെടുന്ന രീതിശാസ്ത്രത്തില് തന്നെ ഉറച്ചു നിൽക്കട്ടെ. പക്ഷേ, ആ വഴിയിൽ നിന്നും തങ്ങൾ എത്രത്തോളം അകലെ പോയിരിക്കുന്നു എന്ന സംഗതി തിരിച്ചറിയണം. ഉദാ. സലഫി ആണെന്ന് പറയുന്നവർ, ആ മുന്നേറ്റത്തിലെ പ്രധാന നായകൻമാരായ ഇബ്നു തൈമിയ, ഇബ്നുൽ ഖയ്യിം തുടങ്ങിയവരുടെ നിലപാടിൽ നിന്നും എത്ര അടുത്താണ് /അകലെയാണ് എന്ന് വിലയിരുത്തണം. അതുപോലെ,മദ്ഹബ് വാദികൾ അവരുടെ വഴിയിൽ എത്രത്തോളം ഉറച്ചു നിൽക്കുന്നു എന്നും കണ്ടെത്തണം. അവരുടെ നായകന്മാരായ ഇമാം നവവി യെപോലുള്ളവർ കാണിച്ചുതന്ന നിലപാടുകള് കൃത്യമായി ഉൾക്കൊള്ളണം. സ്വൂഫികൾ ശൈഖ് ജുനൈദിനെ പോലുള്ള ശരിയായ ആസ്ഥാന ഗുരുക്കളുടെ പാഠങ്ങൾ പകർത്തണം.

ഓരോരുത്തർക്കും നിർവ്വഹിക്കാനുള്ള ധർമ്മ വൈവിധ്യങ്ങള് സ്വയം ബോധ്യമാകണം, അപരന്റെ റോള് മനസ്സിലാക്കണം.

എതിർപക്ഷത്തെ തെറ്റിധരിച്ചതിലും കൂടുതൽ സ്വപക്ഷത്തെ തെറ്റുധരിക്കുകയും ധരിപ്പിക്കുകയും ചെയ്യുന്നതാണു ഏറ്റവും സങ്കീർണ്ണമായ കാര്യം.

ആധ്യാത്മിക ഗുരുവിനെ തേടിയുള്ള ഈ യാത്രാവിവരണം , ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയെ പരിചയപ്പെടാനുള്ള നല്ലൊരു വഴിയാണ്. നിഷ്പക്ഷനായ ഒരു സ്വൂഫി സലഫിയുടെ വിവരണം. ഒരുപക്ഷേ, മുൻധാരണ യുടെ പിടിയില് കഴിയുന്ന സൂഫികൾക്കും സലഫികൾക്കും തുറന്നു പറയാന് സാധിക്കാത്ത നിലപാട് ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. അനുയായികളും എതിരാളികളും മനസിലാക്കിയ ശൈഖ് ആയിരുന്നില്ല ഇബ്നു തൈമിയ.

'ശൈഖിനെ തേടി' പോലുള്ള രചനകൾ സ്വ /എതിർപക്ഷങ്ങളെ സമചിത്തതയോടെ കാണാൻ കഴിയുന്ന നീതി ഭദ്രമായ നിലപാട് വളർത്തുന്നതിന്നും സൗഹാർദ്ദത്തിനും സഹായിക്കും.

സലഫിക്ക് സൂഫിയെ ഉൾക്കൊള്ളാന്, സൂഫി അവകാശ വാദം ഉള്ള ശാഫി സുന്നികൾക്ക് സലഫികളെ അവധാനതയോടെയും സുഹൃദ് ബോധത്തോടെയും തിരിച്ചറിയാൻ ഇതുപോലുള്ള രചനകൾ സഹായിക്കും. ഇത് പരിഭാഷപ്പെടുത്തി വിതരണം ചെയ്യുന്നതിലെ സന്തോഷവും ആവേശവും അതു മാത്രമാണ്.

ഈ ഓൺലൈന് പതിപ്പ് വായനക്കാരില് നിന്നും പ്രതികരണം പ്രതീക്ഷിച്ചു കൊണ്ടുള്ളതാണ്. **"കാലഘട്ടത്തിലെ ജുനൈദ്" എന്ന് ശൈഖുല് ഇസ്‌ലാം വിശേഷിപ്പിച്ച അദ്ദേഹത്തിന്റെ 'ശൈഖുന' യായിരുന്ന ഇതിന്റെ രചയിതാവിനെ വിശദമായി പരിചയപ്പെടുത്തുന്ന, ഈ താളുകൾ വായിച്ചുപോകുമ്പോള് അത്യാവശ്യമായി വരുന്ന വിശദീകരണ കുറിപ്പുകള് ഉൾക്കൊള്ളുന്ന, ശൈഖുൽ ഇസ്ലാമിനെ കുറിച്ചുള്ള വീക്ഷണ വൈജാത്യങ്ങളുടെ നിജസ്ഥിതി അനാവരണം ചെയ്യുന്ന ഭാഗങ്ങള് ഉൾപ്പെടുത്തി 'ശൈഖിനെ തേടി' പുറത്തുവരും, ഇൻഷാ അല്ലാഹ്.** ഈ യാത്രാ വിവരണത്തിന്റെ കർത്താവ് തന്നെ എഴുതിയ ഇബ്നു തൈമിയ്യ

ശൈഖുൽ ഇസ്ലാമിനെ കുറിച്ച്, ജമാഅത്തെ ഇസ്ലാമിയുടെ വിദ്യാർഥി വിഭാഗമായ എസ് ഐ ഒ മലപ്പുറത്ത് സംഘടിപ്പിച്ച സെമിനാറില് അവതരിപ്പിച്ച ഒരു പ്രബന്ധം ഇതിന്റെ കൂടെയുണ്ട്. ശൈഖ് മുഹമ്മദ് ബിന് അബ്ദില് വഹാബിനെ 'വഹാബി' കളും അല്ലാത്തവരും പുനരന്വേഷിക്കാന് ആഹ്വാനം ചെയ്യുന്ന, നേരത്തെ സോഷ്യൽ മീഡിയയില് പ്രസിദ്ധം ചെയ്ത ഒരു ഉപന്യാസവും ഇതോടൊപ്പം കാണാം.

നിങ്ങളുടെ വിലപ്പെട്ട പ്രതികരണങ്ങള് പ്രതീക്ഷിക്കുന്നു.

സ്വാലിഹ് നിസാമി പുതുപൊന്നാനി

16- 09-2018

ആത്മകഥ എഴുതുന്നു...

അല്ലാഹുവിന്റെ ദാസന്മാർക്ക് സത്യവും സന്മാർഗ്ഗവും വിവരിച്ചു കൊടുക്കുന്നത് നസ്വീഹത്തില് ഉൾപ്പെടുന്നു.അല്ലാഹുവിനോടും അവന്റെ തിരുദൂതരോടും മുസ്‌ലിംകളുടെ ജ്ഞാന- രാഷ്ട്രീയ നേതൃത്വങ്ങളോടും മുസ്ലിം പൊതു ജനങ്ങളോടും പുലർത്തേണ്ട നസ്വീഹത്തിന്റെ ഭാഗമാണത്. പിഴവുകൾ എന്താണെന്ന് വിവരിക്കുമ്പോഴല്ലാതെ സത്യവും സന്മാർഗ്ഗവും എന്താണെന്നുള്ള വിവരണം പലപ്പോഴും പൂർത്തിയാകില്ല. കാരണം, **മിയ്ക്കപ്പോഴും ഒരു സംഗതി വേണ്ടപോലെ മനസ്സിലാകാൻ അതിന്റെ വിപരീതം എന്താണെന്ന് കൂടി മനസിലാക്കുക ആവശ്യമായി വരാറുണ്ട്**. പ്രകാശം എന്തെന്ന് വ്യക്തമാകുക ഇരുട്ട് നിമിത്തമാണ്. മങ്ങൽ നീങ്ങാൻ വെട്ടം വേണം. അതിനാൽ, 'ശൈഖിനെ തേടി'യുള്ള എന്റെ യാത്രയുടെ വിശദാംശങ്ങള് പങ്കുവെക്കാന് ഞാന് ആഗ്രഹിക്കുന്നു. എന്റെ അന്വേഷണവഴിയില് കണ്ടുമുട്ടിയ, സത്യ-ശരികളുടെ മാർഗ്ഗത്തില് നിന്നും പിഴച്ചുപോയതും എന്നാല് അല്ലാഹുവിന്റെ സ്വന്തം ആളുകളെന്നു ധരിച്ച് അവനിലേക്ക് ഇടയാളന്മാരായി ജനംകരുതിപ്പോരുന്നതുമായ ചില പ്രസ്ഥാനങ്ങളെ/ സംഘങ്ങളെക്കുറിച്ചും ഇവിടെ വിവരിക്കാന് ആഗ്രഹിക്കുന്നു.

അവസാന കാലത്ത് സന്മാർഗ്ഗം തേടി അലയുന്നവർക്ക് അകവെളിച്ചവും പ്രോജ്ജ്വല രേഖയും ആയി ഈ വിവരണം മാറണം. അല്ലാഹു തന്റെ ദാസന്മാരില് നിന്നും, അവരുടെ ആവശ്യങ്ങളിലും ഇടപാടുകളിലും അവസ്ഥകളിലും,യഥാർത്ഥത്തില് ഉദ്ദേശിക്കുന്നത്/ ആവശ്യപ്പെടുന്നത് എന്താണെന്ന് തിരിച്ചറിയുവാനുള്ള ഒരു ഗോവണിയായി ഇത് ഭവിക്കണം.അങ്ങനെ പരിശുദ്ധമായ ദാസ്യഭാവം വഴി തന്റെ നാഥനെ കണ്ടുമുട്ടാന് കഴിയുമാറ് ദൈവാന്വേഷി നിലകൊള്ളാൻ ഇത് നിമിത്തമാകണം. റബ്ബിനെ കണ്ടുമുട്ടുക വഴി അവനു കൺകുളുർമ്മയുണ്ടാകണം. സത്യത്തിന്റെ വക്താക്കളിൽ നിന്നും താന് പിഴച്ചു പോയിരിക്കുന്നു എന്ന് ബോധ്യമാകുന്നവന് അവിടെ നിന്നും അകലെ അകലെ മാറിനിൽക്കാൻ സാധിക്കണം. ജനങ്ങളുടെ രുചി ഭേദങ്ങളുടെ ശരിയായ ചിത്രം മനസ്സിലാക്കണം. ഹിജ്റ എഴുന്നൂറിന്റെ തുടക്കത്തിൽ മുസ്ലിം സമൂഹത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന ചരിത്രം തിരിച്ചറിയണം. ഇതെല്ലാമാണ് എന്റെ ഉദ്ദേശ്യം.

ജനങ്ങളിൽ മിക്കവർക്കും ഇവിടെ എന്തെല്ലാം നടക്കുന്നുവെന്ന കാര്യം വ്യക്തമായി അറിയില്ല. അല്ലാഹു നൽകിയ അനുഗ്രഹങ്ങളില് മറയിടപ്പെട്ടവരാണ് അവര്; സൗഭാഗ്യങ്ങളുടെ മറയ്ക്കകത്ത് ജീവിക്കുകയാണ്. **ചെറുപ്പകാലം മുതൽ വൃദ്ധകാലം വരെയും സ്വയം തന്നെ അഹ്ലുസ്സുന്നത്തില് അംഗമാക്കി വെച്ച് ആശ്വസിച്ചുകഴിയുകയാണ് ചിലരെങ്കിലും..** അവർക്കറിയില്ല , ജനങ്ങൾ പുതുതായി ഉണ്ടാക്കിയ വിശ്വാസ ആചാരങ്ങളെ കുറിച്ച്. ശൈത്വാന്റെയും പങ്കാളികളുടെയും ചവിട്ടടികളിൽ, ചതിക്കുഴികളിൽ അവർ വട്ടം കറങ്ങുന്ന കാര്യവും അവർക്ക് അവബോധമില്ല. അല്ലാഹുവിന്റെ ദീനിന് പകരം ജനം എന്തെല്ലാം പകരം കൊണ്ടുവന്നു എന്ന സംഗതിയും അഹ്ലുസുന്നത്തി വൽ ജമാഅത്ത് ആണെന്ന് സ്വയം ധരിക്കുന്നവര് മനസ്സിലാക്കിയിട്ടില്ല. ഈ വിവരണം അവരുടെ ധാരണ തിരുത്താന് സഹായകരമാകും.

സത്യവാന്മാർ ആര്, മിഥ്യയുടെ ആളുകൾ ആര്? സമ്പൂർണ്ണരും അപൂർണ്ണരും ആരൊക്കെ? നേർവഴിയില് ചരിക്കുന്നവരും പിഴച്ചു സഞ്ചരിക്കുന്നവരും ആരെല്ലാം ? ജനങ്ങളുടെ വിവിധ അവസ്ഥകളെ കുറിച്ചുള്ള വിവരണത്തിൽ നിന്നും ഇതെല്ലാം മനസ്സിലാക്കാം. സത്യപാതയില് പ്രവേശിക്കാനും, അസത്യ വഴികൾ വെടിയാനും അത് പ്രേരണയാകും. ധാരാളം ആളുകൾ വിധേയരായ പോലെയുള്ള പരീക്ഷണങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചതിനും സന്മാർഗ്ഗം നൽകി അനുഗ്രഹിച്ചതിനും അല്ലാഹുവിനു ശുക്ര് ചെയ്യാൻ പ്രേരിതനാകും.. തിരുനബി സ്വ യുടെ ജീവചരിത്രത്തില് നിന്നും മഹാനായ സ്വഹാബിപ്രമുഖൻ സൽമാനുല് ഫാരിസീ റ ന്റെ ‘സത്യം തേടിയുള്ള തീർഥയാത്ര’ വായിച്ചതിനു ശേഷമാണ്, ശൈഖിനെ തേടിയുള്ള എന്റെ യാത്രാനുഭവത്തിനു അതുമായുള്ള പൊരുത്തം കണ്ടറിഞ്ഞ്, കുറഞ്ഞ വരികളിൽ ഇതെഴുതുന്നത്. ഉപകാരപ്രദമായി ഇത് ഭവിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

ജനങ്ങളുടെ അവസ്ഥകൾ വിശകലനം ചെയ്യുന്ന ഈ ‘കല’, തന്റെ നശിച്ച താൽപര്യങ്ങള് നേടിയെടുക്കാനോ സ്വേഷ്ടങ്ങളെ സഹായിക്കാനോ വേണ്ടിജനങ്ങളെ അധിക്ഷേപിക്കാന് ഉദ്ദേശിക്കുന്ന ആളുകൾക്ക് ഹറാമാകുന്നു. (അവരിത് വായിക്കണ്ട എന്നായിരിക്കാം ഗ്രന്ഥകാരൻ പറയുന്നത്. തന്റെ നസ്വീഹത്ത് നിഷ്ഠ ഈ വരികളില് വ്യക്തമാണ്, വിവ). എന്നാൽ, സന്മാർഗ്ഗ പ്രതിസന്ധിയില് നിപതിക്കാതെ സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവന്, പിഴവുകളില് വീഴുന്നത് ശ്രദ്ധിക്കണം എന്ന ബോധമുള്ളവന്ഇത് അനുവദനീയമാണ്, എന്നല്ല

മുസ്തഹബ്ബ് തന്നെയാണ്. പരസ്പരം ചെളിവാരി എറിയാൻ, ഛിദ്രത സൃഷ്ടിക്കാൻ,അവഹേളന/ ആക്ഷേപ താൽപര്യത്തില് പുനരാവിഷ്കരിക്കാൻ ഉദ്ധേശിക്കുന്നവന് ഈ കലഅനുവദനീയം അല്ല തന്നെ. ഈ വിവരണത്തെ അവബോധമുണ്ടാക്കുന്ന അറിവായോ ഗുണപാഠമായോ എടുക്കാതെ, ഒരു ആഘോഷമായും വട്ടം വളഞ്ഞിരുന്നു പങ്കുവെക്കാനുള്ള കഥയായും കാണുകയും,എന്നിട്ട് നല്ല നിയ്യത്ത് ഇല്ലാതെ ജനങ്ങളുടെ മറകൾ പൊളിക്കുകയുമാണ് അവര് ചെയ്യുന്നതെങ്കിൽ അവരിവിടെ വരരുത്. നിശ്ചയമായും നിയ്യത്തുകൾ അടിസ്ഥാനമാക്കിയാണ് കർമ്മങ്ങള് സ്വീകരിക്കപ്പെടുക. ഓരോ മനുഷ്യന്നും അവൻ കരുതിയത് ലഭിക്കും. സത്യം അനുഷ്ഠിക്കാൻ അല്ലാഹുവത്രെ ഉതവി നൽകുന്നത്..

ബാല്യകാല സ്മരണകൾ

എന്റെ ജനനവും വളർച്ചയും അഹ്മദിയ്യ സംഘത്തിനിടയില് ആയിരുന്നു. (അഹ്മദുൽ കബീര് രിഫാഈ എന്നവരുടെ പേരിലുള്ള രിഫാഇയ്യാ ത്വരീഖത്ത് സംഘത്തെയാണ് ഉദ്ദേശിക്കുന്നത്)എന്റെ പിതാവ്, അവർക്ക് അല്ലാഹു മാപ്പ് നൽകട്ടെ, ആ സംഘത്തിന്റെ പ്രമുഖ നേതാക്കളിൽ ഒരാള് ആയിരുന്നു. അന്നത്തെ ശൈഖിന്റെ മന്ത്രിമാരിൽ പെട്ടയാളായിരുന്നു. അനുഗാമികൾ അനുസരിക്കുന്ന കല്പനാ ശക്തിയുള്ള ആള്. അപരരെ സഹായിക്കുന്ന കാര്യങ്ങളില്, അവരുടെ ആവശ്യങ്ങൾ നിവർത്തിക്കാന്, അന്നം നൽകാൻ, വിഷമാകുലരുടെ പ്രയാസം അകറ്റാൻ മുൻപന്തിയില് ഉണ്ടായിരുന്നു. അത് രിഫാഇയ്യ സൂഫികളുടെ ഒരു രീതി ആയിരുന്നു. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച്കൊണ്ട് ആ വക സൽകർമ്മങ്ങള് ചെയ്യുന്നവരും, തന്റെ നേതൃത്വം നിലനിർത്താനും നിലനില്പിന്നും ജീവിത വഴി തുറക്കാനും ഉള്ള മാർഗ്ഗമായി അതിനെ കാണുന്നവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇവരുടെ ഇടയിലാണ് ഞാൻ ജനിക്കുന്നത്, വളരുന്നത്. പാട്ടും സംഗീതവും നൃത്തവും പുണ്യം ലഭിക്കുന്ന മുഖ്യ മതചടങ്ങായും, സൽക്കാര സംഗമങ്ങള് പതിവു ചര്യയായും, പരസ്ത്രീകളുമായുള്ള വഴിവിട്ട സമാഗമങ്ങൾ അനിഷേധ്യമായ നന്മയായും, അവരുമായി ഇടപഴകുന്നതും രാത്രി സൊറ പറഞ്ഞു രസിക്കുന്നതും അശ്ലീലമല്ലാത്ത അനുവാദമായുംഎടുത്തിട്ടുള്ള ഇവർക്കിടയില് വെച്ചാണ്എന്റെ കണ്ണുകൾ മിഴി തുറക്കുന്നതും ഞാന് ദീനുല് ഇസ്ലാം പഠിക്കുന്നതും.

അന്യസ്ത്രീകളെ ആസ്വദിക്കുവാന് കണ്ണുകള് അഴിച്ചു വിടുന്നത് നിഷിദ്ധമാണെന്ന കാര്യമേ അവർക്കറിയില്ലായിരുന്നു.! ശരീഅത്തിന്റെ വിധിവിലക്കുകൾ, സദ്സ്വഭാവ മര്യാദകൾ, നന്മ തിന്മകൾ വർദ്ധിപ്പിക്കാനും വര്ജ്ജിക്കാനും ഉണ്ടാകേണ്ട ദൃഢ നിലപാടുകൾ എന്നിവയെ കുറിച്ചൊന്നും സൂക്ഷ്മമായി അവർ അന്വേഷിക്കുമായിരുന്നില്ല. അവർ തങ്ങളുടെ ശൈഖന്മാരെ 'ഇബാദത്ത്ന്റെ പദവി'യിൽ മനസ്സില് പാർപ്പിച്ചു. വിഷമ ഘട്ടങ്ങളിൽ അവരിൽ അഭയം തേടി. ആകസ്മിക പ്രയാസങ്ങളിൽ അവര് ശൈഖന്മാരെയാണ് അനുസ്മരിക്കുക. 'ശൈഖ് നബിയെ പോലെയാണ് തന്റെ ജനതയ്ക്ക്' എന്നാണവര് ന്യായീകരിക്കുക.! മിയ്ക്കപ്പോഴും നബിമാരെ ബഹുമാനിക്കുന്നതിനേക്കാൾ ഉയർന്ന ബഹുമാനമാണ് ശൈഖിന് നൽകുക. സുജൂദ് ചെയ്യുവാനായി തല കുനിക്കുന്നു. ശൈഖിനു മുന്നിലെത്തിയാൽ തലപ്പാവ് അഴിച്ചുവെച്ച് തല തുറന്നിടുന്നു. ശൈഖിന്റെ അഭൗതികവും നിഗൂഢവുമായ കോപവും ശിക്ഷയും ഭയന്ന് അഭയം തേടുന്നു. ശൈഖിന് താൻ ഇച്ഛിക്കുന്നത് പറയാം എന്നാണു അവരുടെ വിശ്വാസം. ശൈഖ് മരിച്ചവരെ ജീവിപ്പിക്കുന്നു, രോഗിയെ സുഖപ്പെടുത്തുന്നു, ചിലരെ തന്റെ അമ്പ് കൊണ്ട് കുത്തി കൊലപ്പെടുത്തുന്നു.

അവർക്കിടയില് പക്വതയുള്ളവരെയും ഞാന് കണ്ടിട്ടുണ്ട്. ഇങ്ങനെയൊന്നുമല്ല കാര്യങ്ങൾ വേണ്ടത് എന്നവര് വിശ്വസിക്കുന്നു. എന്നാൽ, ശൈഖന്മാരെ ബഹുമാനിക്കുന്ന കാരണത്താൽ ജനങ്ങൾക്കിടയില് ഉന്നത സ്ഥാനവും തുറസ്സും അവർക്ക് ലഭിക്കുന്നുണ്ട്. അവർ സ്വതാല്പര്യങ്ങൾക്ക് പരിക്ക് പറ്റുമെന്ന് ഭയന്ന് ശൈഖന്മാരുടെ കീർത്തി നിലനിർത്താന് തന്നെയാണ് ശ്രമിക്കുന്നത്. അവർക്ക് ഹലാലും ഹറാമും അറിയാത്ത പോലെ! നിഷിദ്ധമായ സംഗതികളിൽ നിന്നും സസൂക്ഷ്മം തടിയെ കാക്കുന്ന വഴിയും അവർക്ക് അറിയില്ല?!

അല്ലാഹുവിങ്കലേക്കുള്ള വഴി തേടിയെത്തുന്ന ആളുകളെ ക്കൊണ്ട് തൗബ ചെയ്യിപ്പിക്കാറുണ്ടെങ്കിലും അല്ലാഹുവിന്റെ വിധിവിലക്കുകളുടെ പരിധിയും വ്യാപ്തിയും പഠിപ്പിക്കില്ല. എങ്ങനെ പഠിപ്പിക്കാൻ?! ജ്ഞാനപരമായി ജാഹിലുകളും കർമ്മരംഗത്ത് അത് പാലിക്കാത്തവരുമാണ് ഈ ശൈഖന്മാര് പോലും! കണിശവും കൃത്യവുമായ ഇബാദത്ത് ചെയ്യാന് മുരീദുമാരോട് അവർ കല്പിക്കാറില്ല. വിധിവിലക്കുകളുടെ

പരിധിയും വ്യാപ്തിയും സംബന്ധമായി യാഥാർത്ഥ്യ ജ്ഞാനം അവർക്ക് നൽകാറില്ല. ശുദ്ധീകരണപ്രവർത്തനങ്ങളുടെ ഫർദും സുന്നത്തും മുതൽ നിസ്കാരത്തിന്റെ ഫർദും സുന്നത്തും വരെ. ‘നിങ്ങളുടെ മദ്ഹബ് ഏതാണ്?’ എന്ന് വല്ലവരും ചോദിച്ചാൽ അവര് പറയുക ‘വെള്ളവും മിഹ്റാബും’ എന്നായിരിക്കും. (അവ്യക്തം).

ഫുഖഹാക്കളാകുന്നു ഇവരുടെ കാര്യത്തിൽ ഏറ്റവും ധർമരോഷം ഉള്ളവർ. നികാഹ്, ത്വലാഖ്, കച്ചവടം തുടങ്ങിയ കാര്യങ്ങളിലേ അവർ ഇടപെടുകയുള്ളൂ എന്നുമാത്രം. അവരുടെ ഡ്യൂട്ടി ഇക്കാര്യങ്ങളില് പരിമിതമാണല്ലോ. ഇടപെടാതെ ഒഴിഞ്ഞു നിൽക്കാന് സാധിക്കുന്ന കാര്യങ്ങളില് അവര് മിണ്ടില്ല.

അവയവങ്ങൾ ചെയ്തു കൂട്ടുന്ന സംഗതികളെ കുറിച്ചുള്ള ആത്മവിചാരണയില്ല അവർക്ക്. ആന്തരിക അവസ്ഥകളെസസൂക്ഷ്മം നിരീക്ഷിക്കില്ല, മതത്തിന്റെ പരിധി പരിഗണിക്കില്ല, ഇബാദത്തുകളിലും സാധാരണ നടപ്പുകളിലും നബി സ്വ കാണിച്ചു തന്ന മര്യാദകൾ അനുഗമിക്കണം എന്ന താല്പര്യം ഒട്ടുമില്ല. തങ്ങളുടെ മുതിർന്ന ശൈഖന്മാരുടെ ജീവിതവഴി അനുകരിക്കണം എന്ന പൂതിയും തീരെയില്ല. ഇശാ കഴിഞ്ഞാൽ സംഗീത സദസ്സിൽ പങ്കെടുക്കണം എന്നേ കാര്യമായുള്ളൂ. **അവിടെ ‘മറഞ്ഞ പുരുഷന്മാര്’ (രിജാലുൽ ഗൈബ്) പങ്കെടുക്കുമത്രേ!** സംഗീത സമയത്ത് അവിടെ പങ്കെടുക്കാൻ അത്യാർത്തി കാണിക്കുന്ന അവരുടെ ശൈഖന്മാരെ നിനക്ക് കാണാം. എല്ലാ തടസ്സങ്ങളും തട്ടിമാറ്റി അവരവിടെ ഹാജരാകും. എന്നാൽ, നിസ്കാര സമയമായാല്, കാക്ക ചീഞ്ഞളിഞ്ഞ വസ്തു കൊത്തിയെടുക്കുന്നപോലെ ധൃതിയില് കുനിഞ്ഞു നിവരുകമാത്രം. എപ്പോഴാണ് നിസ്കരിച്ചു കഴിഞ്ഞതെന്നചോദ്യത്തില് അവരില് ഒരാളെയും വിശ്വസിക്കാൻ കഴിയില്ല. പെട്ടെന്ന് സംഗീത സദസ്സിൽ പങ്കെടുക്കുക എന്നതാണ് അവർക്ക് പ്രധാനം. ഇരുണ്ട ഇടുങ്ങിയ മുറിയിൽ ബന്ധിക്കപ്പെട്ട വ്യക്തി പുറത്തേക്ക് വരുന്നപോലെയാണ് അവര് സ്വലാ ‘പൂർത്തിയാക്കി’ സമാഇല് പങ്കെടുക്കാന് വരിക.

ശൈഖന്മാർ തന്റെ സഹവാസികളുമായി യാത്ര ചെയ്യാറുണ്ട്. പതാകകൾ പാറുന്ന വേദിയിൽ സംഗീതം ഉയരുന്ന അവസ്ഥയിലാണ് ആ യാത്രകൾ. ആണുങ്ങളും പെണ്ണുങ്ങളും അവർക്ക് പിന്നാലെ ഒഴുകും. ചിലേടത്ത് പ്രത്യേക സംഗീത സദ്യ സംഘടിപ്പിക്കും. പുരുഷന്മാർക്ക് ചുറ്റും മുഖാവരണം നീക്കിയ തരുണി വളണ്ടിയർമാര് അണിനിരന്ന് വേദിക്ക് വേലി കെട്ടും.ചിലപ്പോഴെല്ലാം

അവർ അവരുടെ ഡ്യൂട്ടി സ്ഥലത്ത് തന്നെ അന്തിയുറങ്ങും. ആ സദസ്സിൽ പങ്കെടുക്കുന്നതും അവിടെ ഖിദ്മത്ത് ചെയ്യുന്നതും വലിയ പ്രതിഫലം ലഭിക്കാവുന്ന പുണ്യകർമ്മം ആണെന്ന് അവര് വിശ്വസിക്കുന്നു. **അവരുടെ വിശ്വാസപ്രകാരം, മരണപ്പെട്ട ഔലിയാക്കള് ഹാളിറാകുന്ന മുബാറകായ വേദിയാണ് അവിടം.** പുരുഷന്മാർക്ക് ചുറ്റും വലയം ഉണ്ടാക്കുകയെന്ന ഇബാദത്തില് ആ സ്ത്രീകൾ സജീവമാകുന്നതിന്റെ കാര്യം അതാണ്.. അവിടെയാണ് സ്ത്രീ പുരുഷ 'അതിർത്തി ലംഘിച്ചുള്ള നുഴഞ്ഞു കയറ്റങ്ങൾ' സംഭവിക്കുന്നതും, മനുഷ്യ ശരീരങ്ങളുടെ ആവശ്യങ്ങള് പൂർത്തീകരിക്കപ്പെടുന്നതും.

സംഗീതം പൊടിപാറുന്ന ഘട്ടത്തിൽ, പ്രത്യേകം നിയോഗിതരായ അഭ്യാസികൾ തങ്ങളുടെ ഭാണ്ഡങ്ങളില് സൂക്ഷിച്ചുവെച്ച വലിയ വലിയ പാമ്പുകളെ പുറത്തെടുക്കും. അവയെ കടിച്ചു മുറിച്ചു തിന്നാൻ തുടങ്ങും. അവരുടെ വായിൽ നിന്നും താടി വശങ്ങളിലൂടെ രക്തം ഒലിച്ചിറങ്ങും. എന്നിട്ട് വായിലുള്ള ചോര ജനങ്ങളുടെ മുഖത്തേക്ക് ഊതിത്തെറിപ്പിക്കും. ഭക്ത ജനങ്ങൾക്കതില് പരാതിയില്ല. **'പാമ്പാട്ടി ശൈഖ'ന്മാരുടെവായിൽ വെച്ച് ആ രക്തം കുങ്കുമമോ പഴമോ ആയിത്തീരും എന്നാണ് അവർ വിശ്വസിക്കുന്നത്**. തവളകളെ പച്ചക്ക് തിന്നുന്നവരെ ഞാൻ അവർക്കിടയില് കണ്ടിട്ടുണ്ട്. സമാ നടക്കുന്നതിനു മുമ്പ് ബാഗിൽ കരുതി വെച്ചിരിക്കും തവളകളെ. താളമേളങ്ങൾ ശക്തിയാർജ്ജിക്കുമ്പോള് തവളകളെ ഓരോന്നായി എടുത്ത് കടിച്ചു പൊട്ടിച്ചു തിന്നാൻ തുടങ്ങും.

ഒരാളും ഇത്തരം നടപടികളെ ചോദ്യം ചെയ്യില്ല. ഫുഖഹാക്കളും ചെയ്യില്ല, സജ്ജനങ്ങളും ചെയ്യില്ല. അങ്ങനെ, ഈ മഹാ ബിദ്അത്ത് പ്രസിദ്ധമായ സുന്നത്തായി, പരസ്യമായ ശിആർ ആയി പ്രചുര പ്രചാരം നേടി. താർത്താരികള് ഇവരുടെ നാടുകള് പിടിച്ചെടുക്കാനും അവിടങ്ങളിൽ അധികാരത്തില് വാഴാനും ഇവര് സ്വയം അര്ഹരായിത്തീർന്നു എന്ന് പറയാം. ഇവർക്ക് താർത്താരികളുടെ ഭരണത്തില് പരമ സുഖമായിരുന്നു എന്നതും പ്രസ്താവ്യമാണ്. കാരണം, അവർക്കും ഈ സ്വൂഫി കോപ്രായങ്ങളിൽ നല്ല വിശ്വാസമായിരുന്നു. താർത്താരി ഭരണ കർത്താക്കള് ഇവരെ നന്നായി ബഹുമാനിച്ചു. കറുത്ത സാമ്രാജ്യത്തിൽ അല്ലാതെ ഇരുണ്ട ത്വരീഖത്ത് നിലനിൽക്കുമോ? ഇസ്ലാമികവും വെളിച്ചം പ്രസരിക്കുന്നതുമായ രാജ്യത്തല്ലേ പ്രകാശം പ്രസരിക്കുന്ന ത്വരീഖത്തുകൾ വാഴുകയുള്ളൂ.

ഇതുപോലുള്ള അധർമ്മങ്ങള് തടയാന് പരിശ്രമിക്കാതിരുന്നതാണ്, ഒരു വേള, ബാഗ്ദാദിലെ മുസ്ലിം ഖലീഫമാരുടെ അവസാന അടയാളവും മുറിഞ്ഞുപോകാന് കാരണം. അവർ അധർമ്മങ്ങളെ പരിവർത്തിപ്പിക്കാന് ശ്രമിക്കാതിരുന്നപ്പോള്, അവയ്ക്ക് പച്ചപ്പട്ടു പുതപ്പിക്കാന് ശ്രമിച്ചപ്പോള് അല്ലാഹു അവരെ നിശേഷം ഇല്ലാതാക്കി.

അല്ലയോ ആധ്യാത്മിക യാത്രികാ, സ്തുത്യർഹവും മാതൃക പരവുമായ ഒരു ത്വരീഖത്താണ് താങ്കൾ തിരയുന്നതെങ്കില് ഇപ്പറഞ്ഞ അനാവശ്യങ്ങൾക്ക് നേര് വിപരീതം ചെയ്യുക. അവയ്ക്ക് എതിരായത് അവലംബിച്ചാൽ നിന്നെക്കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നതെന്തോ അത് താങ്കൾക്ക് പ്രാപിക്കാം. ഞാൻ പറയുന്നത് മനസ്സിലാക്കാന് കഴിയുമെങ്കിൽ അതാണ് നിന്റെ സുലൂക്, ആത്മിക യാത്രാരീതി. അത് മതി താങ്കൾക്ക്.

രിഫാഇയ്യാ ആഭാസങ്ങൾ

തുടക്കത്തിൽ, അവർക്കിടയിലെ 'ആദ്യഘട്ട തൗബ' നൃത്തം വെക്കലാണ്. പിന്നെ സൂഫികളെ സേവിക്കലും. അവരുടെ അന്ത്യഘട്ടം, സൂഫിക്ക് ജനങ്ങൾക്കിടയില് സ്വീകാര്യത ഉണ്ടാവുകയും നല്ലൊരു ഇടപാട്കാരന് ആവുകയും ചെയ്യുക എന്നതാണ്. അതോടെ 'ദൈവാന്വേഷി' ലക്ഷ്യം കണ്ടു.?! ആ പദവി ആർജ്ജിക്കാന് കഴിഞ്ഞില്ലെങ്കിൽ ദൈവാന്വേഷി എങ്ങും എത്തിയില്ല എന്ന് കണക്കാക്കുക. ജനങ്ങൾക്കിടയില് പിടിപാട്/ ഇടപാട് സാധ്യമായാൽ അയാൾ കാമിലായി. ഇസ്ലാമിൽ നിന്നുതന്നെ പുറത്താകുന്ന താഴെ സൂചിപ്പിക്കുന്ന 'മഹൽകൃത്യങ്ങൾ' അതോടൊപ്പം അയാളിൽ ഉണ്ടാകണം എന്ന് മാത്രം.

അതിൽ ചിലത് കുറിക്കാം:

ഞാൻ ബാലനായിരിക്കുമ്പോൾ, ശൈഖിന്റെ ഖുബ്ബ സന്ദർശിക്കാന് അവര് എന്നെ എടുത്തുകൊണ്ടുപോയി. അവരെന്നെ വാഹനപുറത്ത് ഇരുത്തി ഉമ്മു അബീദ (രിഫാഈ ശൈഖിന്റെ ഖബ്ര് ഇറാഖിലെ ഗ്രാമമായ ഉമ്മു അബീദയിലാണ്) യിലേക്ക് നയിച്ചു. ഖുബ്ബ കണ്ടാരേ, അവർ തലപ്പാവ് ഊരി തല വെളിവാക്കി. വല്ലാത്ത ഒതുക്കവും ഭയ ഭക്തി ചകിതമായ ഭാവങ്ങളും പ്രകടിപ്പിക്കാൻ

തുടങ്ങി. ചിലപ്പോഴെല്ലാം കരയുന്നു; തേങ്ങി തേങ്ങി പിറുപിറുക്കുന്നു. അവരുടെ മനസ്സ് തകർന്നപോലെ. അവരുടെ ആവശ്യങ്ങൾ നിരത്തി ദുആ ചെയ്യുന്നു. അങ്ങനെ അവർ ശൈഖ് അവർകളുടെ ഖുബ്ബയുടെ വാതില് പടിയില് എത്തിയപ്പോൾ തലപ്പാവ് മാറ്റി, ആ പടിവാതിൽക്കല് സുജൂദ് ചെയ്യുന്നു. അന്ന് ചെറുപ്പത്തിൽ ഞാനും അവരോടൊപ്പം സുജൂദ് ചെയ്തു. വിനയ-ഭക്തി ആധിക്യത്തിൽ സ്വയം ഇല്ലാതായി ദീർഘനേരം അവരാ പടിവാതിൽക്കല് നിന്നു. ശൈഖിന്റെ ഖുബ്ബയെ വന്ദിക്കുന്ന പോലെ അവർ കഅബാലയത്തെ വന്ദിക്കുന്നില്ലെന്ന് അല്ലാഹുവിനറിയാം.

ഖബറിന് ചുറ്റുമുള്ള പൂമുഖത്ത് ഒരു കൊടിമരംഉണ്ട്. ആ മഹാഖുബ്ബ കണ്ടാല്, ആരാണ് അങ്ങോട്ട് കടക്കാന് ധൈര്യപ്പെടുക?! സിയാറത്തിന് വന്നിട്ടുള്ളവരില് ശൈഖ് പദവിയില് ഉള്ളവര് പോലും ഉണ്ട്. പക്ഷെ, ആ ഖുബ്ബയ്ക്കകത്ത് എന്താണ് ഉള്ളതെന്ന് അയാൾക്കറിയില്ല. പിന്നെ അവർ കൊടിമരത്തെ ഏഴു തവണ ത്വവാഫ് ചെയ്യും. വാതിൽ പടിയില് നില്ക്കുന്നത് അറഫയിൽ നിൽക്കുന്നതിന് സമം. കൊടിമരം കഅബായ്ക്ക് തുല്യവും. റാഫിദികൾ ഹുസൈന് തങ്ങളുടെ ഖബ്ർ ഹജ്ജ് ചെയ്യുന്നത് പോലെയാണ് സൂഫികളുടെ (==സൂപ്പി) ഈ ഹജ്ജ്.

അവരിൽ പെട്ട ഏതോ മഹാനെ പ്രാർത്ഥനയോടെ പ്രശംസിച്ചുകൊണ്ട്, ശൈഖ് എന്നോട് ഒരിക്കല് പറയുകയുണ്ടായി: "ആ മഹാൻ ഖുബ്ബ ദൃഷ്ടിയാല് പെടുമ്പോള് ഇഹ്റാം ചെയ്യാറുണ്ട്. തുന്നിയ വസ്ത്രങ്ങള് ഒഴിവാക്കും. സിയാറത്ത് കൊണ്ട് ഉദ്ദേശിക്കുന്ന ആവശ്യങ്ങൾ പൂർത്തിയാക്കിയാല് ഇഹ്റാമിൽ നിന്നും തഹല്ലുലാകും." ശൈഖിന്റെ ഖുബ്ബയുടെ അരികില് വന്ന ശേഷമല്ലാതെ മീശ വെട്ടിയൊതുക്കാത്ത ചിലരും ആ സംഘത്തില് ഉണ്ടായിരുന്നു.

ഖുബ്ബയുടെ പൂമുഖത്ത് കൂട്ടം കൂടിയിരിക്കുന്ന ആളുകള് ഖുബ്ബ നോക്കിയിരിക്കുന്നത് ഇബാദത്ത് ആയി കണക്കാക്കുന്നു. ഖുബ്ബ അവർക്ക് ഇബാദത്ത് ചെയ്യപ്പെടുന്ന ഒരു ദേവിയാണെന്ന് തോന്നും വിധം അവരാ ഖുബ്ബയെ തറപ്പിച്ചു നോക്കിയിരിക്കും. ആ ഇരുത്തത്തിൽ ദീർഘ ശ്വാസനിശ്വാസങ്ങള് ഉയരുന്നു. ആരാധ്യവസ്തുവിനരികില് നിന്നും ലഭിക്കുന്ന ഒരു ഊനാസ് (സമ്പർക്ക സുഖം) അവർ കണ്ടെത്തുന്ന പോലെ. എന്തുകൊണ്ട് അവർ അങ്ങനെ ചെയ്യില്ല?! **അവരുടെ വിശ്വാസത്തിൽ, ഖബ്രിലെ ശൈഖന്മാര് ദിഗന്തങ്ങള് മുഴുക്കെ കാണുകയാണല്ലോ!** അവർ ഖുബ്ബയെ

ബഹുമാനിക്കാനായി കരുതി വന്നിരിക്കുകയാണ്. തല താഴ്ത്തുന്നു, സുജൂദ് ചെയ്യുന്നു. ഖുബ്ബയിലേക്ക് നേർച്ചയാക്കി സമ്പത്ത് ചിലവഴിക്കുന്നു. കാശായും 'കത്തിക്കാനുള്ള എണ്ണ'യായും മറ്റും അവിടേക്ക് നേർച്ച നേരുന്നു.

അന്യരായ സ്ത്രീകളുമായി 'സൂഫി സൗഹൃദം' (ശൈഖിന്റെ മുരീദ്മാര് ശൈഖിന്റെ മക്കളെ പോലെയാണ് പരസ്പരം എന്ന് സിദ്ധാന്തം) സ്ഥാപിക്കുന്നതിലോ അവരുമായി രാത്രി കൂടിക്കഴിയുന്നതിലോയാതൊരു വൈമനസ്യവും അവർക്കില്ല. സുന്ദര കോമളന്മാരായ ആൺകുട്ടികളുമായി സൗഹൃദം സ്ഥാപിക്കുന്നതിലും അവരുമായി അന്തിക്ക് മുറിയിൽ ഉറങ്ങുന്നതിലും അവർക്കില്ല പിന്നാക്കം. ഇങ്ങനെ സ്ത്രീകളുമായും 'കുണ്ടൻ'മാരുമായും രാത്രി ഉറങ്ങുന്നുവെങ്കിലും 'വ്യഭിചാരം' സംഭവിക്കുന്നില്ലെന്നാണ് അവര് വാദിക്കുക.

സ്ത്രീകളിൽ നിന്നും താനിഷ്ടപ്പെടുന്ന ചിലരെ ശൈഖ് തന്റെ മകളോ സഹോദരിയോ ആയി പ്രഖ്യാപിക്കും. എന്നിട്ട്, ആ മകളും സഹോദരിയും ഇപ്പുറത്തും ശൈഖ് അപ്പുറത്തുമായി ഒരു മുറിയില് കിടപ്പ് ആരംഭിക്കും. പിന്നെ വിളക്ക് അണയുന്നു. ശൈഖിന്റെ കാലുകൾ തടവിക്കൊടുത്ത് ബറകത്ത് സമ്പാദിക്കാന് അവരിലാരെങ്കിലും ആഗ്രഹിച്ചാൽ അതിനു തടസ്സമൊന്നുമില്ല. ഇനി അവളിൽ ഒരുത്തിയെ ശൈഖ് ചുംബിക്കുന്നതോ അവളെ തന്റെ കൂടെ കിടത്തുന്നതോ പോലും പ്രശ്നമല്ല; അതിനെ തുടർന്ന് എന്ത് സംഭവിക്കുന്നു എന്നത് അജ്ഞാതം!

വലിയ ശൈഖ് തന്റെ മുരീദ്മാരിലൊരാളുടെ അടുത്ത് പോയാൽ മറ്റു മുരീദ്മാർ കുട്ടി ശൈഖന്മാരെ സമീപിക്കുകയായി. തങ്ങൾക്ക് കൂടെ പാർക്കാന് ഒരു വനിതയെ സഹോദരിയാക്കി തരണം എന്ന ആവശ്യവുമായി. അപ്പോൾ അവിടെയുള്ള സ്ത്രീകളെയെല്ലാം അസി ശൈഖ് ഒരുമിച്ചു കൂട്ടുന്നു. എന്നിട്ട് ഓരോരുത്തർക്കും ആവശ്യമുള്ളവരെ ഓഹരി വെക്കുന്നു. കളവു പറയുന്നവൻ എന്ന് സംശയിക്കാന് വകയില്ലാത്ത ഒരു 'ബന്ധപ്പെട്ടയാള്' എന്നോട് പറഞ്ഞതാണിത്.

തീറ്റപ്പണ്ടാരം സഅദ് നെ പരിചയപ്പെടുത്താം. (ഊത്തപ്പഴം സൂക്ഷിക്കുന്ന പാത്രങ്ങളുടെ സമീപത്ത് അയാള് ഒരിക്കല് എത്തി. അതപ്പാടെ ഇപ്പം അകത്താക്കുമെന്ന് അയാള് പറഞ്ഞു. അങ്ങനെ വന്ന

പേരാണ് അക്കാൽ= തീറ്റപ്പണ്ടാരം)അയാൾ ചെറുപ്പമായിരിക്കുമ്പോള് അഹ്മദുൽ കബീർ രിഫാഈ തങ്ങളുടെ ഖാദിം ആയിരുന്ന ഒരാളുടെ കെട്ടിപ്പിടുത്തത്തിലാണ് ഉറങ്ങാറുണ്ടായിരുന്നത്. ഇയാൾഇക്കഥ പറയുന്നത് അഭിമാനപൂർവ്വമാണ്! അദ്ദേഹം ഒരു രാത്രി എന്നോട് പറഞ്ഞത് കളവല്ലെങ്കില്, (അല്ലാഹു എല്ലാം അറിയുന്നു,)സൂഫി ഗുരുവായിരുന്ന ശൈഖ് നജ്മുദ്ദീനാണ് പ്രപഞ്ചത്തിലെ കാര്യങ്ങളെല്ലാം ഇപ്പോൾ നിയന്ത്രിക്കുന്നതെന്നും അദ്ദേഹം മരിക്കാതെ ജീവിക്കുന്നുണ്ടെന്നും , അദ്ദേഹം മരിച്ചാൽ ഇവിടെ ഒരുകാര്യവും നടക്കില്ലായെന്നും വിശ്വസിക്കുന്നയാളാണ് ഈ സഅദ്. ഇയാള് ഇങ്ങനെ പറയുന്നത് ഞാൻ ചെവികൊണ്ട് കേട്ടതാണ്. റാഫിദികളുടെ വിശ്വാസപ്രകാരം ദീർഘ ഒളിവില് കഴിയുന്ന 'പ്രതീക്ഷിക്കപ്പെടുന്ന' ഒരാൾ ഉണ്ടല്ലോ, അതുപോലെ ശൈഖ് നജ്മുദ്ദീൻ മറഞ്ഞിരിക്കുകയാണ് എന്നത്രേ അയാളുടെ വാദം. ശൈഖ് നജ്മുദ്ദീൻ എല്ലാം നിയന്ത്രിക്കുന്ന ഈ ലോകത്ത്, പിന്നെ ആ വലിയ മനുഷ്യന്റെ കൂടെ കിടന്നത് എങ്ങനെ ഹറാം ആകും എന്നാണ് അയാളുടെ ശങ്ക. അവർക്കിടയിലെ നല്ലവനും ദുർമ്മാർഗ്ഗിയും ഇതൊക്കെ സ്ഥിരമായി ചെയ്തുവരുന്നതാണ് പോൽ! കൂട്ടത്തിൽ വല്ല സൂക്ഷ്മ ഭക്തന് ഇതില് നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുന്നെങ്കില് അത്, സംഗതി ഹറാം ആകുന്നു എന്ന നിലക്കല്ല, വേണ്ട എന്ന് വെച്ചിട്ടാണ്.

ഞാൻ ഇവിടെ വിവരിച്ചത്, പരാമൃഷ്ട ത്വരീഖത്തിലെ ഉന്നതരും ഉത്തമരുമായ ആളുകളുടെ കഥയാണ്. അവർക്കിടയിലെ ദുർമ്മാർഗ്ഗികളുടെ സ്ഥിതി എന്തായിരിക്കും എന്ന് ഊഹിക്കാമല്ലോ. ഒരുത്തൻ പറയുന്നത് ഞാന് കേട്ടിട്ടുണ്ട്: "പെട്ടി ശുദ്ധമാണെങ്കിൽ (പെട്ടിയെന്നാല് ഉദ്ദേശിക്കുന്നത് മനസ്സ്) അത് ചായുന്നത് ബുദ്ധിമുട്ടുണ്ടാക്കില്ല. സുറുമക്കുപ്പിയില് ആണെങ്കില് പോലും..?!!(അവ്യക്തം) ഇതയാള് പറയുന്നത് തമാശയായിട്ടാണ്. അയാൾ സർവ്വ കാര്യവും നിസ്സാരമായി കാണുന്ന പ്രകൃതക്കാരനായിരുന്നു. ഇതുപോലുള്ള ആളുകളുടെ കയ്യില് വല്ല ബാലനോ സ്ത്രീയോ ചെന്നെത്തുന്നതെങ്കില് അയാള് എന്തും ചെയ്യുമെന്ന കാര്യത്തിൽ എനിക്കൊട്ടും ശങ്കയില്ല.

എത്രയെത്ര സ്ത്രീകളെയാണ് അവർ നശിപ്പിച്ചത്! ചിലപ്പോഴെല്ലാം സ്ത്രീകള് ഗർഭിണികള് ആയിട്ടുണ്ട്. അങ്ങനെ ഒരുത്തിയെ ഞാൻ കണ്ടിട്ടുണ്ട്. എത്രയെത്ര ബാലന്മാരെയാണ് ഇവര് കേടുവരുത്തിയത്.

ദാരിദ്ര്യത്തിന്റെ മഹത്വം പറഞ്ഞുകൊടുത്ത് നിഷ്കളങ്കരായ മാതാപിതാക്കളില്‍ നിന്നും അവരുടെ ആണ്‍കുട്ടികളെ ഇവര്‍ പൊക്കും. എന്നിട്ട് തങ്ങളുടെ മക്കളായി അവതരിപ്പിക്കും. ശാമില്‍ ഇത് വ്യാപകമാണ്. രാത്രി മുഴുവന് അവരെ കെട്ടിപ്പിടിച്ചു കിടക്കും. സൂഫി സംഗമവും ഒന്നിച്ചുള്ള ഈ ജീവിതവും പകലന്തിയോളം ചെയ്യുന്ന നൃത്തങ്ങളും മഹത്തായ പുണ്യങ്ങളായി കുട്ടികളെ ധരിപ്പിക്കും. ചിലര്‍ക്ക് ചില കുട്ടികളോട് പ്രത്യേക അനുരാഗം തോന്നാറുണ്ട്. അതിന്റെ മുഴുവന് പ്രയാസവും അന്ന് രാത്രി കുട്ടി സഹിക്കണം. അന്ന് രാത്രി നടന്നതൊന്നും മനസ്സില് വെക്കരുതെന്ന് അയാള്‍ അവനോട് ഉപദേശിക്കും. അങ്ങനെ ആരുടെയോ കിടക്കയില്‍ നിന്നും എഴുന്നേറ്റ ഉടനെ അവന് ശൈഖിന്റെ സന്നിധിയില്‍ എത്തി, അവിടുത്തെ കൈ മുത്തി നൃത്തം തുടങ്ങുകയായി. നൃത്ത വേദിയില്‍ അവന് ചാടുന്നു, വട്ടം ചുറ്റുന്നു, രാത്രിയിലെ നഷ്ട ദുഖങ്ങളെല്ലാം അവന്റെ മനസ്സില് നിന്നും മാഞ്ഞുപോകുന്നു. ആ സൂഫികള്‍ പറയുമായിരുന്നു: "സമാ ഒരു വലയാണ്". അതേ, നിങ്ങളുടെ ഇരകളെ പിടികൂടുന്ന വല തന്നെയാണ് സമാ. നന്മയില്‍ നിന്നും കൂടുതല് കൂടുതല് വഴിപിഴപ്പിക്കാനുള്ള വല.

അവര്‍ ഞങ്ങളുടെ വീട്ടില് സംഗമിക്കാറുണ്ടായിരുന്നു. പുരുഷന്മാരും സ്ത്രീകളും സമ്മിശ്രമായി ഇടകലര്‍ന്നുകൊണ്ട്. പിന്നെ അവര്‍ സമാ നടത്തും. അതില്‍ അവര്‍ക്ക് ഹാല് പിടികൂടും. അപ്പോള്‍ പുരുഷന്മാര് അവരണിഞ്ഞ വസ്ത്രങ്ങളെല്ലാം ഊരി എറിയും. അവരുടെ സ്വകാര്യ സ്ഥലങ്ങളെല്ലാം പരസ്യമാകും. അപ്പോഴാണ് വിളക്ക് അണയുക. അതോടെ ഓരോ ഫഖീറും ഓരോ പെണ്‍ ഫഖീറയെ ആശ്ലേഷിക്കും. നേരം പുലരുവോളം. എന്തെല്ലാം സംഭവിക്കുന്നു എന്ന് അല്ലാഹുവിനറിയാം. താര്‍ത്താരികള് ബാഗ്ദാദ് പിടിച്ചെടുക്കുന്നതിന് മുമ്പാണ് ഈ സംഭവം. വിശ്വസ്തനായ ഒരാള്‍ എന്നോട് പറഞ്ഞതാണിക്കാര്യം.

ശൈഖ് നജ്മുദ്ദീന്‍ അല് അസ്ഫഹാനി (അവരുടെ ബറകത്ത് അല്ലാഹു നമ്മില് പ്രതിഫലിപ്പിക്കട്ടെ) പറയുന്നു: "രണ്ട് സ്വൂഫി സംഘങ്ങള്‍ ഈ ദീന്‍ എത്രമാത്രം നശിപ്പിച്ചുവെന്നോ! രിഫാഈകള്‍ സ്ത്രീകളുടെ കാര്യത്തിലും, ഹരീരികള്‍ ബാലന്മാരുടെ വിഷയത്തിലും". എന്നാല്‍ ഞാന് കൂട്ടിച്ചേര്‍ക്കട്ടെ: ഇത്തിഹാദികള് വിശ്വാസത്തിലും ഇതുപോലെ ദീന് കേടുവരുത്തിയവരാണ്.

യൂനുസികൾ ഇവരുടെ അടുത്തുതന്നെയുണ്ട്. ഇവർ സകലരും വിശുദ്ധ ദീൻ നശിപ്പിച്ചവരുംമലിനമാക്കിയവരും,ദീനിന്റെ പൊരുളുകള് തലകീഴായി മറിച്ചവരും, പരിധികളും വ്യാപ്തിയും ലംഘിച്ചവരും, മതത്തെ പരിഹസിക്കുന്നവരുമാകുന്നു. അവർ ഹറാമുകള് ഹലാലാക്കി, നിയമങ്ങൾ മാറ്റി. പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടവയുടെ പരിശുദ്ധി നശിപ്പിച്ചു.. ഭൂമിയെ അവരിൽ നിന്നും അല്ലാഹു ശുദ്ധമാക്കട്ടെ. അവരുണ്ടാക്കിയ നജസുകളെല്ലാംനാട്ടില് നിന്നും തുടച്ചു നീക്കട്ടെ. അവൻ സർവ്വ ശക്തനാകുന്നു.

താർത്താരികള് മുസ്ലിം സമുദായത്തിനെതിരെ വിജയം വരിച്ചത് ഇത്തരം ദുരാചാരികളുടെ സാന്നിദ്ധ്യം കൊണ്ടായിരിക്കുമെന്ന് ഞാന് വിശ്വസിക്കുന്നു.

അഹ്മദുൽ കബീറിനെപോലുള്ള ആസ്ഥാന ഗുരുക്കന്മാരില് നിന്നും ഉടമ്പടി സ്വീകരിച്ചാണ് ഇവര് ഗമിക്കുന്നത്. നിശ്ചയമായും അവരാണ് ആദ്യമേ ഇത്തരം സംഗീത- സങ്കലന സദസ്സുകള് തുടങ്ങിവെച്ചത്. നോട്ടത്തിലെ നിഷിദ്ധ കാര്യങ്ങള്, കണ്ണുകള് അഴിച്ചു വിടാതെ നിയന്ത്രിക്കൽ, ധ്യാന- ആത്മ വിചാരണ പോലുള്ള കാര്യങ്ങളിലും മറ്റും അവര് സഹവാസികളെ വേണ്ടപോലെ അച്ചടക്കം ശീലിപ്പിച്ചില്ല.അല്ലാഹുവിങ്കൽ നിന്നും അവർക്ക് ആവശ്യത്തിന് അറിവ് ലഭിച്ചിട്ടുണ്ട്. ശരീഅത്ത് നിയമങ്ങൾ ലംഘിക്കരുതെന്ന് ആരും അവർക്ക് പഠിപ്പിക്കേണ്ട ആവശ്യമില്ല. എന്നിട്ടും അവര് വിശുദ്ധ ഖുർആന് പറയണം ചെയ്യുന്നു, അല്ലാഹുവിങ്കൽ നിന്നും യാതൊരു ദഅവത്തും എത്താത്ത ഏതോ നിരക്ഷരൻ പാരായണം ചെയ്യുന്ന ഭാവത്തിൽ. അവർ നബി സ്വ യെ നന്നായി ബഹുമാനിക്കുന്നു, അവിടുന്ന് കൊണ്ടുവന്ന നിയമ സംഹിത എന്താണെന്ന് അറിയാത്തവരുടെ ബഹുമാനം കണക്കെ. അവരുടെ പാരായണം തങ്ങളുടെ തൊണ്ടക്കുഴി വിട്ട് അകത്തേക്കിറങ്ങുന്നില്ല. മേയുന്ന കാലികളെയും വളർത്തു മൃഗങ്ങളെയും പോലെ, അന്ധരും മൂകരുമാണോ ഇവർ! മത നിയമങ്ങളെ അവർ ഒരുപാട് അകലെയായി കാണുന്നു. അവ നിലനിർത്താനും നടപ്പിലാക്കാനും പരിശ്രമിക്കുന്ന ജ്ഞാനികളോട് വിദ്വേഷം കാണിക്കുന്നു. വല്ലാത്ത വിരോധം! അല്ലയോ ബുദ്ധിയുള്ള വായനക്കാരേ, ഈ കൂട്ടർക്കിടയില് വെച്ച് മിഴികള് തുറക്കുകയും ഇത്തരത്തിലുള്ള ഒരിസ്ലാമിനെ

പരിചയപ്പെട്ട് വളരാൻ ഇടയാവുകയും ചെയ്ത ഒരു കുട്ടിയുടെ കാര്യം എന്തായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്?!

എന്നാൽ, അല്ലാഹു എന്നോട് കാണിച്ച മഹാ ഉതവി നിമിത്തം, ചെറുപ്പകാലത്തേ, ഇക്കൂട്ടർ ശരിയല്ലെന്നുള്ള ഒരു ബോധം എന്നിൽ പ്രവർത്തിച്ചിരുന്നു. ഇവർ വാദിക്കുന്നതിനും അപ്പുറത്ത് ഒരു സത്യം ഉണ്ടാകുമെന്ന ഉൾവിളി. ഞാൻ രിസാലത്തുല് ഖുശൈരിയും ഖൂത്തുൽ ഖുലൂബും അക്ഷരം പ്രതി വായിക്കാന് തുടങ്ങി. അതുമൂലം, ഞാൻ പരിചയപ്പെട്ട സ്വൂഫികളുടെ അസത്യാവസ്ഥയെക്കുറിച്ച് ഉറച്ച അറിവ് എനിക്കുണ്ടായി. എന്നാൽ, അത് വെളിപ്പെടുത്താൻ മാർഗ്ഗമില്ലായിരുന്നു. കാരണം, അവർക്കാണ് ആധിപത്യം. അതിനാൽ, ഒട്ടുമേ എന്റെ പ്രതിഷേധം കാണിക്കാന് സാധിച്ചില്ല എന്ന് പറയാം.

ഇസ്സുദ്ദീനില് ഫാറൂസിയെപ്പോലുള്ള വലിയ വലിയ മുഹദ്ദിസുകളായ ജ്ഞാനികൾ പോലും ഇവരുടെ സംഘത്തിലുണ്ടായിരുന്നു. അദ്ദേഹം ഇവരുടെ സമാ സദസ്സിൽ പങ്കെടുക്കാറുണ്ട്. കൗമാര പ്രായത്തിലെത്തിയ കാലത്താണ്, ഞാൻ അദ്ദേഹത്തെ സമീപിച്ചുകൊണ്ട് ചോദിച്ചു: 'നബി സ്വ പറഞ്ഞിരിക്കുന്നല്ലോ, എല്ലാ പുത്തൻ നടപടികളും ബിദ്അത്ത് ആകുന്നു' വെന്ന്. അങ്ങനെയെങ്കിൽ ഈ സംഗീതസദസ്സിന്റെ സ്ഥിതിയെന്താണ്?"എന്റെ ചോദ്യത്തെ കാര്യമായി എടുക്കാതെ മറുപടിയില് നിന്നും അദ്ദേഹം തിരക്കഭിനയിച്ചു ഒഴിഞ്ഞു മാറുകയായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും സൂക്ഷ്മതയുള്ള രീതി മസ്ജിദിൽ വെച്ചുള്ള സംഗീത പരിപാടിയെ ഇഷ്ടപ്പെട്ടില്ല എന്നതാണ്.എന്നാൽ 'ആരോഗ്യകരമായ നയ' മെന്ന നിലയ്ക്കും 'വേണ്ടപ്പെട്ടവരുടെ തിരുകോപം' ഭയന്നും മസ്ജിദുകളിലെ സംഗീത പരിപാടിയിൽ ചിലപ്പോഴെങ്കിലും അദ്ദേഹം പങ്കെടുത്തു. ഞാന് അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഇതാണ് മുഹദ്ദിസുകളായ ജ്ഞാന ഗുരുക്കന്മാരുടെ പോലും സ്ഥിതി. പിന്നെയെങ്ങനെ മുഹമ്മദീയ സത്യം, ഫുർഖാനീ മതം അവർക്കിടയില് അന്തസ്സോടെ നിലനിൽക്കും? അതിന്റെ അസ്ഥിത്വത്തിനും രക്ഷയ്ക്കും വേണ്ടിയുള്ള ശ്രമങ്ങള് പോകട്ടെ, ദീനീ നിയമങ്ങൾ എങ്ങനെ സമൂഹത്തിന് പഠിപ്പിക്കപ്പെടും?!

മരുഭൂ നിവാസികളും കർഷകരുമായ ശൈഖന്മാർക്ക് നഗര വാസികൾ കീഴൊതുങ്ങിയാൽ അവരുടെ ദീന് ഫസാദാവുകയും കാര്യങ്ങൾ കീഴ്മേല് മറിയുകയും ചെയ്യുമെന്ന സംഗതി

സുവിദിതമാണ്. ഗ്രാമീണർ ഔലിയാക്കള് ആണെങ്കില് പോലും. കാരണം, മരുഭൂ വാസികൾക്ക് പക്വതയും അവധാനതയും വികാര സമതുലിതത്വവും കുറവാണെന്ന കാര്യം പരസ്യവും പ്രകടവുമാണ്. മരുഭൂ വാസികൾക്കിടയില് നിന്നും ഒരു പ്രവാചകനെ അല്ലാഹു നിയോഗിച്ചില്ലല്ലോ. നഗരങ്ങളിൽ നിന്നും അകന്നു കഴിയുന്ന ആളുകൾക്കിടയിലും പ്രവാചകര് വന്നില്ല. നഗരവാസികള് ജ്ഞാനികൾക്ക് കീഴ്പ്പെടണം. അപ്പോൾ അവരുടെ അവസ്ഥ മെച്ചപ്പെടും. അവർ എപ്പോള് മരുഭൂ സൂഫികളെ അനുസരിക്കുന്നുവോ അതോടെ അവരുടെ സ്ഥിതി മോശമാകും.

രിഫാഇയ്യാ സംഘത്തിൽ നിന്നും ഇത്തരം ബിദ്അത്തുകള് താഴ്വരയിലെ സകല സൂഫി സംഘങ്ങളിലേക്കും അവരുടെ ശൈഖന്മാരിലേക്കും താമസിയാതെ ഒഴുകി. സ്ത്രീകളെയും കോമള കുമാരന്മാരേയും സഹോദരന്മാരും സഹവാസ ഇണകളും ആക്കുന്ന പരിപാടിയും, പാമ്പുകളെക്കൊണ്ട് കളിക്കുന്നതും, തീയിൽ ഇറങ്ങുന്നതും മറ്റു വേണ്ടാതീനങ്ങളുമെല്ലാം. ഞങ്ങൾക്കിടയില് കണ്ടുവന്ന വഫാഇയ്യ വിഭാഗമാണ് അഗ്നികുണ്ഡത്തിൽ ഇറങ്ങുന്ന അഭ്യാസം കാണിച്ചിരുന്ന മറ്റൊരു സംഘം. പിന്നെ ബദ്രിയ്യ സംഘത്തിനിടയിലും കുണ്ടന്മാരുടെ ഏർപ്പാട് കാണാമായിരുന്നു. ഇബ്നു ഹലൂബായുടെ സഹവാസികളായിരുന്ന ഹലൂബിയ്യാ സംഘമായിരുന്നു കുറെയേറെ മെച്ചപ്പെട്ട സൂഫി സംഘം. അവരില് കുറച്ചെങ്കിലും ദീനീ നിഷ്ഠ കാണുമായിരുന്നു. പക്ഷേ, രിഫാഇയ്യ സംഘം ജനങ്ങൾക്കിടയില് വ്യാപിച്ചതോടെ ഹലൂബിയ്യ ഇല്ലാതായി. **പരിശീലിതരായ അനുയായികൾക്കിടയിലും പൊതു ജനങ്ങൾക്കിടയിലും ഒരുപോലെ പാട്ടു കച്ചേരി നടത്തിയും, നേതാക്കളോടൊപ്പം മട്ടുപ്പാവിൽ കേളികളിൽ ഏർപ്പെടുവാന് സ്ത്രീകളെ ഏർപ്പാട് ചെയ്തും രിഫാഇയ്യാ സംഘം പടർന്നു പിടിച്ചു.** അങ്ങനെ രിഫാഊകൾ ആളുകളെ ബാധിച്ച ചൊറി പോലെയായി. അവരുടെ അന്ധകാരങ്ങളിൽ നിന്നും ജനം കോരിയെടുത്തു. അവർ എങ്ങും വാണു. ഈ വക ഇരുട്ടുകൾ വാഴുമ്പോൾ ദീന് എങ്ങനെ നിലനിൽക്കും?!

ശാഫി ഫുഖഹാക്കളുടെ സന്നിധിയില്

മതപരമായ അറിവ് ആഴത്തിൽ ആർജ്ജിക്കാന് വേണ്ടി രിഫാഇയ്യാ സംഘത്തിൽ നിന്നും ഞാന് ശാഫിഈ കർമ്മ

വിശാരദന്മാരുടെ സന്നിധിയിലേക്ക് നീങ്ങി. അങ്ങനെ ആദ്യ സംഘത്തേക്കാൾ ഉത്തമരായ പുതിയൊരു സംഘത്തില് ഞാന് എത്തിപ്പെട്ടു. ഇവർക്ക് ഹലാലും ഹറാമും അറിയാം. മതത്തിന്റെ പരിധികളും അതിരുകളും വിധി വിലക്കുകളും അറിയാം. പാടുള്ളതും ഇല്ലാത്തതുമായ സംഗതികൾ, പ്രതിഫലം ലഭിക്കുന്നതും ശിക്ഷയ്ക്ക് പാത്രമാകുന്നതുമായ കാര്യങ്ങൾ വകതിരിച്ച് ഇക്കൂട്ടർക്ക് വശമുണ്ട്. അത് സംബന്ധമായ വിശ്വാസവും അവർ കാത്തുസൂക്ഷിക്കുന്നു. ഇരുട്ടുകൾ വ്യാപിച്ച ആ ഭൂമികയില്, വിശേഷിച്ചും ഇത്തരം സംഗതികൾ പാലിക്കാതെ കർമ്മരംഗം ധർമ്മ ശൂന്യമായ നാട്ടില്,ഈ വക അറിവുകൾ സന്മാർഗ്ഗം പ്രസരിക്കുന്ന വെളിച്ചം തന്നെയാണ്.

എന്നാൽ, ആ ജ്ഞാനികളുടെ പക്കൽ കർമ്മ ശാസ്ത്രം അല്ലാതെ മറ്റൊന്നും ഇല്ലായിരുന്നു. ചിലർ ഉസ്വൂലുല് ഫിഖ്ഹില് ഏർപ്പെടുന്നു. ഇബ്നുൽ ഖത്തീബ് രചിച്ച ഇസ്തിലാഹ് തികഞ്ഞ ആദര ബഹുമാനങ്ങളോടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹമാണ് ഇമാമുൽ അഅ്ളം എന്നാണു തീർപ്പ്. മതത്തിന്റെ നടുവിലെ തൂൺ! അദ്ദേഹത്തിന്റെ നാമം പറയപ്പെട്ടാല് 'റളിയല്ലാഹു; നീട്ടിചൊല്ലും. മസ്അല സംബന്ധമായ തർക്കങ്ങളെ കുറിച്ചുള്ള, ജ്ഞാനികൾ തമ്മിലുള്ള ഭിന്ന വീക്ഷണങ്ങള് ചൊല്ലിയുള്ള വാഗ്വാദ ജ്ഞാനമാണ് കൂടുതലായും അവർക്ക് വഴക്കം. 'തന്ബീഹി'ലെയും 'മുഹദ്ദബി'ലെയും വജീസിലെയും വസ്വീത്വിലെയും ശറഹുൽ വജീസിലെയും ഹാവിയിലെയും ലുബാബിലെയും അബ്ദുല് ഗഫാര് എഴുതിയ ഉജാബിലെയും റാഫിഈ യുടെ മുഹർററിലെയും മസ്അലകളാണ് അവരുടെ ഹൃദയം നിറയെ.

ഉസ്വൂലുസ്സുന്ന സംബന്ധമായ ജ്ഞാന വ്യവഹാരം അവർക്കിടയില് കാണുകയില്ല. ഹദീസ് സംബന്ധമായ അടിസ്ഥാന തത്വങ്ങളും നിയമങ്ങളും അതിന്റെ വാഹക സംഘത്തെ കുറിച്ചുള്ള അറിവുകളും, സ്വഹീഹും അല്ലാത്തതും വകതിരിച്ചറിയുന്ന കലകളോ അവിടെ കണ്ടില്ല. നബിചര്യ അടിസ്ഥാനമാക്കി അല്ലാഹുവുമായി എങ്ങനെ ദാസ്യത്വത്തില് ഏർപ്പെടാം എന്ന അറിവ് അശേഷം ഇല്ല. സ്വഹാബത്തിന്റെയും സുഫ്യാനുമാര്, ഹമ്മാദ് മാർ, ഇബ്നുൽ മുബാറക്, അഹ്മദ്, ഇസ്ഹാഖ് തുടങ്ങിയ സലഫുകളുടെയും മാർഗ്ഗത്തില് ഊന്നിയുള്ള വിശ്വാസ അടിസ്ഥാനങ്ങള് സംബന്ധമായ അറിവും അവിടെ കൈമാറ്റം ചെയ്യപ്പെടുന്നില്ല. അവിടെ യുക്തിയും

ബുദ്ധിയും ഉപയോഗിക്കുന്ന മുതകല്ലിമുകളുടെ തത്വങ്ങള് വെച്ചുള്ള വിശ്വാസ അടിസ്ഥാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. അക്കൂട്ടത്തിലെ സൂക്ഷ്മതയും സദാചാര നിഷ്ഠയുമുള്ള ജ്ഞാനികൾ (സ്വിഫാത്ത് സംബന്ധമായ) വിശ്വാസകാര്യങ്ങളിൽ ഊളിയിടാതെ മൗനം പാലിക്കുന്നു. അവയെല്ലാം അല്ലാഹു ഉദ്ദേശിക്കുന്നതുപോലെ എന്ന് പറഞ്ഞ് തടികാക്കുന്നു. അത്തരം വിശ്വാസകാര്യങ്ങൾ മൊത്തമായി വിശ്വസിക്കുകയാണ് അവരുടെ രീതി. വിശദാംശങ്ങളിലേക്കില്ല. അതിനുമാത്രം ആർദ്രതയുള്ള പ്രകൃതമല്ല അവരുടേത്. **അല്ലാഹുവിനോടുള്ള മഹബ്ബത്തിന്റെ ശീതള മാരുതന് അവരുടെ അകത്ത് ഒട്ടും വീശുന്നില്ല. അല്ലാഹുവിനോടുള്ള ഭയവും ബഹുമാനവും അഭിനിവേശവും അവരിൽ പ്രകടമല്ല.** വിനീതദാസ്യത്വത്തിന്റെ വാസന ഒട്ടും അനുഭവപ്പെടില്ല. നാഥനുമായുള്ള ഇടപാടിൽ സത്യസന്ധതയോ നിഷ്കളങ്കതയോ കാണില്ല. നല്ല ഉദ്ദേശ്യത്തോടെയും തുറന്ന മനസ്സോടെയും നന്മയിലേക്ക് ധൃതിപ്പെടുന്ന ആവേശം തീരെയില്ല. നേതൃത്വവും വരുമാനവും ആഗ്രഹിച്ചുള്ള കടിപിടികൂടല് എങ്ങും പ്രകടം. സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള ഗുസ്തി. തന്റെ മുകളില് മറ്റൊരാൾ അവരോധിതനാകുന്ന വേദന സഹിച്ചുള്ള പോക്ക്. അന്നപാനീയങ്ങൾ അകത്തേക്കിറങ്ങാതെ ചങ്കില് കെട്ടിനിൽക്കത്തക്ക വിധം ഉള്ളു നിറയെ സ്വാർത്ഥ ചിന്തകള്. എഷണി പരദൂഷണങ്ങൾക്ക് അത് വഴിവെക്കുന്നു. **ചുരുക്കത്തിൽ അവര് കർമ്മ ശാസ്ത്രത്തിന്റെയും നിയമ ജ്ഞാനത്തിന്റെയും വിവാദ വിഷയങ്ങളുടെയും വലിയ വീപ്പകളാണ്; അല്ലാതെ മറ്റൊന്നും ഇല്ല.**

ഭരണാധികാരികളുടെ ഭാഗത്തുനിന്നും വല്ല വിധിയും വന്നാൽ, 'പ്രാമാണിക വരികള്' കിതാബുകളിൽ നിന്നും ഉദ്ധരിച്ച് ആ വിധിയെ സാധൂകരിച്ച് തൃപ്തിയടയുകയാണ് അവരുടെ വഴി. തിരുചര്യയില് പ്രസ്തുത പ്രശ്നത്തെ എങ്ങനെ സമീപിക്കുന്നു എന്നൊന്നും പരിശോധിക്കില്ല. വല്ല ശാറിഹിന്റെയോ അതല്ലെങ്കില് മൂലഗ്രന്ഥകാരന്റെയോ വരികള് കണ്ടുമുട്ടിയാൽ, അന്വേഷണം അവിടെ നിലച്ചു; മുന്നോട്ടില്ല. ഇങ്ങനെയൊക്കെ ആണേലും അല്ലാഹുവാണ അവരിൽ നിന്നും ഞാന് വിധിവിലക്കുകള് കൃത്യമായി പഠിച്ചുവെന്നത് എടുത്തു പറയേണ്ട കാര്യമാണ്. അത്ഭുതമെന്ന് പറയാം, എന്റെ ആ പഴയ ആളുകളില് വിശ്വസിക്കുന്ന ചിലരെയെങ്കിലും വിധി വിലക്കുകള് പഠിപ്പിക്കുന്ന ഇക്കൂട്ടരിലും ഞാൻ കാണുകയുണ്ടായി. ത്വരീഖത്ത് പിഴച്ചതാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവരെ സന്ദർശിക്കുന്ന ചിലരെ. ജനങ്ങളുടെ

വഴികേട് പരിഹരിക്കാന് സാധിക്കുന്ന 'മുഹമ്മദീയ പ്രഭ' ഇവരുടെ സമക്ഷം ഇല്ലെന്ന് അതില് നിന്നും തെളിഞ്ഞു.കൂട്ടിൽ അടയ്ക്കപ്പെട്ട പക്ഷിയെപ്പോലെ അവരുടെ ഇടയിൽ കുറച്ചു വർഷങ്ങള് ഞാന് ജീവിക്കുകയുണ്ടായി. **എനിക്ക് ശുദ്ധവായു ശ്വസിക്കാൻ കഴിഞ്ഞത് സൂഫികളുടെ കിതാബുകളിൽ നിന്ന് മാത്രമാണ്.**

ബാഗ്ദാദിലെ മുത്വവ്വമാരോടൊപ്പം

പിന്നീട് ഞാൻ അവിടെ നിന്നും നീങ്ങി. സർക്കാര് ജീവനക്കാരായ ബാഗ്ദാദിലെ ആത്മീയ നേതൃത്വങ്ങളുമായും (മുത്വവ്വമാർ) അവിടത്തെ സൂഫികളുമായും കുറച്ചുകാലം സഹവസിച്ചു. എന്റെ അനുഭവത്തിലുള്ള പഴയ രണ്ടു വിഭാഗങ്ങളെക്കാള് ആയിരം തട്ട് ഉത്തമരായിരുന്നു ഇവര്. ഹറാമിനെ വർജ്ജിക്കുന്നു, ഹലാൽ ഹലാലായി കാണുന്നു. ഫുഖഹാക്കളുടെ മദ്ഹബ് തന്നെയാണ് അവർ മുഖ്യമായും മുറുകെ പിടിക്കുന്നത്. എന്നാൽ, അവർ നാടോടികളായിരുന്നില്ല (സഞ്ചാരം സ്വൂഫികളുടെ പൊതു സ്വഭാവമാണല്ലോ!). കണ്ടം വെച്ച വസ്ത്രം ധരിക്കുന്നവരോ മുഷിഞ്ഞ മേൽക്കുപ്പായം ശീലിച്ചവരോ അല്ലായിരുന്നു. രുചിയേറിയ മികച്ച ഭക്ഷണവും സുന്ദര പുടവകളും സമ്പന്ന സദസ്സുകളും ധനികരുമായുള്ള അമിത സമ്പർക്കവും അവരോടുള്ള പരിധിവിട്ട വിനയപ്രകടനങ്ങളും കളി തമാശകളും കൂട്ടുകെട്ടുമെല്ലാമായിരുന്നു ഇവരുടെ സവിശേഷത.

പകലിൽ ഇവരുടെ മുഖ്യ ചർച്ച 'അടിപൊളി'യായി ജീവിക്കുന്നതിനെ കുറിച്ചായിരുന്നു. ഗീതങ്ങളും പദ്യങ്ങളും ആസ്വാദ്യകരമാക്കുന്നതു സംബന്ധമായിരുന്നു. തീർത്തും താളാത്മകമായ ചലനം വഴി വളരെ ആസ്വാദ്യകരമായിരുന്നു അവരുടെ നൃത്തം. ഒരുകാൽ ഉയർത്തുന്നു, മറ്റേത് നിലത്ത് ചവിട്ടുന്നു. ചാഞ്ഞും ചെരിഞ്ഞും കുനിഞ്ഞും വലിഞ്ഞുമുള്ള നീക്കങ്ങൾ. എന്നാൽ, അവരുടെ മനസ്സുകളിൽ ആരാധന വൈവിധ്യങ്ങളുടെ രുചി ഭേദങ്ങൾ ഒട്ടും ഇല്ലായിരുന്നു; ദാസ്യത്വ വിനയ ഭാവങ്ങള് കാണപ്പെട്ടില്ല. വിശേഷിച്ചും, ദൈവ ഭയം, ദിവ്യപ്രേമ തീക്ഷ്ണത, സദുദ്ദേശ്യം പൂർവ്വമുള്ള ഇബാദത്ത് വാസന തുടങ്ങിയവ ഉണ്ടായിരുന്നില്ല. പ്രാർഥനയുടെ സുഗന്ധ മാരുതന് അവിടെ അനുഭവപ്പെട്ടില്ല. **ദൈവത്തിലേക്കുള്ള യാത്ര സന്നദ്ധത (സൈർ),**

അതിന് ഒരു വഴി തെരഞ്ഞെടുത്ത് അതിൽ പ്രവേശിക്കല് (സുലൂക്), ആ വഴിക്ക് യാത്ര ചെയ്തു ദൈവവുമായി സംഗമിക്കൽ (വുസ്വൂൽ), യാത്രയിലെ പ്രതിസന്ധികളെ മറികടക്കുന്ന വിദ്യകൾ, യാത്രയ്ക്കിടയിൽ തെളിയുന്ന ഉദയ കിരണങ്ങളും മിന്നല് വെട്ടങ്ങളും തെളിഞ്ഞ ജ്വാലകളും അടങ്ങുന്ന അനുഭൂതി വൈവിധ്യങ്ങൾ തുടങ്ങിയ ആദ്ധ്യാത്മിക രീതികളൊന്നും അവിടെ കേട്ടില്ല. ഭയ ഭക്തി മൂലം പ്രകടമാകുന്ന മുഖത്തെ വാട്ടമോ /ശരീരത്തിലെ ക്ഷീണമോ അവരിൽ കണ്ടേയില്ല. സ്നേഹം ഒട്ടുമില്ല. സംഗീത സദസ്സിനോടായിരുന്നു സർവ്വത്ര സ്നേഹവും ഭക്തിയും. അവിടെ പലപ്പോഴും അവർ പരിക്ഷീണരും ഭക്തരും ആകാറുണ്ട്. സമാ സദസ്സ് വിട്ടാൽ അവർ വീണ്ടും ശാരീരിക ശീലങ്ങളിലേക്ക്, തൊഴിൽ പരമായ കാര്യങ്ങളിലേക്ക് മടങ്ങുകയായി.

അവർ പരസ്പര ഇണക്കമുള്ളവരും ഒത്തൊരുമയുള്ളവരും ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നവരും കാരുണ്യ മനസ്കരും ആയിരുന്നു. മറ്റുള്ളവരുടെ ക്ഷേമം മാനിച്ചു സ്വാർത്ഥത കൈവെടിയുന്ന നല്ല മനസ്സായിരുന്നു അവർക്ക്. സദ്സ്വഭാവവും ക്ഷേമ ജീവിതവും മതത്തിന്റെ ബാഹ്യ ചിഹ്നങ്ങള് കൃത്യമായി പ്രകടിപ്പിക്കുന്നതുമെല്ലാം അവരുടെ മുഖ്യ അടയാളം തന്നെയായിരുന്നു. രാത്രിയിൽ പതിവ് ദിക്ർ ദുആകളില് (വിര്ദ്) ഏർപ്പെടുന്നവരും വ്രതവും ഹജ്ജും മുറിയാതെ പതിവാക്കുന്നവരും അവർക്കിടയില് കാണാം. **അവരുടെ ഒരു മുഖ്യ ആത്മീയ പരിശീലനം (മുജാഹദ) മക്കയിൽ പാർക്കുക എന്നതായിരുന്നു. ഒരാൾ ഒരു വർഷം മക്കത്ത് പാർത്താല് അയാളുടെ ദൈവാന്വേഷണ യാത്ര പൂർത്തിയായി എന്നാണവര് കണക്കാക്കിയത്.**

ചടങ്ങുകൾ/ ആചാരങ്ങൾ ധാരാളമായി നിലനിർത്തിയിരുന്നെങ്കിലും ആത്മീയതലം സത്യപ്പൊരുളുകളില് നിന്നും മറഞ്ഞു കിടന്നു. അവർക്കിടയില് ഒരു നിരൂപകനെയോ ഒരു അന്വേഷിയേയോ എനിക്ക് കാണാനായില്ല. അല്ലാഹുവിലേക്ക് ചെന്നെത്തുന്നതിൽ സായൂജ്യം കാണിച്ചുകൊടുക്കുന്ന ഒരാളെയും കാണാൻ കഴിഞ്ഞില്ല. അതെല്ലാം മൃതിയടഞ്ഞ ഒരു കല പോലെ. ദുരിതം കാരണം ഹൃദയം തകർന്നവർക്ക് നേരെ സഹായ ഹസ്തം നീട്ടുന്നവർ, ആതിഥ്യം നൽകി സഹോദരങ്ങളെ ആദരിക്കുന്നവർ, സംഗീത സദസ്സ് സംഘടിപ്പിച്ചു മാനസങ്ങളെ കീഴടക്കുന്നവര് … ഇവരെല്ലാമായിരുന്നു അവർക്കിടയിലെ സ്വൂഫികൾ. **ഇതാണ് അവരുടെ ഏറ്റവും മുന്തിയ ആത്മീയ അവസ്ഥ. കാര്യം അവിടെ അവസാനിച്ചു.**

ഇവർ ആത്മീയ ഗുരുക്കന്മാരെ ബഹുമാനിക്കുന്നവരാണ്., രിഫാഇയ്യക്കാരെ പോലെ പരിധി വിടാറില്ല. എന്നാലും അതിന്റെ ചില ശാഖകൾ പ്രകടമായിരുന്നു. മരുഭൂമിയിൽ അടക്കം ചെയ്യപ്പെട്ട ഇബ്നു ഇദ്രീസ് എന്ന മഹാനരുടെ ഖുബ്ബയുടെ അരികിലെത്തിയാൽ ഇവരും തലപ്പാവ് അഴിച്ചു വെക്കാറുണ്ട്. അല്ലെങ്കിൽ ജാറത്തിന്റെ ഉമ്മറപ്പടിയിൽ ചുംബിക്കും. യുവ പ്രായത്തിലായിരിക്കുമ്പോൾ, ഞാനും അവരോടൊപ്പം അതെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ, മുന്നേ പരാമർശിച്ച സ്വകാര്യ വ്യത്തികേടുകളില് ഇവര് ആപതിച്ചിട്ടില്ലായിരുന്നു. കൂട്ടത്തിൽ വല്ലവരും കോമള കുമാരന്മാരോട് പ്രേമ പരവശനായാല് പോലും അനുവാദമില്ലാത്ത തെറ്റായ സംഗതിയാണെന്ന ബോധ്യം അയാൾക്കുണ്ടായിരുന്നു. **ഇബാദത്തിൽ നിരതനാകുന്ന, സൂക്ഷ്മ ജീവിതം നയിക്കുന്ന, തങ്ങളുടെ ചെയ്തികളെ ശരിവെക്കാത്ത , സമാഇൽ പങ്കെടുക്കാത്ത, അതിൽ താല്പര്യം കാണിക്കാത്ത ആരെയെങ്കിലും അവര് കണ്ടാല് അവർ പറയും: "ഇയാളൊരു ഉണക്കൻ! പരുക്കൻ!!"**

ഞാൻ അവരുമായി ഇടപഴകി ജീവിച്ചുവെങ്കിലും അവരുടെ അവസ്ഥ എന്നിൽ കൗതുകമുണർത്തിയില്ല. എന്റെ ഉള്ളില് ഞാന് തിരിച്ചറിഞ്ഞു: "സംഗതി ഇത്ക്കും മേലെയാണ്". **ഇപ്പോഴും സ്വൂഫി കിതാബുകളിൽ നിന്നല്ലാതെ എനിക്ക് ഓക്സിജന് ലഭിച്ചില്ല.**

ശാദുലി സഹോദരന്മാരോടൊപ്പം

അല്ലാഹു എന്റെ മനസ്സില് അവനെകുറിച്ചുള്ള ജ്ഞാനവും അവനിലേക്ക് അടുക്കാനുള്ള താൽപര്യവും ഇട്ടുതന്നു. എന്റെ മനസ്സ് അതിനായി ഉഴലാൻ തുടങ്ങി. എന്റെ മനസ്സിന് യഥാർത്ഥത്തില് എന്താണ് സംഭവിച്ചതെന്ന് അപ്പോൾ എനിക്കറിയില്ലായിരുന്നു. ഞാൻ തിരയുന്ന കാര്യത്തെ കാണിച്ചുതരാൻ, എന്റെ അസുഖത്തിന് പരിഹാരം നിർദ്ദേശിക്കാൻ, എനിക്ക് സംഭവിച്ച അലച്ചിൽ സത്യത്തിൽ എന്താണെന്ന് ബോധ്യപ്പെടുത്തിത്തരാന് പ്രാപ്തനായ ഒരാളെയും ഞാൻ കണ്ടില്ല. ഒരുറച്ച തീരുമാനത്തിലെത്താൻ കഴിയാതെ ഞാൻ കുറച്ചു ദിവസങ്ങള് പരിഭ്രാന്തനായി അലഞ്ഞു നടന്നു. ഞാൻ സഹവസിക്കുകയും ഇടപഴകുകയും ചെയ്ത എല്ലാ ജ്ഞാന- ആത്മീയ വിഭാഗങ്ങളോടും നെഞ്ചില് കടുത്ത നീരസം രൂപപ്പെട്ടു.

വർഷം ഹിജ്റ 683 ഓ അതിനടുത്തോ ആയിരിക്കുന്നു. ഞാൻ ബാഗ്ദാദിൽ നിന്നും ശാം, മിസ്ര് ലക്ഷ്യമാക്കി നാടുവിട്ടു. അവിടെയും നേരത്തെ വിവരിച്ച മാതിരിയുള്ള ഫുഖഹാക്കള്, ഫഖീറുകൾ, മുതവ്വമാർ തുടങ്ങിയ പല സംഘങ്ങളെയും കാണുകയുണ്ടായി. എല്ലാം സമാസമമായിരുന്നു, അവിടെക്കണ്ടതും ഇവിടെ കാണുന്നതും.

ഇവിടെ മറ്റൊരു വിഭാഗത്തെ പരിചയപ്പെടുകയുണ്ടായി. കാഴ്ചയ്ക്ക് നല്ല വേഷം. ആരാധനാ നിമഗ്നര്. വർഷം മുഴുവൻ നീണ്ട വ്രതവും ഇബാദത്തുകളും ജീവിത രീതിയായി കൊണ്ട് നടക്കുന്നവർ. എന്താണ് ദീൻ ആവശ്യപ്പെടുന്നതെന്നോ അടിമയുടെ തേട്ടം എന്തായിരിക്കണമെന്നോ യാതൊരു അവബോധവും ഇല്ലാത്തവര്. ദൈവത്തിലേക്കുള്ള യാത്രാരീതിയെ കുറിച്ചും അതിനുള്ള വഴികളെ കുറിച്ചും ഒട്ടും തിരിച്ചറിവ് നേടാത്തവര്. തനിച്ച ആരാധകർ. അല്ലെങ്കിൽ വെറും ഫഖീഹ്. അതുമല്ലെങ്കിൽ തികഞ്ഞ തൊഴിലാളി. **ആരെയാണോ ദാസൻ അന്വേഷിക്കേണ്ടത്, അവിടേക്ക് വഴി കാണിച്ചു തരുന്ന, അടയാളങ്ങള് പറഞ്ഞു തരുന്ന ഒരാളെയും ഞാന് കണ്ടില്ല.** അങ്ങനെയിരിക്കേ, അല്ലാഹു എന്നെ കനിഞ്ഞു. ഇസ്കന്ദരിയ്യ യില് വെച്ചു ഒരു ആത്മീയ സംഘവുമായി ഞാൻ സന്ധിച്ചു. അവർ എന്റെ ഉദ്ദേശ്യവും ഞാന് തിരയുന്ന സംഗതിയും തിരിച്ചറിഞ്ഞു.ഞാൻ അവരുമായി ഒരു പരിധിവരെ സമ്പർക്കം പുലർത്തി.

അവരുടെ പക്കൽ ശരിയായ എന്തൊക്കെയോ ഉണ്ടെന്ന് എന്റെ മനസ്സ് സ്ഥിരീകരിച്ചു. അല്ലാഹുവിന്റെ പരിശുദ്ധ സത്ത (ദാത്ത്), അവന്റെ വിശിഷ്ടവും സുന്ദരവുമായ വിശേഷണങ്ങള് (സ്വിഫത്ത്) എന്നിവയെ സംബന്ധിച്ചും അല്ലാഹുവിന്നുള്ള ദാസ്യ വൃത്തിയെ കുറിച്ചും ആഴമുള്ള അറിവുകളിലേക്ക് നയിക്കുന്നതായി ഞാന് അവരെ കാണുകയുണ്ടായി. എതൊരു വഴി അവലംബിച്ചാൽ ആ വക മഅരിഫത്ത് ആര്ജ്ജിക്കാമെന്നവര് വഴികാണിക്കുന്നു. അല്ലാഹുവിനോടുള്ള മഹബ്ബത്ത് എങ്ങനെ നേടാം, പരിപാലിക്കാം, അവന്റെ വിധിവിലക്കുകള് അനുസരിക്കാനുള്ള ആവേശം എങ്ങനെ ഉണ്ടാകും എന്നിത്യാദി സംഗതികള് അവര് ചർച്ച ചെയ്തു. അല്ലാഹുവിന്റെ വിധിയിലും നടപടി ക്രമങ്ങളിലും സംപ്രീതി കാത്തുസൂക്ഷിക്കാൻ , മനക്കരുത്തുകൊണ്ട് അവനിലേക്ക് ആകൃഷ്ടനാകാൻ സാധിക്കുന്ന മാർഗ്ഗങ്ങളും അവിടെ നിർദ്ദേശിക്കപ്പെട്ടു.

അല്ലാഹുവിന്റെ സ്നേഹത്തിനും പ്രത്യേക തെരഞ്ഞെടുപ്പിനും അവന്റെ സവിശേഷ ദാസന്മാരില് ഉൾപ്പെടുന്നതിനും അവന് സമ്പൂർണ്ണമായി ഏറ്റെടുക്കുന്നതിനും അർഹരായ ഒരു വിഭാഗം ഇവിടെ ഉണ്ടായിരിക്കണമെന്ന സംഗതി,ഇക്കൂട്ടരുടെ ശ്വാസോച്ഛ്വാസങ്ങളില് നിന്നും എനിക്ക് മണത്തറിയാന് സാധിച്ചു. അത്തരം മഹാദാസന്മാർ അല്ലാഹുവിന്റെ വിശുദ്ധ നാമങ്ങളുടെ മഹാ സന്നിധിയില് പ്രവേശിക്കുന്നു. ആ നാമങ്ങളിൽ നിന്നും ദാസന്മാര് സ്വാംശീകരിക്കേണ്ട കാര്യങ്ങൾ നേടുന്നു, അവർക്ക് വിശിഷ്ടമായ ഓരോ നാമങ്ങളുടെയും വിശേഷണങ്ങളുടെയും യഥാർത്ഥ പൊരുളുകളെ കുറിച്ചുള്ള ജ്ഞാനവും ബോധ്യവും അവന് നൽകുന്നു. അതുവഴി അവര് അല്ലാഹുവിനെ അഗാധമായി തിരിച്ചറിയുന്നു. അവനോടുള്ള പ്രേമത്തിൽ ഉഴലുന്നു. അവന്റെ ഇച്ഛകൾക്ക് കീഴ്പ്പെടുന്നു. തങ്ങളുടെ രക്ഷിതാവിന്റെ ഇഷ്ടങ്ങളെ അനുഗമിക്കുന്നതായി മാറുന്നു അവരുടെ ഇഷ്ടങ്ങള്.

തുടർന്ന്, അല്ലാഹുവിന്റെ മഹത്വം, ഗാംഭീര്യം, ബഹുമാന്യത, സമ്പൂർണ്ണത, നിത്യത, സൗന്ദര്യം എന്നിവയുടെ പരിശുദ്ധ പ്രഭാവം അൽപാൽപം അവർക്ക് വെളിപ്പെടുന്നു. ഈ വക വെളിപാട് അവരുടെ മനസ്സകത്ത് അദമ്യമായ ദൈവാനുരാഗവും പ്രേമാഗ്നിയും സൃഷ്ടിക്കും. അവർ അല്ലാഹുവിന്റെ ഇച്ഛകളെ , തീരുമാനങ്ങളെ നിരന്തരം നിരീക്ഷിക്കുകയും അതില് സംതൃപ്തിയടയുകയും ചെയ്യും. അവന്റെ കൽപനകളെ പിന്തുടർന്ന് അവയനുസരിച്ച് നിലകൊള്ളും. അവരുടെ ആത്മാവ് അവന്റെ മഹത്വത്തിന്റെ, വലിപ്പത്തിന്റെ കിരണങ്ങൾ ഏറ്റു ചിറകറ്റു വീഴുന്നു. അവനുമായുള്ള അടുപ്പത്താൽ ഭയചകിതനായി/ സ്നേഹപരവശനായി. അവന്റെ മഹത്വ ഗാംഭീര്യത്തിന്റെ പ്രകാശ പ്രവാഹത്തില് നിന്നുള്ള ശേഖരിച്ചു വെക്കുന്ന പ്രകാശത്താൽ അവരുടെ അവയവങ്ങളും അസ്ഥി സന്ധികളുംനിറയുന്നു.അല്ലാഹുവുമായുള്ള പരസ്പര ഭാഷണത്തിനും ആശയ വിനിമയത്തിനും അവസരം ലഭിക്കുന്നവരും അവർക്കിടയില് ഉണ്ടാകും. അവങ്കൽ നിന്നുള്ള സ്വയം പരിചയപ്പെടുത്തലിന് (തന്നെക്കണ്ടെത്താനുള്ള അടയാളങ്ങൾ/ സൂചകങ്ങൾ അവനില് നിന്നുതന്നെ അറിയാന് സാധിക്കുന്ന അവസ്ഥ) ഭാഗ്യം ലഭിക്കുന്നവരും ഉണ്ടാകും. അവർ ആ കുറിമാനങ്ങള് വെച്ച് അവനെ ഉണർവ്വിലും ഉറക്കിലും തിരിച്ചറിയുന്നു. അശരീരിയും ദിവ്യബോധനവും (ഇൽഹാം) ലഭിക്കുന്നവരെയും അവരിൽ കാണാം. (ഇങ്ങനെയെല്ലാം അത്യുന്നത ആത്മീയ പദവിയിൽ വിരാജിക്കുന്ന

ആളുകൾ ഉണ്ടാകാമെന്ന തിരിച്ചറിവ് ഇസ്കന്ദരിയ്യയ്യില് പരിചയപ്പെട്ട സ്വൂഫികളുടെ സ്ഥിതിയിൽ നിന്നാണ്ഗ്രന്ഥകാരന് വാസനിച്ചെടുക്കാന് സാധിച്ചത്- വിവ)

എനിക്കറിയാവുന്ന മറ്റു മനുഷ്യരേക്കാള്, ശരീഅത്തിനെ അങ്ങേയറ്റം ബഹുമാനിക്കുന്നവരും വിധിവിലക്കുകള് നന്നായി പാലിക്കുന്നവരുമാണ് ഇസ്കന്ദരിയ്യയില് ഞാന് പരിചയപ്പെട്ട ഇക്കൂട്ടർ.ഭൗതിക ലോക വിരക്തരും പരലോകത്തിൽ ആസക്തരുമാണ്. അല്ലാഹുവിനെ പ്രേമിക്കുകയും അവനുമായുള്ള അടുപ്പത്താൽ സ്നേഹ ചകിതരുമാണ്. അല്ലാഹുവല്ലാത്ത എല്ലാറ്റിനെയും അവര് വെടിഞ്ഞിരിക്കുന്നു. അവനല്ലാത്ത തിൽ നിന്നെല്ലാം അവരുടെ മനസ്സ് മുക്തമായപ്പോൾ അവനോടുള്ള പ്രേമത്താല്, അവന്റെ നാമങ്ങളും വിശേഷണങ്ങളും മഹത്വവും സത്താ പരിശുദ്ധിയും വെളിപ്പെടുകയാൽ ആ മനസ്സകം നിറഞ്ഞിരിക്കുന്നു. റബ്ബിനു വിട്ടുകൊടുക്കാതെ തന്റെ കാര്യം താന് തിരഞ്ഞെടുക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയെന്ന 'സ്വയം ഭരണഭാവം' വൻപാപങ്ങളില് പെട്ടതാണെന്ന് അവര് ഓരോരുത്തരും വിശ്വസിക്കുന്നു. അതിനാൽ, തനിക്കുവേണ്ടിയുള്ള തന്റെ നാഥന്റെ മനോഹരമായ തിരഞ്ഞെടുപ്പിൽ അവർ ഓരോരുത്തരും സന്തോഷ ആഹ്ലാദ ഭരിതരാണ്. അവനിൽ ആത്മശാന്തി നേടിയവരാണ്. താൻ പിറക്കും മുമ്പേ,അനന്തമായ ആദ്യത്തിൽ തന്റെ കാര്യത്തില് അല്ലാഹുഅവന്റെ സർവ്വജ്ഞതയ്ക്കും മഹാകാരുണ്യത്തിനും യോജിക്കുന്നനിശ്ചയങ്ങളെടുത്തതില് സമാധാനം കണ്ടെത്തുന്നവരാണ്. എത്രത്തോളമെന്നോ, അവർ ഓരോരുത്തരും തന്റെ റബ്ബിന്റെ കൂടെ കഴിയുകയാണ് എന്നപോലെ. ഹൃദയ ദൃഷ്ടിയിൽ അവര് അവനെ കാണുന്നു. അവരുടെ മുഖത്ത് അല്ലാഹുവിനോടുള്ള ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും അവന്റെ വിധിവിലക്കുകൾക്ക് കീഴ്പ്പെടുന്നതിന്റെയും അവന്റെ പ്രതാപത്തിന്റെയും തൂവെളിച്ചം പ്രഭ പരത്തുന്നു. അതിന്റെ തിരുവടയാളങ്ങൾ അവരില് കാണാം, അവരുടെ ചലനങ്ങളിൽ, നിശ്ചലനങ്ങളിൽ, സഞ്ചാരങ്ങളിൽ. **അല്ലാഹുവാണ, അവരെ കണ്ടതിലും പരിചയപ്പെട്ടതിലും അവരുമായി ഇടപഴകാൻ സാധിച്ചതിലും ഞാന് വല്ലാതെ ആനന്ദിച്ചു, ഉൾപുളകിതനായി.** അവരുടെ ത്വരീഖത്ത് മനസ്സിന് കുറച്ചെങ്കിലും സമാധാനം സമ്മാനിച്ചു.കാരണം, അവരുടെ അടുക്കൽ സംതിംഗ് ഞാന് കണ്ടു. ആദ്ധ്യാത്മിക മേഖലയിലെ സർവ്വ

ലക്ഷ്യങ്ങളുടെ ലക്ഷ്യം ആയിരുന്നു അത് . അന്വേഷണങ്ങളുടെ അന്ത്യമായിരുന്നു അക്കാര്യം.

പിന്നീട്, അവരുടെ ദീനീ തത്വങ്ങളും വിശ്വാസ സംഗതികളും ഏത് അടിത്തറയിലാണ് സ്ഥിതിചെയ്യുന്നതെന്ന് ഞാന് പരിശോധിക്കുകയുണ്ടായി. അപ്പോഴാണ്, അവർക്ക് സുന്നത്ത് സംബന്ധമായ യാതൊരു പിടിപാടും ഇല്ലെന്ന് കാണുന്നത്. നബി സ്വ യുടെ ചരിത്രമോ സ്വഹാബികളുടെ ആത്മീയ സഞ്ചാര രീതിയോ സ്വഭാവ ശൈലിയോ അവര് മൂല പ്രമാണമായി എടുത്തിട്ടില്ല. അൽപസ്വൽപം ജഹ്മിയ്യാ വാദം അവരില് കാണായി. എന്നാൽ, അല്ലാഹുവിന്റെ സ്വിഫത്തുകളില് വല്ലതും വ്യക്തമായും അവര് നിരാകരിക്കുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എന്നല്ല, സ്വിഫത്തു സംബന്ധമായി മിണ്ടാതിരിക്കുക എന്ന നിലപാടിനോടാണ് അവരുടെ ചായ്‌വ്. എന്നുവെച്ചാൽ, മുതകല്ലിമുകളെ പോലെ അവര് ഏതെങ്കിലും സ്വിഫത്ത് നിഷേധിക്കുന്നതായോ സ്വിഫത്ത് സംബന്ധമായി ഒട്ടും സംസാരിക്കാൻ തയ്യാറാകുന്നില്ല എന്നോ ഞാന് ശങ്കിക്കുന്നില്ല. ഇക്കാരണത്താൽ, അവരില് അൽപം 'ഗ്രഹണം' സംഭവിച്ച പോലെ, വെട്ടം വിതറുന്ന അവരുടെ മുഖ കമലത്തില് ചെറിയ പാട് വീണതുപോലെ തോന്നിത്തുടങ്ങി.

ഇതെല്ലാം അവർ തങ്ങളുടെ ശൈഖന്മാരില് നിന്നും പകർത്തിയതാണ്. അവർ അവരുടെ ശൈഖന്മാരില് നിന്നും. ഹദീസിലേക്ക് ചേർത്തു പറയാന് അവർക്കില്ല. ഹദീസിലെ സംഗതികൾക്ക് വിരുദ്ധമാണ് അവരുടെ എല്ലാ കാര്യങ്ങളും എന്നല്ല ഞാൻ പറയുന്നത്. അവരുടെ ഏക സ്രോതസ്സും അവലംബവും തങ്ങളുടെ ശൈഖന്മാർ മാത്രമാണ് എന്നേ ഇപ്പറഞ്ഞതിനു അർത്ഥമുള്ളൂ. തങ്ങളുടെ ഏതവസ്ഥയിലും ഹൃദയം തിരിയുന്ന ഖിബ്ലയാണ് അവർക്ക് അവരുടെ ശൈഖ്. ശൈഖന്മാരുടെ വെളിപാടത്രേ (കഷ്ഫ്) ഇവരുടെഏക പ്രമാണം. അതിനെ അവർ കണ്ണടച്ച് ആശ്രയിക്കുന്നു, അവലംബിക്കുന്നു. അല്ലാഹുവിനെ അവന്റെ ആദ്യമന്ത്യമില്ലായ്ക എന്ന കോണില്ക്കൂടി മാത്രമേ അവർ മനസ്സിലാക്കുന്നുള്ളൂ. വിശുദ്ധ ഖുർആന് ഉൽപാദിപ്പിക്കുന്ന വെളിപാടിലേക്ക് അവര് വഴികാണിക്കുന്നില്ല. വിശുദ്ധ ഖുർആന് പാരായണം ചെയ്യുമ്പോൾ ഉണ്ടാകുന്ന സ്വിഫത്തുകളുടെ ജ്വാലവർഷത്തിലേക്കും അവര് ചൂണ്ടി കാണിച്ചില്ല. എന്നാലും അവരിൽ സംതൃപ്തിയുണ്ടാക്കുന്ന ചിലത് ഞാന് കണ്ടു,

അനുഭവിച്ചു, വളരെ പ്രസക്തമായ ചിലതുതന്നെ.“മനുഷ്യര് ലൈലയെ ചൊല്ലി ആത്മഹത്യ ചെയ്യുന്നു,എന്നാൽ ഞാനോ ലൈലയുമായി ബന്ധം അവസാനിപ്പിച്ചു തിരിഞ്ഞു നടക്കുന്നു” എന്ന് കവി പാടിയപോലെയാണ് എന്റെ കാര്യം.

അല്ലാഹു കനിഞ്ഞ ഉതക്കത്താൽ, അവരിൽ നിന്നും ഞാന് കുറെ സംഗതികൾ പഠിക്കുകയും മനസ്സിലാക്കുകയും പകർത്തുകയും ചെയ്തിട്ടുണ്ട്. അവരുമായുള്ള സഹവാസത്തിൽ നിന്നും ധാരാളം ബറകത്തും ലഭിച്ചിട്ടുണ്ട്. നേരത്തെ ഊഷര സ്വഭാവമുള്ള ഫഖീഹുകളിൽ നിന്നും വിധിവിലക്കുകളെ കുറിച്ചു പഠിച്ചതിന് പുറമേ. **ഫിഖ്ഹ് വെറും കൂടായ ശരീരം പോലെയായിരുന്നെങ്കില് ഇപ്പോൾ ഇവരില് നിന്നും ലഭിച്ചത് ആത്മാവിനു സമമാണ്.** എന്നാൽ, സൂക്ഷ്മാർത്ഥത്തില് രണ്ടും ആർദ്രമല്ല. അതായത്, വിധി വിലക്കുകളിലും സ്വഭാവ സംഗതികളിലും നബിചര്യയുടെ മാർദ്ദവം ഒട്ടുമില്ലാത്ത പരുക്കന് ഫിഖ്ഹ് ഒരു ഭാഗത്ത്. മാനസികാവസ്ഥകളിൽ അന്ത്യദൂതരുമായി ഒത്തുനോക്കുമ്പോൾ അവിടുത്തെ ഉർവരത കാണാത്ത സ്വൂഫി അവസ്ഥകള് ഇപ്പുറത്ത്. ഫിഖ്ഹ് അതിന്റെ ഇമാമീങ്ങളിൽ നിന്നും പകർത്തിയത്; സ്വൂഫി ഹാലുകൾ തസ്വവ്വുഫിന്റെ ഇമാമുകളില് നിന്നും പകർത്തുന്നത്. എന്നാൽ അന്ത്യദൂതർ സ്വ യ്ക്ക് തന്റേതായ ഒരു നേർപഥം ഉണ്ട്; ഭാഷണ ശൈലിയുണ്ട് ഉണ്ട്; വിധി രീതിയുണ്ട്. അവിടേക്കല്ല ഇവരുടെ ആഭിമുഖ്യം.

കർമ്മ ശാസ്ത്രം എന്നെ ആദ്യപടിയില് കയറ്റിനിർത്തി. ഇസ്കന്ദരിയ്യയിലെ സ്വൂഫികൾ ഉയർന്ന പടിയിലും. പക്ഷേ, ഇടക്കുള്ള പടവുകൾ കയറാന് തടസ്സങ്ങള് എമ്പാടും അവശേഷിച്ചു . എത്തിയിടം മതിയാക്കി ഞാൻ അവിടത്തന്നെ നിന്നു.എന്നാൽ, മനസ്സിന്റെ ശക്തമായ വിശപ്പ് മാറ്റാന് ഉള്ളത് വാരിത്തിന്നു തൃപ്തിപ്പെട്ടു. നിശ്ചയമായും വിശപ്പനുഭവിക്കുന്നയാൾ എത്ര കട്ടിയേറിയതാണെങ്കിലും കിട്ടിയതെടുത്ത് വിശപ്പുതീർക്കാന് ശ്രമിക്കും.

ഔദ്യോഗിക സ്വൂഫികളുമായി

പിന്നീട് ഞാന്സൂഫി പർണ്ണശാലയിലെ ഔദ്യോഗിക സ്വൂഫി സംഘത്തിൽ എത്തിപ്പെട്ടു. അവർ പ്രത്യക്ഷ ലക്ഷണങ്ങള് ഉള്ളവരായിരുന്നു. ദീർഘ നിസ്കാരക്കാരും വേഷഭൂഷകളില്

കൊള്ളാവുന്നവരും ആയിരുന്നു. ഭംഗിയുള്ള നീണ്ട താടിക്കാര്. മുഖത്ത് പ്രകാശത്തിളക്കം.

ഇതൊക്കെ കണ്ടപ്പോൾ ഞാന് അവരുമായി സഹവസിക്കാന് തുടങ്ങി. അവർ ദൈവ സ്മരണയിലേക്കും അന്യ സ്മരണകള് ഇല്ലാത്ത ഏകാന്ത മാനസികാവസ്ഥയിലേക്കും വഴികാട്ടി. വേതനം പറ്റുന്നതിനെ കുറിച്ചും ഇബാദത്തില് നിരതനാകുന്നതിനെ പറ്റിയും അവർ സംസാരിച്ചു. പക്ഷേ, സ്വസഹോദരങ്ങളുടെ ചലനങ്ങളെ കുറിച്ചുള്ള വിചാരങ്ങളാണ് അവരുടെ മനം നിറയെ എന്ന് ഞാൻ കണ്ടു. നിഷേധഭാവത്തിലോ രഹസ്യം ചുഴിഞ്ഞുനോക്കുക എന്ന നിലക്കോ അസൂയകൊണ്ടോ പരദൂഷണം പറയുന്ന രീതിയിലോ അല്ല കേട്ടോ അവരുടെ ഈ അപര നിരീക്ഷണം. അയാൾ അങ്ങോട്ടുപോയി, ഇയാൾ അവിടേക്ക് കടന്നു, മറ്റെയാൾ അങ്ങാടിയിൽ ഫുലാനുമായി സംസാരിക്കുന്നത് കണ്ടു, അങ്ങോട്ട് നീങ്ങി, ഹോ അവനോ, അവന് ഇത്ര വിവരമേ ഉള്ളൂ.. എന്നിത്യാദി വർത്താനങ്ങള് അവരില് നിന്നും കേൾക്കുകയുണ്ടായി. അതായത്, ദൈവ സ്മരണയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട അവര്, കൂട്ടുകാരുടെ ചലനനിശ്ചലനങ്ങള് നിരീക്ഷിക്കുകയാണ് മിക്ക സമയത്തും. ഇടക്കൊഴികെ.

ഇതോടൊപ്പം, അവരുടെ നെഞ്ചകത്തെ 'ഔദ്യോഗിക തമ്പുരാനെ'യാണ് അവർ ഇബാദത്ത് ചെയ്യുന്നതെന്ന് തോന്നാം. യജമാന്മാരായ അവരുടെ ഇബാദത്ത് തൊഴിലാളികളാണോ ഇവരെന്ന മട്ടിൽ! അല്ലാഹുവിന്നു വേണ്ടി നിഷ്കളങ്കമായി യാതൊന്നും അനുഷ്ഠിക്കാൻ ഇല്ലാത്ത മട്ടിൽ.

ഉദാഹരണം പറയാം. ഫർദ് നിസ്കാരം ആരംഭിക്കുന്നത് വരെയും ഒരാള് വുദു നീട്ടുന്നു. അതോടൊപ്പം തന്നെ സേവകന്മാരിലേക്കാണ് അയാളുടെ ശ്രദ്ധ തിരിയുന്നത്. ഖാൻഗാഹിലെ ജമാഅത്തിനെത്താതെ വൈകുന്നവരെ പിടികൂടി അതെക്കുറിച്ച് സംസാരിക്കുന്നു. അവർ ഒന്നോ രണ്ടോ പ്രാവശ്യം വീണ്ടും വൈകിയെന്നാൽ തന്റെ ശമ്പളം നഷ്ടപ്പെടും എന്ന ഭയമാണ് ഇയാൾക്ക്. അസ്വർ സമയത്തെയോ വെള്ളിയാഴ്ചയിലെയോ പതിവ് ജപമന്ത്രങ്ങൾ നഷ്ടമാകുന്നതിനെ ഇയാള് ഭയക്കുന്നത്, അത് ആവർത്തിച്ചാല് തന്റെ ശമ്പളം നിന്നുപോകുമല്ലോ എന്ന നിലക്കാണ്. അല്ലെങ്കിൽ പുറത്താക്കുമോ എന്ന ഭയം.

അവരുടെ ഇബാദത്ത് നിഷ്കളങ്കമായും അല്ലാഹുവിന്നുവേണ്ടിയുള്ളതല്ല എന്ന് സിദ്ധം. മറ്റൊരാളെ ഭയന്ന് ഇബാദത്ത് ചെയ്യുന്നവന്,അല്ലാഹുവല്ലാത്ത ലക്ഷ്യത്തിന് വേണ്ടി കർമ്മം ചെയ്യുന്നവന്എങ്ങനെ ഇഖ്ലാസ് ഉണ്ടാകും?! അല്ലാഹുവിന്നുള്ളതായിരുന്നെങ്കിൽ അല്ലാഹുവല്ലാത്തവരിലേക്ക് നോക്കി അത് കലക്കുമായിരുന്നില്ല.

ആക്ഷേപിക്കപ്പെടുമെന്നോ പുറത്താക്കപ്പെടുമെന്നോ ഭയന്നാണ് അവർ വസ്ത്രത്തിലെ അഴുക്കും അഭംഗിയും ഒഴിവാക്കുന്നത്. അക്കാരണത്താൽ ഒരു കളര് ജുബ്ബ (=അബായ) അണിയാൻ പോലും അവർക്ക് കഴിയില്ല, വെളുത്തതോ കറുത്തതോ അല്ലാതെ. അവരുടെ യൂണിഫോ'മിൽ നിന്നും വ്യത്യസ്ഥമാകുന്നത്, അങ്ങനെ വന്നാൽ തന്റെ ശമ്പളം നിലയ്ക്കുന്നത് അവർ ഭയക്കുന്നു.

താർത്താരി പ്രകൃതം അൽപം അവർക്കിടയില് ഉണ്ടായിരുന്നു. ഔദ്യോഗിക പദവിയിൽ ആരുവരുന്നുവോ അയാളെ അവര് സ്വീകരിക്കും, അംഗീകരിക്കും. അത് അദ്വൈതവാദി (ഇത്തിഹാദി)യോ നിർമ്മതവാദി(സിൻദീഖ്)യോ ആയാലും വേണ്ടില്ല. അവർ അദ്ദേഹത്തെ ചോദ്യം ചെയ്യില്ല. അക്കാരണത്താൽ, അവർക്കിടയില് എപ്പോഴും 'സ്വദരി'കളും 'അറബി'കളും നിലനിന്നു. (സ്വദ്റുദ്ദീൻ അൽഖൂനവി - മ 672- യുടെ അനുയായികളാണ് സ്വദ്രികൾ, ഇബ്നു അറബി- മ.638- യുടെ ആൾക്കാര് അറബികളും). അവരുടെ വഴികേട് ഇവർക്ക് അറിയാമായിരുന്നെങ്കിലും അവർ മിണ്ടില്ല. **ദുഷിച്ച പുത്താനചാരങ്ങൾക്കെതിരെ നിലകൊള്ളുന്നത് പാഴ്വൃത്തിയായി അവർ കാണുന്നു.** അതൊന്നും സ്വൂഫികളുടെ ജോലി അല്ല. മൗനം പാലിച്ചു, 'ഔദ്യോഗിക' ബാധ്യതകൾ നിർവ്വഹിക്കുക മാത്രം. സമയത്തിന് ശമ്പളം കൈപറ്റുകയും ചെയ്യുക. അതു ചെയ്താൽ ലക്ഷ്യം നേടി?!

ആകാര ഭംഗിയുള്ള, വലിയ ഇരട്ടപ്പാളിയുള്ളതും വിശാലമായ കൈവട്ടം ഉള്ളതുമായ ജുബ്ബ അണിഞ്ഞ, നീണ്ട വട്ടത്താടിയുള്ള 'മഹാനെ' അവർക്കിടയില് വലിയ ബഹുമാനമാണ്. വിശേഷിച്ചും താടി വെളുത്തിട്ടുണ്ടെങ്കിൽ. എല്ലാ കണ്ണുകളും പിന്നെ അയാളിലേക്ക് തറക്കും...

ഇബാദത്തിനോട് യാതൊരു അഭിരുചിയും അവരിൽ ഉണ്ടായിരുന്നില്ല. ഖൽബില് ദിക്റിന്റെ തികവും ഇല്ല. അല്ലാഹുവിന്റെ

രക്ഷാധികാരം അവരുടെ ഖൽബുകളെ കീഴടക്കിയില്ല. കളങ്കരഹിതമായ ഇബാദത്തുകള് ചെയ്യുന്ന മനസ്ഥിതി ഒട്ടുമില്ല. അവർ തികഞ്ഞ അന്ധകാരത്തിലും ആന്ധ്യതയിലും ആണെന്ന് ഞാന് തിരിച്ചറിഞ്ഞു. ലോകരുടെ മുന്നിൽ നല്ല പത്രാസുള്ള വേഷമായിരുന്നു അവരുടേത്. ഖൽബുകളില് നിറയെ 'ഡ്യൂട്ടി നിർവ്വഹിക്കുക' എന്ന ചിന്തമാത്രം. ചെറിയ ചെറിയ ഹഖാഇഖുകള് ഇല്ലെന്ന് പറഞ്ഞുകൂടാ. 'സൃഷ്ടികളുടെ രക്ഷാധികാര' ത്തിൽ ആ ഹഖാഇഖുകള് കലങ്ങി കലുഷിതമായിരുന്നു.

ഒരു നിലയ്ക്ക്, ഞാന് അവർക്കിടയില് നിലകൊള്ളുന്നതിൽ ആശ്വാസം കണ്ടെത്തിയിരുന്നു. എന്നാൽ, മറ്റൊരു വഴിയ്ക്ക് ചിന്തിക്കുമ്പോൾ എനിക്ക് ഒട്ടും സമാധാനം ഉണ്ടായില്ല. ആശ്വാസ കാരണം ഇതാണ്: ഒരിടത്ത് തമ്പടിച്ച ആ കൂട്ടായ്മ ദൃഷ്ടിയുടെ പരിശുദ്ധിക്ക് കാരണമായിത്തീർന്നു. നിശ്ചയമായും അതുണ്ടാവുക, നിത്യവൃത്തിക്ക് വേണ്ട മതിയായ അളവ് ലഭിക്കുമ്പോഴും ഒരുപാട് ഏർപ്പാടുകളില് മുഴുകുന്നതില് നിന്നും ഒഴിവാകുമ്പോഴുമാണ്. അക്കാര്യം അവർക്കിടയില് പ്രകടമായി കണ്ടു. എന്നാൽ, ചിന്തയും മനനവും കൂടി പരിശുദ്ധമായാല്, മനുഷ്യൻ തന്റെ ഭാവിയെ ദീർഘദർശനം ചെയ്താൽ, പൂർണ്ണാർത്ഥത്തില് അല്ലാഹുവിനെ ഇബാദത്ത് ചെയ്യണമെന്ന് തീരുമാനിച്ചാൽ , സാമർത്ഥ്യത്തോടെ മുന്നോട്ടു കുതിക്കാന് കഴിയാത്തവിധം, താൻ ഇവർക്കിടയില് ബന്ധിതനായിരിക്കുകയാണ് എന്ന് മനസ്സിലാകും.

അദ്വൈത വാദികളെ പരിചയപ്പെടുന്നു

ഖാൻഗാഹുകളില് വെച്ച്, ദൈവാനുരാഗം, തൗഹീദ് തുടങ്ങിയ സംഗതികളിലേക്ക് വഴികാണിക്കുന്ന ഒരു സംഘം ആളുകള് എന്നെ വിനയാന്വിതരായി സമീപിച്ചു. 'മുവഹിദായ ടിയാന്', 'തൗഹീദ് അൽപം പോലും മനസ്സിലാക്കാക്കാത്ത ടിയാന്' എന്നിങ്ങനെ അവർ ഇടയ്ക്കിടെ പറയും. അവരുടെ പക്കലുള്ള തൌഹീദിനെ അവർ വല്ലാതെ മഹത്വവൽക്കരിക്കുന്നു. "ആരാണ് അത് പ്രാപിച്ചത്?!" എന്നെല്ലാം കൌതുകപ്പെടും. ഇബ്നു അറബി, സ്വദ്ര് അല് ഖൂനവീ തുടങ്ങിയ ശൈഖന്മാരെ അനുസ്മരിക്കും. അവർ പ്രചരിപ്പിക്കുന്ന തൗഹീദ് എന്താണെന്നും എത്രത്തോളം ഉണ്ടെന്നും സസൂക്ഷ്മം പരിശോധിക്കാൻ അവരുമായി കുറച്ചുകാലം ഞാന് കഴിഞ്ഞുകൂടി.

പ്രപഞ്ചത്തിലെ സകല വസ്തുക്കളിലും അധിവസിക്കുന്ന നിരുപാധിക അസ്തിത്വമായി അല്ലാഹുവിനെ കണക്കാക്കുകയാണ് അവരുടെ ‘മഹത്തായ തൗഹീദ്’എന്നെനിക്ക് പിടികിട്ടി.അവനാണത്രേ ജൈവാജൈവങ്ങളായ സകല വസ്തുക്കളുടെയും അകപ്പൊരുള്. ഈ തൌഹീദിൽ എത്തിയ വ്യക്തിക്ക് സകലതിലും ആ സാകല്യത്തെ കാണാനാവുമെന്ന് അവർ വാദിക്കുന്നു. ‘അല്ലാഹ്’ എന്ന് നീട്ടിവിളിക്കുന്ന അവരുടെ ഭാവനയിൽ അല്ലാഹു സർവ്വവ്യാപിയായ അസ്തിത്വമാണ്. ഇല്ലായ്മയുടെ വിപരീത അർത്ഥത്തിലുള്ളതും സർവ്വ വസ്തുക്കളിലും അധിവസിക്കുന്നതുമായ അസ്തിത്വം.

അവർ പറയുന്ന പ്രകാരം, അവരുടെ ഇലാഹ് പട്ടികളിലും പന്നികളിലും എലികളിലും വണ്ടുകളിലും കുടികൊള്ളുന്ന ഇലാഹാണെന്ന് മനസ്സിലായി. അല്ലാഹു തന്റെ ദാത്തിലും സ്വിഫാത്തിലും അവരുടെ ജൽപനങ്ങളില് നിന്നും എത്ര മേലെയാണ്. അവൻ യാതൊരു പടപ്പുകളിലും കുടികൊള്ളുന്നവന് അല്ല. ഖദീമായ അസ്തിത്വം, ഹാദിസായ അസ്തിത്വം എന്നൊന്നും അവര് പറയില്ല. അവരുടെ വിശ്വാസത്തിൽ ഒരേ ഒരു അസ്തിത്വമേ ഉള്ളൂ. എല്ലാ വസ്തുക്കളിലും കുടികൊള്ളുന്ന അസ്തിത്വം. ദാസന് എന്നൊരു അസ്തിത്വം അവർക്കിടയില് ഇല്ല. ഒരേയൊരു ഉണ്മ. അതാകുന്നു പരംപൊരുൾ.(നമ്മുടെ വ്യവഹാരത്തിലെ) ‘ദാസൻ’ ഉണ്ടല്ലോ, അയാളിൽ കുടികൊള്ളുന്നതും പരം പൊരുളാണ്. ദാസൻ ദൈവത്തെ വെളിപ്പെടുത്തുന്ന മാധ്യമം മാത്രം. അതായത് അവരൊന്നും ഇല്ലായിരുന്നെങ്കിൽ ദൈവാസ്തിത്വം ഇല്ല. അസ്തിത്വം ഇല്ലായിരുന്നെങ്കിൽ അവരേയും കാണില്ല.അവരുടെ വിശ്വാസത്തിന്റെ യഥാർത്ഥം : സർവ്വ ശക്തനായ ദൈവം സൃഷ്ടികളില് നിന്നും വേർപ്പെട്ടിട്ടല്ല. ആകാശ ഭൂമികളിൽ പ്രകടമായവനാണ് അവൻ. എല്ലാ വസ്തുക്കളിലും തന്റെ ഉണ്മ (ദാത്ത്)യോടെ അവൻ വെളിപ്പെട്ടിരിക്കുന്നു.

നിരുപാധികനും സ്വതന്ത്രനുമാണ് അവനെങ്കിലും ഈ വസ്തുവിലും ആ വസ്തുവിലും അവൻ ബന്ധിതനാണ്. എന്നാൽ അവൻ ഒന്നാണ്. എല്ലാം ചേർന്ന ഒന്ന്. മനുഷ്യനിലും പട്ടിയിലും നബിയിലും മലക്കിലും രാജാവിലും ഉള്ള ഉണ്മയെല്ലാം ഒന്നുതന്നെ. അതാണുപോൽ അത്യുന്നതനായ പരമസത്യം. ഇങ്ങനെയുള്ള അസ്തിത്വത്തിനപ്പുറത്തുള്ള ഒന്നുമല്ല അവരുടെ ഭാഷയിൽ, അല്ലാഹു.

അവൻ സത്തയില് സ്വതന്ത്രനും എന്നാല് പ്രകടനത്തിൽ മനുഷ്യൻ, മൃഗം, സസ്യം, അജൈവ വസ്തുക്കൾ, നായ, പന്നി പശു, ഈച്ച, പാമ്പ്, തേൾ തുടങ്ങിയവയാല് ബന്ധിതനുമായഅസ്തിത്വമാണ്. അവരുടെ വിശദീകരണത്തിൽ അവന്റെ ഉണ്മയുടെ ഉദാഹരണം താപം പോലെയാണ്. രൂപത്തിലും ഗുണത്തിലും വ്യത്യസ്തമായ ചൂടുള്ളഎല്ലാ ഓരോ വസ്തുക്കളിലും താപം പരിമിതപ്പെടുന്നപോലെ. ഇതും താപമാണ്. അതും താപമാണ്. ഇവിടെ താപം ഒന്നാണ്. സ്വതന്ത്രമാണ്; എന്നാൽ ചൂടുള്ള വിവിധ വസ്തുക്കളില് പരിമിതവുമാണ്. ഇതുപോലെയാണു പോൽ അത്യുന്നതനായ പരമസത്യം. സ്വതന്ത്ര ഏകത്വം. ആ ഏകത്വത്തെ ഉന്നതമോ തരം താഴ്ന്നതോ ആയ വസ്തുബഹുത്വങ്ങള് പരിമിതപ്പെടുത്തുന്നു.

അവരുടെ ആശയതലം ഇതാണെന്ന് കണ്ടതോടെ അവരോട് മനസ്സിൽ ശക്തമായ നീരസം ഉണ്ടായി. അവരുടെ വിശ്വാസ കാര്യങ്ങൾ വിശദീകരിക്കണമെന്ന് ഞാന് കരുതിയിട്ടില്ല. പക്ഷേ, എനിക്ക് വെറുപ്പുണ്ടാക്കുന്ന, എന്റെ പ്രകൃതത്തിന് ഇഷ്ടപ്പെടാത്ത ചില കാര്യങ്ങൾ അവരില് നിന്നും ഞാന് കേൾക്കുകയുണ്ടായി. അത് സൂചിപ്പിച്ചുവെന്നുമാത്രം. ഹലാൽ, ഹറാം വിഷയത്തിൽ കെട്ടഴിഞ്ഞ പോക്കാണ് അവരുടേത് എന്നെനിക്ക് മനസ്സിലായി. ഒരിക്കൽ അവരിൽ ചിലരെ കുറിച്ച് ഇങ്ങനെ കേട്ടു: "അയാൾ ദിവസങ്ങളോളം 'വലിയ അശുദ്ധി'ക്കാരനായി കഴിച്ചുകൂട്ടും; ആ ദിവസങ്ങളിൽ നമുക്ക് ഇമാമായി നിൽക്കുകയും ചെയ്യും".

രാജാവിനോടോ അധികാര സ്ഥാനത്തുള്ള ഉദ്യോഗസ്ഥനോടോ സംസാരിക്കുമ്പോൾ അല്ലാഹുവിലേക്ക് താഴുന്നപോലെയാണ് അവരുടെ വിനയപ്രകടനം. കാരണം, രാജാവ് അല്ലാഹുവിന്റെ അസ്തിത്വത്തെ പ്രകടിപ്പിക്കുന്ന ഏറ്റവും പ്രമുഖമായ വ്യക്തിയാണ്.അതായത്, അവർ അപ്പോള് രാജാവിനോടല്ല സംസാരിക്കുന്നത്; അയാളിൽ അധിവസിക്കുന്ന ദൈവത്തോടാണ്.അക്രമിയും പരദ്രോഹിയുമായി അറിയപ്പെട്ട അസിസ്റ്റന്റ് സുൽത്താന് (മംലൂകി അമീർ) ശുജാഈയോട്, " അങ്ങ് അല്ലാഹുവിന്റെ മഹോന്നത നാമമാകുന്നു" എന്ന് ബഹുമാനപൂർവ്വം അഭിനന്ദനം അറിയിച്ച ആളുകൾ ഇവരുടെ ശൈഖന്മാര് ആയിരുന്നിട്ടുണ്ട്.

കോമളകുമാരന്മാർ ഇവർക്കിടയില് ഉന്നത പദവിയിലാണ്. കാരണം, **അല്ലാഹുവിന്റെ സൗന്ദര്യം ഇത്രമേല് പ്രകടമാകുന്ന മറ്റൊരു**

സംവിധാനം പ്രപഞ്ചത്തിൽ ഇല്ല. സംഗീത സദസ്സ് അവരുടെ ഏറ്റവും ആസ്വാദ്യകരമായ സംഗതി തന്നെ. അവരുടെ ആത്മ പ്രചോദനത്തെ ചലനാത്മകമാക്കുന്ന ഊർജ്ജം സംഗീത സദസ്സില് നിന്നാണ് ലഭിക്കുക. സ്വതന്ത്ര അസ്തിത്വമായ പരമസത്യത്തിന്റെ കൊടിയടയാളങ്ങള് ആ സദസ്സിൽ പാറിപ്പറക്കും.അവർ സംസാരിക്കുക പ്രവാചകന്മാരുടെ നിലവാരത്തിനു മുകളിൽ നിന്നുകൊണ്ടാണ്. ഇവർ അവരെക്കാൾ മുകളിലാണെന്ന ഭാവത്തിൽ. ലോക ക്ഷേമത്തിന് വേണ്ടിയുള്ള അച്ചടക്ക വേലിക്കെട്ട് മാത്രമാണ് ഇവർക്ക് ശരീഅത്ത്. **ആരാണ് ആരാധകൻ? ആരാണ് ആരാധ്യന്?!** (അങ്ങനെ ഒന്നും വേർതിരിയുന്നില്ലല്ലോ ഇവരുടെ തൌഹീദിൽ. സ്രഷ്ടാവും സൃഷ്ടിയും ഒന്നായിത്തീരുന്ന അവസ്ഥയാണ് ഇവർക്ക് തൗഹീദ്- വിവ.)..... പദ്യം

ഇതിനു ശേഷം ഞാൻ ഇബ്നു അറബിയുടെ കിതാബുല് ഫുസ്വൂസ് കാണുകയുണ്ടായി. ഇപ്പറഞ്ഞ വ്യത്തികെട്ട ചിന്താ രീതിയിലേക്ക് വഴികാട്ടുന്ന ക്ഷുദ്ര കൃതി. ഈ വാദത്തെ വിവിധ ശൈലിയിലുള്ള വാചക ക്കസർത്തിലൂടെ ഗ്രന്ഥത്തില് വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ്: “ഇവിടെ അവനല്ലാതെ ഇല്ല.” പിന്നെ പറയുന്നു: “ കാര്യം കലങ്ങിമറിഞ്ഞു അവ്യക്തമായിരിക്കുന്നു”.“ അവൻ എന്നെ ഇബാദത്ത് ചെയ്യുന്നു; ഞാൻ അവനെയും. അവൻ എന്നെ സ്തുതിക്കുന്നു; ഞാൻ അവനെയും”. ഇതുപോലെ വേറെയും കാണാം അതിൽ. ആ ഗ്രന്ഥത്തിൽ അവരുടെ ചിന്താരീതി വിവരിക്കുകയാണ് ഗ്രന്ഥകർത്താവ്. അതുവായിക്കുക കൂടി ചെയ്തപ്പോൾ അവരുടെ ഉദ്ദേശ്യങ്ങളുടെ സത്യാവസ്ഥ എനിക്ക് ശരിക്കും മനസ്സിലായി. അവർ നിമിത്തം ഞാൻ കുറെ കാലത്തേക്ക് ചിന്താപരമായി പരിക്ഷീണനായി എന്ന് പറയാം.

ഒന്ന് തിരിഞ്ഞുനോക്കാം

എന്റെ അന്വേഷണയാത്ര ഇവിടെ എത്തിനിൽക്കേ, ഇതുവരെ വിവിധ സംഘങ്ങളുമായുള്ള ഇടപഴകലിൽ എനിക്കെന്തെല്ലാം നേട്ടകോട്ടങ്ങള് ഉണ്ടായി എന്നു ഞാന് പരിശോധിച്ചു.

രണ്ടു വിഭാഗത്തില് നിന്നല്ലാതെ എനിക്ക് കാര്യമായ ഒരു ഗുണവും ലഭിക്കുകയുണ്ടായിട്ടില്ല. ഹലാലും ഹറാമും പഠിപ്പിച്ച ഫുഖഹാക്കൾ, ഇസ്കന്ദരിയ്യയിലെ സ്വൂഫികൾ.

അനുസരണയോ ടെയുള്ള ആരാധനകൾ പ്രതിഫലം ലഭ്യമാക്കുമെന്നും പാപങ്ങൾ ശിക്ഷ വാങ്ങിത്തരുമെന്നും ഫുഖഹാക്കൾ പഠിപ്പിച്ചു. അത് ഞാൻ ഉറച്ച വിശ്വാസമായി ഏറ്റെടുത്തു. ആ അറിവ് വലിയ ഗുണം തന്നെ.

ഇസ്കന്ദരിയ്യയിൽ കണ്ട സൂഫികളില് നിന്നാണ് ആരെയാണ് അന്വേഷിക്കുന്നതെന്ന് തിരിച്ചറിയുന്നത്. സ്വിദ്ധീഖുകളുടെ, ദൈവത്തിൽ എത്തിച്ചേർന്നവരുടെ, ദൈവാനുരാഗികളുടെ സ്വഭാവ നിലപാട് ബോധ്യമായത്. ദാസ്യഭാവം പ്രകടിപ്പിക്കാനുള്ള വിധികള് മനസ്സിലാക്കുന്നത്. അവനില് ഭരമേൽപിക്കുന്നവരും അവന്റെ ഭരണത്തെ സമ്പൂർണ്ണമായി തൃപ്തിപ്പെടുന്നവരും, ഭൗതിക- സുഖ പരിത്യാഗികളും, ദൈവ ചിന്തയിൽ മുഴുകി ഇല്ലാതായവരുമായ മഹാമനുഷ്യരുടെ വിശേഷണങ്ങള് പഠിക്കുന്നത്. ഇതും വലിയ വലിയ ഗുണം തന്നെ.

ഈ രണ്ട് വിദ്യകൾ വഴി ഞാന് ഒന്നാം ക്ലാസ്സും പത്താം ക്ലാസ്സും പാസ്സായി. ഇടയ്ക്കുള്ള പടവുകള്, അതായത്, മതത്തിന്റെ അടിസ്ഥാന നിയമങ്ങൾ, ശരീഅത്തിന്റെ വിശദാംശങ്ങള് വിശുദ്ധ വേദത്തില് നിന്നും തിരുചര്യയിൽ നിന്നും മനസ്സിലാക്കുക എന്ന സംഗതി, ദുർഘടമായി അവശേഷിച്ചു. കാരണം, ഞാൻ മനസ്സിലാക്കുന്നു, ബാഹ്യ നിയമങ്ങളുമായി ബന്ധപ്പെട്ട അറിവുകളും, ഉള്ളിലെ വിചാര വികാരങ്ങൾ സംബന്ധമായ അവസ്ഥകളും അല്ലാഹുവില് നിന്നും/ അവന്റെ കിത്താബില് നിന്നും, തിരുദൂതരില് നിന്നും/ നബി ചര്യയിൽ നിന്നും അതിന്റെ പച്ചപ്പോടെ/ ആർദ്രതയോടെ അകമറിയണം എന്നായിരുന്നു എനിക്ക്.

ദമസ്കസിൽ ഔലിയാക്കളെ കാണുന്നു

ഈയ്യൊരു മനപ്രയാസത്തിൽ ഞാൻ കഴിയവേ, അല്ലാഹു തആലാ എന്നോട് അലിവ് കാണിച്ചു. ഡമസ്കസിലെ ഒരു സംഘവുമായി ഞാൻ സംഗമിക്കാൻ അവസരം ഒരുക്കുകവഴി അല്ലാഹു എനിക്ക് വലിയ ഗുണം ചെയ്യുകയായിരുന്നു..

നുബുവ്വത്തിന്റെ നാളുകളെ കുറിച്ച്, സ്വഹാബികളുടെ ജീവിത ചര്യയെ സംബന്ധിച്ച്, അവതീര്ണ്ണമായ വിശുദ്ധ വചനങ്ങളുടെ ആശയത്തെ പ്പറ്റി, കിത്താബിൽ നിന്നും സുന്നത്തിൽ നിന്നും

പുറത്തെടുത്തിട്ടുള്ള വിശ്വാസ തത്വങ്ങളെ കുറിച്ച് തികഞ്ഞ അറിവുള്ളവരാണ് ഇക്കൂട്ടർ.

ആത്മായനം ചെയ്യുന്നവരുടെ/ ഈശ്വരനിലേക്ക് ഇറങ്ങിത്തിരിച്ചവരുടെ രുചി ഭേദങ്ങൾ, അവരുടെ ആരംഭ ദശകൾ, അവരുടെ അവസ്ഥാ വിശദാംശങ്ങൾ എല്ലാം അവർക്ക് നന്നായറിയാം. അത്തരം യാത്രയും അതിന്റെ ആദ്യമന്ത്യ അവസ്ഥകളും ദീനി ന്റെ പൂർണ്ണയതയുടെ ഭാഗമാണെന്ന് അവർ കാണുന്നു. അതൊന്നുമില്ലാതെ ദീൻ പൂർണ്ണമാകില്ലെന്ന് അവർ തിരിച്ചറിയുന്നു.

സമകാലികരായ ഫുഖഹാക്കളുമായോ സൂഫികളുമായോ യാതൊരു സാമ്യതയും ഞാൻ അവരിൽ കാണുന്നില്ല. എന്നാൽ, ഒന്നും രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ കടന്നുപോയ മഹാ മനുഷ്യരോടാണ് ഞാൻ അവരെ സാമ്യപ്പെടുത്തുക. അതായത്, സ്വഹാബികളുടെയും അവരെ പിന്തുടർന്നു ജീവിച്ച താബിഉകളുടെയും അവരെ അനുഗമിച്ച പിൻഗാമികളുടെയും കാലത്ത് ജീവിച്ച മഹാ മനീഷികളോട്.

അവരെ കാണുകയും അടുത്തു പെരുമാറുകയും ചെയ്തപ്പോൾ, മഹാന്മാരായ അബൂബകറിനെ, ഉമറിനെ, ഉസ്മാനെ, അലിയ്യെ (റളിയല്ലാഹു അൻഹും) കാണുകയാണോ എന്ന് തോന്നിപ്പോയി. സഈദ്ബനുൽ മുസയ്യബ്, ഹസനുൽ ബസ്വരി, റബീഉ ബ്നു ഖുസൈം, സാബിതുൽ ബുന്നാനി തുടങ്ങിയ താബിഈ പ്രമുഖരെ നേരിൽ കണ്ടപോലെ. ഇമാം മാലിക്, ശാഫിഈ, രണ്ട് സുഫ്യാൻ മാർ, രണ്ടു ഹമ്മാദ് മാർ, ഇബ്നുൽ മുബാറക്, അഹ്മദ് ബ്നു ഹമ്പൽ തുടങ്ങിയ പില്ക്കാല മാതൃകാവ്യക്തിത്വങ്ങളെ മുഖാമുഖം കാണുന്നപോലെ എനിക്കനുഭവപ്പെട്ടു.

മുഹമ്മദ് നബി സ്വ യ്ക്ക് ആകാശത്തു നിന്നും അവതരിച്ച ജ്ഞാനത്തിന്റെ പൊരുള് അഗാധമായി മനസ്സിലാക്കിയവരായിരുന്നു ഞാൻ ഇപ്പോൾ ചെന്നെത്തിയിരിക്കുന്ന സംഘം. അല്ലാഹുവിന്റെ കല്പനനകൾ നടപ്പിലാക്കി നിലനിര്ത്തുന്നതില് ബദ്ധ ശ്രദ്ധരാണിവർ. അന്ത്യദൂതർ സ്വ യുടെ അനുചരന്മാരെപ്പോലെ. ദീനിനെ ബഹുമാനിക്കുന്നവർ അത് സ്ഥാപിക്കുക്കുകയും ദീനിന്റെ നിയമങ്ങളും ചിഹ്നങ്ങളും വെളിപ്പെടുത്തുകയും ചെയ്യേണ്ട കര്ത്ത വ്യം സുപ്രധാനമായി എടുത്തവർ.

മതത്തിന്റെ പരിധി ലംഘിക്കുന്നവരോട്, വിശ്വാസപരമോ കര്‍മ്മ സ്വഭാവമുള്ളതോ ആയ വല്ല നിയമവും വീര്യം കുറച്ച് കാണുന്നവരോട് ഇവര്‍ ധാര്‍മിക രോഷം കാണിക്കുന്നു.

നിയമ നിര്‍ദ്ധാരണ തത്വങ്ങള്‍ മുതകല്ലിമുകളുടെതല്ല ഇവര്‍ സ്വീകരിച്ചിട്ടുള്ളത്. വിശുദ്ധ സൂക്തങ്ങളും ആരോഗ്യമുള്ള ഹദീസുകളും അടിസ്ഥാനമാക്കിയുള്ള 'അളവുകോലു'കളത്രെ അവരുടേത്. തഅ് വീലോ തഅ്ത്വീലോ തശ്ബീഹോ ഇല്ലാതെ സ്വിഫാത്തുകള്‍ പ്രമാണങ്ങളില് വന്ന പോലെ അവര്‍ ഗണിക്കുന്നു. ഇസ്തിവാ, നുസൂല്‍ പോലെയുള്ള എല്ലാ സ്വിഫാത്തുകളിലും അല്ലാഹുവിനോട് യോജിക്കുന്ന അതിന്റെ യഥാര്‍ത്ഥ ആശയമെന്തോ അപ്രകാരം മാത്രം അതിനെ സ്ഥിരീകരിക്കുന്നു.

അവരില്‍ ശരിയായ മഅരിഫത്ത് പ്രകടമായി കാണാം. അല്ലാഹുവിനെ കുറിച്ചുള്ളതും അത്യുന്നതന്റെ ദാത്തില്‍ നിലകൊള്ളുന്ന സ്വിഫാത്തുകളെ കുറിച്ചുള്ളതുമായ അഗാധ ജ്ഞാനം അവരുടെ അനുഭൂതിയിലും അവസ്ഥയിലും അറിവായും ദര്‍ശനമായും ഉള്ളതിന്റെ പ്രഭാവലയങ്ങള്‍ അവരില്‍ പ്രത്യക്ഷമായി കാണാം. **ഹൃദയത്തിലുള്ള അവയുടെ അടയാളങ്ങള്‍ അവരുടെ നിസ്കാരങ്ങളിലും ദിക്രുകളിലും അല്ലാഹുവിലേക്കുള്ള ദഅവത്തിലും തെളിഞ്ഞു കാണുമായിരുന്നു.**

തങ്ങളുടെ നാഥനെ തങ്ങളില്‍ അധിവസിക്കുന്നവനായല്ല അവര് മനസ്സിലാക്കിയത്; 'മുകളില്‍' ഉള്ളവനായിട്ടായിരുന്നു. സത്തയിലും വിശേഷണത്തിലും അവന് 'അര്‍ശിനു മുകളിലാ'ണെന്ന് കാണിക്കുന്ന പ്രമാണങ്ങളുടെ അടിസ്ഥാനത്തില് അല്ലാഹുവിനെ അവര് ഇബാദത്ത് ചെയ്യുന്നു. **അത്യുന്നതനും മഹത്വമുടയവനുമായ അവനോട് യോജിക്കുന്ന തരത്തിലുള്ള ഒരര്‍ത്ഥമാണ് ഇവിടെ 'മുകളില്‍' എന്നതുകൊണ്ട് അവര്‍ ഗണിക്കുന്നത്. അല്ലാതെ, മേലെ എന്ന വശത്തില് അവര്‍ അല്ലാഹുവിനെ പരിമിതപ്പെടുത്തുന്നില്ല. എന്നല്ല, വശങ്ങള്‍ ഉണ്ടാകുന്നതിനു മുന്നേ, അര്‍ശും പ്രപഞ്ചവും ഉണ്ടാകുന്നതിന് മുമ്പേ അവന് ഉണ്ടായിരുന്നതായും അവന്റെ കൂടെ ഒന്നും ഇല്ലായിരുന്നുവെന്നും അവര് ഇതോടൊപ്പം വിശ്വസിക്കുന്നവരാണ്. അവന്‍ മാത്രമുള്ള അവസ്ഥ. അവനോടൊപ്പം മറ്റാരുമില്ലയെന്ന അവന്റെ ഏകത്വം. അതെക്കുറിച്ചാണ് അവന്‍ മുകളിലാണ് എന്ന് പറയുന്നത്.** പിന്നീട് പ്രപഞ്ചം ഉണ്ടായതിനു ശേഷമത്രേ അവന്റെ സത്താപരമായ ഔന്നത്യത്തിലേക്ക് ചേര്‍ത്തുകൊണ്ട് താഴെ എന്ന വശം പ്രയോഗത്തില് വരുന്നത്. നിശ്ചയമായും പരിശുദ്ധ സത്ത എല്ലാ വസ്തുക്കളെക്കാളും

അത്യുന്നതമാണ്. അവൻ പ്രപഞ്ചത്തിന് താഴെയാവുക അനുയോജ്യമല്ല. അവൻ പ്രപഞ്ചത്തില് ലയിച്ചിട്ടുമല്ല. അവൻ പ്രപഞ്ചത്തിൽ നിന്നും അകന്നാണ്. അതിനു താഴെയുമല്ല. അപ്പോൾ അവൻ 'മുകളിലാ'ണെന്ന് വന്നു.

അവർ അല്ലാഹുവിന്റെ മാർഗ്ഗത്തില്, അവന്റെ ദീന് നിലനിർത്തുവാന് തങ്ങളുടെ ശരീരവും സമ്പത്തും വിനിയോഗിക്കുന്നു. ദീനിന്റെ മഹത്വം തിരിച്ചറിയുന്നു. അതിന്റെ വക്താക്കളുടെയും വാഹകരുടെയും അത് നിലനിർത്തുവാന് പരിശ്രമിക്കുന്നവരുടെയും മഹത്വവും. കാരണം, ഇവർ ദീനീ വക്താക്കളും സുന്നത്തിന്റെയും ഹദീസിന്റെയും സന്നദ്ധ സഹായികളുമാണ്. പരിശുദ്ധ ദൂതരുടെയും അവിടുത്തെ ദീനിന്റെയും ശരീഅത്തിന്റെ സ്തംഭങ്ങളുടെയും സഹായികളാണ്. **ആദർശബന്ധുത്വം, വിശ്വാസികളെന്ന നിലക്കുള്ള സ്നേഹബന്ധം ഇങ്ങോട്ട് കാണിക്കുന്നവരോടെല്ലാം അവര് അങ്ങോട്ടും ആ ബന്ധം നിലനിർത്തുന്നു. ശത്രുത കാണിക്കുന്നവരോട് തിരിച്ചും ശത്രുത പ്രകടിപ്പിക്കുന്നു.** കാരുണ്യം, വാത്സല്യം, പക്ഷരാഹിത്യം, സത്യസന്ധത, കയ്യഴിഞ്ഞ സഹായം, ക്ഷേമസമത്വ വികാരം, സഹനം, ക്ഷമ, കോപനിയന്ത്രണം, പടപ്പുകളോട് കാരുണ്യം, പ്രതിസന്ധി നേരിടുന്നവരെ സഹായിക്കൽ, നിസ്സഹായരെ സംരക്ഷിക്കൽ, സ്വേച്ഛാധിപതികളോട് കടുത്ത നിലപാട്, ഫറോവമാരോട് തീവ്ര പ്രതികരണം തുടങ്ങിയ ആദരവാർന്ന സ്വഭാവഗുണങ്ങള് അവർ കാത്തുസൂക്ഷിച്ചു. അല്ലാഹുവിന്റെ ദീൻ ഉൾക്കൊള്ളുന്നതില് ഒരാക്ഷേപകന്റെ ആക്ഷേപത്തെയും അവർ ഭയന്നില്ല.

അല്ലാഹുവിൽ സ്നേഹിക്കുക, അല്ലാഹുവിൽ കോപിക്കുക- ഇതായിരുന്നു അവരുടെ മികച്ച രീതി. വിധിയിൽ നീതികാണിക്കുക. തൂക്കത്തിൽ പക്ഷം ഒഴിവാക്കുക. **തെറ്റായ ഒരു കാര്യം ഒരാളിൽ ഉണ്ടായെന്ന് വെച്ച് അതിനെ ചൊല്ലി അയാളോട് അനീതി കാണിക്കുന്ന രീതി അവരിലില്ല. പകരം, അയാളുടെ നന്മയും തിന്മയും തൂക്കുക മാത്രം. അയാളുടെ പദവി വകവെച്ചു കൊടുക്കും.**

സത്യ വിശ്വാസികളോട് താഴ്മ കാണിക്കുന്നവർ, സത്യ നിഷേധികളോട് കടുത്ത രോഷമുള്ളവർ, അല്ലാഹുവിന്റെ മാര്ഗ്ഗിത്തിൽ ജിഹാദ് ചെയ്യുന്നവർ, ഒരാക്ഷേപകനേയും ഭയക്കാത്തവർ, ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ അപാരമായ ക്ഷമയുള്ളവർ, തങ്ങളുടെ അവകാശങ്ങളില് വിട്ടുവീഴ്ച പുലര്ത്തുന്നവർ, എന്നാൽ അല്ലാഹുവിന്നുള്ള അവകാശത്തിൽ ഒട്ടും വിട്ടുകൊടുക്കാത്തവർ. അവർ

പരുക്കന്മാരായിരുന്നില്ല, പെരുമാറ്റത്തിൽ വെറുപ്പ് സൃഷ്ടിക്കുന്നവരും അല്ലായിരുന്നു. അങ്ങാടികളിൽ ബഹളം ഉണ്ടാക്കുന്നവരല്ല. മാപ്പ് നല്കുന്നവർ, പ്രയാസങ്ങൾ സഹിക്കുന്നവർ, തങ്ങളോട് മോശം കാണിച്ചവർ ക്ക് നല്ലത് തിരികെ നല്കുന്നവർ, സുന്നത്തിനെ സ്നേഹിക്കുന്നവർ, ബിദ്അത്തുകളെ കൊല്ലുന്നവർ..

അല്ലാഹുവിനെ ഭയക്കുന്നതിനാൽ നിസ്കാരത്തിൽ മനസ്സാന്നിധ്യം ഉള്ളവർ, ആര്ക്കാണ് നിസ്കരിക്കുന്നതെന്നും ആരെയാണ് ഇബാദത്ത് ചെയ്യുന്നതെന്നും ബോധ്യമുള്ളവർ, നിസ്കാരത്തിൽ പ്രവേശിച്ചാൽ അല്ലാഹു അല്ലാത്തതെല്ലാം അവര്ക്ക് ചെറുതായി. അവനല്ലാതെ അവരുടെ മനസ്സിൽ ഒന്നുമില്ല. ഖുര്ആ ൻ വചനങ്ങൾ പരിചിന്തനം ചെയ്തു പാരായണം ചെയ്യുന്നവർ.

അല്ലാഹുവിന്റെ കൽപനകൾക്ക്   മുന്നിൽ (ഫനാ) സ്വയം ഇല്ലതായവർ. അല്ലാഹുവിനെ അനുസരിക്കുന്നതിൽ അവർ അവരെ നിശേഷം വിസ്മരിക്കുന്നു. അവന്റെ വിധിയും തീരുമാനവും അവർ തൃപ്തിപ്പെടുന്നു.

പുണ്യറസൂൽ സ്വ അവരുടെ കണ്ണിലെ കൃഷ്ണമണിയാണ്. പുതിയ പ്രശ്നം വല്ലതും ഉയര്ന്നു വരുമ്പോൾ   വല്ല പുത്തൻ ആചാരങ്ങളും കാണുമ്പോൾ) തങ്ങളുടെ അന്തർദൃഷ്ടി കൊണ്ട് അവർ പുണ്യറസൂലിനെ നോക്കുന്നു,നിരീക്ഷിക്കുന്നു. റബ്ബിൽ നിന്നും അവിടുന്ന് ഏറ്റെടുത്തു പഠിപ്പിച്ച തിരുചര്യ എന്താണെന്ന് അവർ കേള്ക്കു ന്നു. എന്നിട്ട് അപ്രകാരം മാത്രം ചെയ്യുന്നു. അവിടുത്തെ വിധികളും തീരുമാനങ്ങളും നടപ്പിലാക്കുന്നു.

ഇസ്ലാമിനും മുസ്‌ലിം സമുദായത്തിനും ഉപകാരപ്രദമായ സേവനങ്ങളിൽ അവർ സ്വയം വിനിയോഗിക്കുന്നു. മുസ്ലിംകളുടെ വിശ്വാസങ്ങളിലും കര്മ്മങ്ങളിലും മാനസികാവസ്ഥകളിലും സംഭവിച്ച കേടുപാടുകൾ പരിഹരിച്ചു പരിഷ്കരിക്കുന്ന യജ്ഞത്തില് നിരതരാണവർ.

പ്രവാചകന്മാരുടെ ധര്മ്മം/ ദൗത്യം അനന്തരമായി ഏറ്റെടുത്തവർ. ദീനിന്റെ മഹാദീപങ്ങൾ, കപടന്മാരുടെ അരിശ വേദികൾ, സത്യവിശ്വാസികളുടെ ആനന്ദം,   നബിമാരുടെ 'സ്വകാര്യഅഹങ്കാരങ്ങൾ', സത്യസന്ധരുടെ സൗന്ദര്യത്തിളക്കം,സജ്ജനങ്ങൾക്ക് മാതൃക, അനുകരിക്കവുന്നവര്ക്ക് നേതാക്കൾ, ഭൂവാസികളുടെ വെളിച്ചവും വിളക്കും.

“അവർ നിമിത്തം ദീനും അതിന്റെ യാഥാര്ത്ഥ്യവും തിരിച്ചറിയപ്പെട്ടു. **സലഫും അവരുടെ വഴികളും വ്യക്തമായി. സത്യത്തിൽ ഇവർ സ്വഹാബികളുമായി സഹവസിച്ചവരാണോ എന്ന് തോന്നാം. എന്തൊരു സാദൃശ്യം! അവരുടെ അതേ പ്രകടനം! വിനയം, ഒതുക്കം, അർപ്പണഭാവം ..!**

ശാദുലിയ്യത്തും തൈമിയ്യത്തും : ഒരു താരതമ്യം

ഞാൻ ഇസ്കന്ദരിയ്യയില് കണ്ട സ്വൂഫികളുടെ ഉറച്ച ബോധ്യങ്ങളുടെയും സ്തുത്യർഹമായ അവസ്ഥകളുടെയും നിലവാരത്തിൽ നിന്നും ഇവര് ഒട്ടും പുറകിലായിരുന്നില്ല എന്നാണെന്റെ വിശ്വാസം. എന്നാൽ , അങ്ങനെ ആദ്ധ്യാത്മിക മേഖലയിൽ മാത്രമായി ഒതുങ്ങിക്കൂടാന് അവർക്ക് സമയം ഇല്ലാതാക്കിയത് ദീനിന്റെയും മുസ്ലിംകളുടെയും ക്ഷേമ പരിഷ്കരണം മുഖ്യമായെടുത്ത് പ്രവർത്തിക്കുക നിമിത്തമാണ്. അവർ എന്റെ ചങ്ങാതിമാര് ആണെങ്കിലും, എന്റെ വീക്ഷണത്തിൽ, ഇവരുടെ ഈ ദൗത്യമാണ് തങ്ങളുടെ നാഥനു വേണ്ടിയുള്ള ഏറ്റവും മഹത്തായ കർമ്മം. ദീനിനോടുള്ള അദമ്യമായ ബഹുമാനവും ആദരവും അതിലെ ആവേശവും അവരുടെ മാനസങ്ങളെ പരിഭ്രാന്തരാക്കിയിരിക്കുകയാണ്. **ഒരുവേള, ദീൻ നിലനിർത്താൻ, ശരീഅത്ത് നിയമങ്ങളും ദീനീ ചിഹ്നങ്ങളും സ്ഥാപിക്കാൻ പരിശ്രമിക്കുന്നവർക്ക് യോജിച്ചതല്ല, എന്റെ ചങ്ങാതിമാരായ സൂഫികളെപ്പോലെ സ്രഷ്ടാവുമായി മാത്രമുള്ള ഇടപാടുകളിൽ/ധ്യാനങ്ങളിൽ മുഴുകിയിരിക്കുക എന്നത്.** ആ സ്വൂഫികളെപ്പോലെ ഇവരും ഒഴിഞ്ഞിരുന്നു ഇബാദത്തുകളിൽ മുഴുകിയിരുന്നെങ്കിൽ അവരുടെ ആദ്ധ്യാത്മിക പദവിയിൽ എത്താൻ, ഒട്ടും ചുരുങ്ങാതെ, ഇവർക്കും സാധിക്കുന്നതാണ്. ഇൻഷാ അല്ലാഹ്.

എന്നാൽ, ശരീഅത്തിലെ ശാഖാപരമായ കാര്യങ്ങളിൽ ഏർപ്പെടുന്നത്, അത് സ്ഥാപിക്കാൻ വേണ്ടി സകല ഊർജ്ജവും തിരിച്ചുവിടുന്നത് സൂക്ഷിക്കേണ്ടതാണ്. അതു നിലനിർത്താന് ശ്രമിക്കുന്ന, അതൊരു മുഖ്യപ്രശ്നമായി കാണുന്ന വ്യക്തിയില്, തന്റെ പ്രകൃതത്തില് നിന്നും ചിലതെല്ലാം അവശേഷിക്കാന് അത്

കാരണമാകും. അതുമായി മനസ്സും ശരീരവും മുഖാമുഖം നിൽക്കുന്നതിനാൽ. ഒരാൾ ഒരു വസ്തുവുമായി ആത്മ ബന്ധം സ്ഥാപിക്കുമ്പോൾ അവര് തമ്മില് ഒരു ബന്ധം/പൊരുത്തം സ്വാഭാവികമായും രൂപപ്പെടുന്നു. പ്രവാചകന്മാരും ജ്ഞാനിയും തമ്മിൽ ഇതുപോലൊരു പൊരുത്തം രൂപപ്പെടുന്നില്ലെങ്കില് ആ ജ്ഞാനിക്ക് പ്രവാചകന്മാരിൽ നിന്നും ഒരു ഗുണവും ലഭിക്കാന് പോകുന്നില്ല. അല്ലാഹുവുമായുള്ള പ്രവാചകന്മാരുടെ സാമീപ്യത്തെ മാത്രം ജ്ഞാനികള് അഭിമുഖീകരിച്ചിരുന്നുവെങ്കില് അവരിൽ നിന്നും സാധാരണ ജനങ്ങൾക്ക് ഒന്നും ഗ്രഹിക്കാന് കഴിയുമായിരുന്നില്ല. എന്നാൽ, അല്ലാഹു അവർക്കിടയില് പൊതുവായ ഒരു അളവ് നിശ്ചയിച്ചു. പ്രവാചകന്മാർ ജനങ്ങൾക്ക് ഉപകരിക്കാൻ വേണ്ടി.

ഇപ്രകാരം, ദമസ്കസിലെ ഈ സംഘം പൂർണ്ണമായി ശരീരത്തെ ദൈവത്തിൽ ലയിപ്പിക്കുന്നത് അവർക്ക് നന്നല്ല. കാരണം, സത്യം സ്ഥാപിക്കാനാവശ്യമായ ധർമ്മരോഷ ശക്തിയാണ് അവർക്കാവശ്യം. അല്ലെങ്കിൽ, ജന്മ പ്രകൃതത്തിന്റെ ആളുകളുമായി ഇടപഴകി അതുവഴി അവരെ ദീനിലേക്കും ദൈവ ബോധത്തിലേക്കും വഴിനടത്താൻ ആവശ്യമായ പ്രകൃതമാണ് പ്രബോധകരായ ഇക്കൂട്ടർക്ക് യോജിക്കുക.

നമ്മുടെ മശാഇഖൻമാരുടെ ഇഷ്ടക്കാര് ചിലപ്പോള് ചോദിക്കാറുണ്ട്: “താങ്കൾ പറയുന്നു നമ്മുടെ ഗുരുക്കന്മാര് ആരിഫീങ്ങൾ ആണെന്ന്. അതുപോലെ, ശാദുലി സ്വൂഫികളും ആരിഫീങ്ങൾ ആണെന്ന് താങ്കള് പറയുന്നു. ഇരുകൂട്ടരും ദൈവ ജ്ഞാനം നേടിയവർ. എന്നാൽ നമ്മുടെ മശാഇഖന്മാർക്കില്ലാത്ത എന്ത് സവിശേഷതയാണ് അവർക്കുള്ളത്?” ഞാൻ അവരോട് പറയുന്നു: **“അവരുടെ സവിശേഷത എന്തെന്നാൽ, തീവ്രമായ ചില സാധനാ രീതികളുണ്ട് അവർക്ക്. കേവലം അവരെ കാണുന്നത് കൊണ്ടും അവരുടെ സംസാരം കേൾക്കുക വഴിയും ദൈവാന്വേഷിയിൽ അല്ലാഹുവിനോടുള്ള മഹബ്ബത്ത് , അവനിലേക്കുള്ള ആകർഷണം, അവനുവേണ്ടി ആഗ്രഹിക്കൽ, അവനല്ലാത്തതെല്ലാം വിസ്മരിക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രതിഫലിപ്പിക്കാൻ അവർക്ക് കഴിയുന്നു. മറ്റാരിലും കാണാത്ത അവരുടെ സ്വന്തം സവിശേഷതയാണത്.”**

മറ്റൊരു ന്യായം പറയാം.

അവരെ കാണുന്ന മാത്രയില് അല്ലാഹു അനുസ്മരിക്കപ്പെടുന്നു. കാണുന്നവരുടെ ഹൃദയത്തിലേക്ക് ശക്തമായും തീവ്രമായും അവന്റെ വെളിച്ചം കടക്കുന്നു. എന്നാൽ, നമ്മുടെ മശാഇഖന്മാരെ കാണുമ്പോൾ അവിടെ ദീനും സുന്നത്തും ശരീഅത്തും അനുസ്മരിക്കപ്പെടുന്നു. ദൈവജ്ഞാനത്തിന്റെ പ്രയോഗ രീതി പ്രകടിപ്പിക്കുക വഴി ശാദുലികളുടെ അവസ്ഥയില് ശരീഅത്ത് ലയിച്ചിരിക്കുന്നുവെങ്കിൽ, ശരീഅത്തിന്റെ പ്രയോഗ രീതി പ്രകടമാക്കുക വഴി ഇവരുടെ ഹാലുകളിൽ മഅ് രിഫത്ത് ലയിച്ചു ചേർന്നിരിക്കുകയാണ്.

എന്നാൽ, നമ്മുടെ മശാഇഖൻമാരാകുന്ന ഈ പണ്ഡിത സമൂഹമാണ് അവരുടെ നടേ പറഞ്ഞ സവിശേഷത കാരണം ശാദുലികളെക്കാള് ഉത്തമർ. ശരിയായ ഉസ്വൂലുകളും ഫുറൂഉകളും ഇവർ ഉൾക്കൊള്ളുന്നുവെന്ന കാരണത്താൽ. അതേ, ഈ സവിശേഷതയാണ് കൂടുതൽ ബലമുള്ളതും സ്ഥിരീകൃതമായതും. ഉസ്വൂലിലും ഫുറൂഇലും ഏറെ നിലയുറപ്പുള്ളതും. ഇവരുടെ ഹൃദയങ്ങൾ അവരേക്കാള് പ്രകാശം നിറഞ്ഞതാണ്. കാരണം, കിതാബുകൊണ്ടും സുന്നത്തുകൊണ്ടും അവയില് നിന്നുള്ള ബോധ്യങ്ങൾ കൊണ്ടുമാണ് ഇവരുടെ ഹൃദയങ്ങള് വെളിച്ചം തൂകുന്നത്. ഇതേ സ്രോതസ്സിൽ നിന്നാണ് അവ വിശ്വാസകാര്യങ്ങളും സാക്ഷ്യങ്ങളും അറിവുകളും അവസ്ഥകളും കൊളുത്തിയെടുത്തിരിക്കുന്നത്. എന്റെ ഇക്കാലത്ത്, ഹിജ്റ ഏഴാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളില്, ഞാൻ കണ്ട ആരെക്കാളും ഋജുവായ ദീൻ ഇവരുടെ അടുക്കലാണ്. പരിശുദ്ധ റസൂലിന്റെ തിരു ചര്യ നന്നായി അനുഗമിക്കുന്നതും അവർ തന്നെ. തിരു ദൂതരെ നേരിൽ കാണുകയും അവിടുത്തെ ഓരോ ദിനത്തിനും സംഭവങ്ങള്ക്കും യുദ്ധ മുന്നേറ്റങ്ങൾക്കും സാക്ഷിയാവുകയും ചെയ്ത സ്വഹാബികളെ പോലെ, തിരുദൂതരുടെ ചവിട്ടടികളിൽ , വഴിത്താരകളിൽ അവരെപ്പോലെ സഞ്ചരിക്കുന്ന ആരെയും ഇക്കാലത്ത് ഞാൻ കാണുന്നില്ല.

അവർ അത്രയ്ക്കും തിരുചര്യയോട് ആർത്തിയുള്ളവരാണ്. അബൂബകറിനോടും ഉമറിനോടും ഏറ്റവും സദൃശരായ ജന വിഭാഗം, അവരുടെ ചര്യ പിന്തുടരുന്നതിൽ മറ്റുള്ളവരേക്കാൾ മുന്നിൽ.

അവരാണ് സ്വൂഫികൾ. നല്ലവണ്ണം മിനുസമുള്ള ഹൃദയ ത്തിനുടമകൾ. സമ്പൂര്ണ്ണ സമര്പ്പിതർ. ശക്തമായ ദിവ്യ/ ദീനീ പ്രേമികൾ. അല്ലാഹുവിനെ വല്ലാതെ ബഹുമാനിക്കുന്നവർ. തികഞ്ഞ പരിത്യാഗികൾ. ദൈവത്തിൽ നിന്നും ശ്രദ്ധ തിരിക്കുന്ന സംഗതികളിൽ നിന്നെല്ലാം അകന്നു കഴിയുന്നവർ. അവർ ദൈവാന്വേഷണ പാതയിൽ സ്വയം മറന്നവരത്രേ. അക്കാരണത്താൽ അവര് തേടുന്ന കാര്യം പരിപൂർണ്ണമായും അവർക്ക് പകരമായി ലഭിച്ചു. അതെന്താണ്?

അതൊരു ഹാലാണ്. അതിന് അതിന്റേതായ ചൂടും ചാട്ടവും ഉണ്ട്. അത് മറ്റുള്ളവരുടെ ഹാൽ പോലെയല്ല. അല്ലാഹുവിനെയും അവന്റെ ദീനിനെയും മുറുകെ പിടിച്ചുള്ള വിശാല ഹൃദയത്വമാണ്; വെളിച്ച പ്രവാഹമാണ്. അവരുടെ ഈ അവസ്ഥകൾക്ക് തീവ്രമായ ചില വെളിപാട് വേദികള് ഉണ്ട്, ദൈവ സാമീപ്യത്തിലേക്ക് ആത്മാക്കൾക്ക് ആകർഷണം ഉറപ്പുവരുത്തുന്ന ചില കാഴ്ചപ്പാടുകള്. അത് അവർക്ക് മാത്രം അവകാശപ്പെട്ട സാമീപ്യം ആയിരിക്കും. അറിവിലും അമലിലും അല്ലാഹുവിന്റെ ഏറ്റവും മഹത്തായ സംഗതിയും ഇതാണ്. മാത്രമല്ല, ഈ നിലപാട് അല്ലാഹുവിനെ ബഹുമാനിക്കുന്നതിന്റെയും സ്നേഹിക്കുന്നതിന്റെയും ഭാഗമാണ്.

എല്ലാ സംഘത്തിനുമുണ്ട് അജ്ഞാതമല്ലാത്ത ചില സവിശേഷതകള്. മറ്റുള്ളവരുടെ മികവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കുറവാണെന്ന് വെച്ച് അവര് അനീതി ചെയ്യപ്പെടാവതല്ല. അതുകൊണ്ട് പറയട്ടെ, ഞാൻ ഇഷ്ടപ്പെട്ട ആ സ്വൂഫികള് ഉണ്ടല്ലോ, ഞാൻ നേരില് കണ്ടതനുസരിച്ച്, സ്വന്തം ഇച്ഛകളെ ഭരിക്കുന്നതിലും അവയെ ദുഷിച്ച സ്വഭാവങ്ങളിൽ നിന്നും സ്ഫുടം ചെയ്യുന്നതിലും നന്നായി ഏർപ്പെടുന്നവരാണ്. മനസ്സിൽ ഉയർന്നു പൊങ്ങുന്ന വിചാരങ്ങളെ അടച്ചു പൂട്ടുന്നതിലും അവർ വിദഗ്ധരാണ്. യഥാർത്ഥം അല്ലാഹു അറിയുന്നു.

അവരെ ഞാൻ ദൈവ സന്നിധാനത്തിലെ മലക്കുകളോട് ഉപമിക്കുന്നു. അവന്റെ അര്ശിനെ വലയം ചെയ്യുന്ന മലക്കുകളോട്. എല്ലാ അർത്ഥത്തിലുമുള്ള സാദൃശ്യമായി മനസ്സിലാക്കരുത്. അവരുടെ ഹൃദയങ്ങൾ ഔലിയാക്കളുടെ സൈന്യത്തോടൊപ്പം അര്ശിനു ചുറ്റുമാണ്. അതിനാൽ, അവരുടെ മനുഷ്യ പ്രകൃതം മിക്ക സമയങ്ങളിലും മനുഷ്യരുടേതില് നിന്നും മലക്കുകളുടേതായി മാറുന്നു. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇതാണ് അവരുടെ അനിഷേധ്യമായ സവിശേഷത. അത് പ്രാപിക്കാൻ മറ്റുള്ളവർക്ക് സാധിക്കില്ല. കാരണം, അവരുടെ ആത്മാവുകള് അല്ലാഹുവിൽ

ബന്ധിതമായ പറവകളാണ്; ശരീരങ്ങൾ മെലിഞ്ഞുണങ്ങി ദുർബ്ബലമായതും. അവരുടെ കരളുകൾ ദിവ്യ പ്രേമത്താൽ എരിയുന്ന കനലുകളത്രെ. അല്ലാഹുവിലുള്ള അനുരാഗം അവരെ ഭരിക്കുകയാണ്. അവരുടെ അവയവങ്ങളെയും ശരീര സന്ധികളെയും അത് കീഴടക്കിയിരിക്കുന്നു. ആ അവയവങ്ങളിൽ നിറയെ ദൈവ പ്രേമമാണ്. അവനുമായുള്ള സാമീപ്യത്തിന്റെ പ്രകാശത്താല് നിർഭരമാണ്. സ്നേഹത്തിന്റെ സുന്ദരപ്രഭാവം, അഗാധമായ ദിവ്യജ്ഞാനത്തിന്റെയും ദിവ്യാനുഭൂതിയുടെയും അടയാളങ്ങള് അവരുടെ മേൽ ഒളിമിന്നുന്നു.

“നിന്നിൽ നിന്നും ഞാന് പരിചിതമല്ലാത്ത കുളിർക്കാറ്റ് മണക്കുന്നു; ശവമാണെന്നാ കരുതിയത്; പക്ഷേ, നിന്നിൽ ഒഴുകുന്നത് പരിമള പ്പുഴയോ?!”

നമ്മുടെ ഗുരുക്കന്മാരുടെ സ്ഥിതിയോ? **ഞാൻ അവരെ ദൈവദൂതന്മാരുടെ പ്രതിനിധികളോട് സദൃശ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു.** അവർ മലക്കുകൾ ആണെങ്കിൽ ഇവർ പ്രവാചക ശിഷ്യന്മാർ. ഇവർക്ക് നബിമാരുമായി നല്ല പൊരുത്തം കാണാം. അല്ലാഹുവിന്റെ ദീൻ നിലനിർത്താനും അതിനെ സഹായിക്കാനും, അതിനെതിരെ വരുന്ന ആക്രമണങ്ങൾ നാക്കും തൂലികയും തടിയും ഉപയോഗിച്ച് തടുക്കാനും അവര് പരിശ്രമിക്കുന്നു; അല്ലാഹു ഇഷ്ടപ്പെടുന്ന വിധം ദീൻ നിലനിർത്താനുള്ള അവരുടെ ആർത്തിയും ആവേശവും അവര് കാണിക്കുന്നു. അതാണ് ഇവരെ ഇങ്ങനെ സദൃശപ്പെടുത്താന് നിദാനം. ഇതത്രേ ഇവരുടെ അനിഷേധ്യമായ സവിശേഷത. മുകളിൽ പരാമർശിച്ച സൂഫികൾക്ക് ഇപ്പണി വഴങ്ങില്ല.

സൂഫികൾക്ക് മാത്രമുള്ള, മറ്റാരിലും ഇല്ലാത്ത സവിശേഷതയുടെ ഉദാഹരണം ഇങ്ങനെയാണ്: ഒരാൾ മാലികീ മദ്ഹബ് വിശദമായി അറിയാൻ ആഗ്രഹിച്ചുവെന്ന് കരുതുക. തീർച്ചയായും, അത് മാലികീ മദ്ഹബ് വക്താക്കളുടെ അടുക്കൽ മാത്രമേ കാണൂ. ആ വിദ്യാർഥി നമ്മുടെ ശൈഖന്മാരുടെ അടുക്കല് വന്നുവെന്നിരിക്കട്ടെ, മാലികീ മദ്ഹബ് സാമാന്യമായി പരിചയപ്പെടാം എന്നല്ലാതെ കൃത്യമായ അതിന്റെ രൂപഭാവങ്ങള് മനസ്സിലാക്കാന് കഴിയില്ല. കാരണം, അത് അനുഗമിക്കുന്ന ആളുകൾക്കേ കൃത്യമായി പറഞ്ഞുകൊടുക്കാന് കഴിയൂ. വിദ്യാർഥിക്ക് അതിന്റെ ശരിയായ ശൈലി മനസ്സിലായാൽ മാത്രമേ മതിയാകൂ. അതുപോലെയാണ്, ദീനിന്റെ/ വിശ്വാസ കർമ്മങ്ങളുടെ പൊരുളുകള് അന്വേഷിക്കുന്ന

വ്യക്തിയുടെ സ്ഥിതിയും. അത് ലഭിക്കാന് അതിന്റെ ആളുകളുടെ അടുക്കൽ പോകണം. എന്നാൽ, നമ്മുടെ ഫുഖഹാക്കളാകുന്ന ശൈഖന്മാരുടെ അരികിൽ വന്നാൽ, അവരുടെ അറിവ് അനുസരിച്ചും അനുഷ്ഠിക്കുന്ന അളവിലും ലഭിച്ചേക്കും, അത്രമാത്രം.

എന്നാൽ, സ്വൂഫികളുടെ രീതിശാസ്ത്രം, നമ്മുടെ ശൈഖന്മാർ അനുഗമിക്കുന്ന അടിസ്ഥാന തത്വങ്ങള് ഇല്ലാതെ സ്വയം പര്യാപ്തത കൈവരിക്കില്ല.കാരണം, അവ സംരക്ഷിക്കാനുള്ള അടിക്കല്ലുകൾ അവയാണ്. അല്ലാത്തപക്ഷം, ആ സ്വൂഫി രീതിയെല്ലാം നിഷ്പ്രഭമായിത്തീരും. അതിന് ഒരു അടിത്തറയും ഉണ്ടാകില്ല.

എനിക്കെന്റെ ദീന് പൂർത്തിയാക്കാനും എന്റെ വഴിയും സ്ഥിതിയും മനസ്സിലാക്കാനും സഹായകമായ ശൈഖിനെ കാണാന് സാധിപ്പിച്ചുകൊണ്ട് എന്റെ അന്വേഷണ യാത്ര പൂർത്തിയാക്കിയ, എന്റെ തേട്ടങ്ങള് സമാഹരിച്ചുതന്ന അല്ലാഹുവിനു സ്തുതി.

ഹലാലും ഹറാമും വിവരിച്ചു തന്ന ഗുരുവര്യരെ ഞാൻ ആദ്യം കണ്ടു. പിന്നെ, ആരാധ്യന്റെ യാഥാർത്ഥ്യങ്ങളും അവനിലേക്ക് ചേരാനുള്ള രൂപങ്ങളും വിവരിച്ചു തന്ന ശൈഖന്മാരുമായി കണ്ടുമുട്ടി. തുടർന്ന്, വിശ്വാസ കാര്യങ്ങളുടെയും കർമ്മങ്ങളുടെയും ദർശനങ്ങളുടെയും അവസ്ഥകളുടെയും അടിസ്ഥാനമായി വർത്തിക്കുന്ന ഖുർആനും സുന്നത്തും വിവരിച്ചു തന്ന മഹാ മനീഷികളുമായി ഞാൻ സന്ധിച്ചു.

ഞാൻ ആഗ്രഹിക്കുന്നു, അല്ലാഹുവിന്റെ ഔദാര്യത്താൽ, ആ മഹാഗുരുക്കളുടെ ത്വരീഖത്ത് രീതി അവലംബിച്ചു ആത്മീയ ജീവിതം നയിക്കാന്, എന്റെ ദീനിന്റെ പ്രമാണങ്ങള് സമീപിക്കുന്നതിലും വിശ്വാസ- കർമ- അവസ്ഥകളില് അത് പിന്തുടരുന്നതിലും ഇവരുടെ മാർഗ്ഗം പിന്തുടരാന് അല്ലാഹു ഉതവി നൽകുമെന്ന്. എന്റെ സൂഫി സുഹൃത്തുക്കളായ സഹോദരങ്ങളുടെ ഹഖാഇഖിന്റെ അവസ്ഥകള് നൽകി അല്ലാഹു എന്നെ അനുഗ്രഹിക്കട്ടെ. ദൈവസാമീപ്യം സംബന്ധമായ പൊരുളുകൾ, അവനിൽ ചെന്നെത്തുന്ന പദവികളുടെയും അവന്റെ ഇഷ്ടനാകുവാന് ലഭിക്കുന്ന സൗഭാഗ്യങ്ങളുടെയും യഥാർത്ഥ അവസ്ഥകൾ, അവന്റെ പ്രത്യേകക്കാരിൽ പെടുന്ന വഴികൾ, ഉടമയെ അടിമയും ദാസനെ ആരാധ്യനും എറ്റെടുക്കുന്ന വിലായത്തിന്റെ സംഗതികള് അവന് കനിഞ്ഞരുളട്ടെ.

ഞാൻ അല്ലാഹുവിങ്കല് നിന്നും വിനീതമായി ആഗ്രഹിക്കുന്നു: ഈ അറിവിലും വിശ്വാസത്തിലും കർമ്മത്തിലും മരണപ്പെട്ട് അതേ നിലയില് അവന് എന്നെ മഹ്ഷറില് ഒരുമിച്ചു കൂട്ടണമെന്ന്. പൂർണ്ണതയില് എത്തിക്കുന്ന ഇതേ സ്വൂഫി അവസ്ഥയില് നിന്നും പിടിവിടാതെ. ഞാനാദ്യം പരാമർശിച്ച ആ കൂട്ടരുടെ സഹവാസത്തില് നിന്നും എന്നെ ഇഹലോകത്തും പരലോകത്തും നീ കാക്കണേ. അവരെ നേർവഴിയിലാക്കാന്, അന്ധരുടെ വഴിയിൽ നിന്നും പുറത്തുകൊണ്ടുവന്ന് അവൻ അനുഗ്രഹിച്ചവരുടെ - കോപത്തിന് പത്രമായവരുടെയും പിഴച്ചു സഞ്ചരിക്കുന്നവരുടെയും വഴിയല്ല- വഴിയിലേക്ക് അവരെ പ്രവേശിപ്പിക്കാൻ ഞാൻ അവനോട് പ്രാർഥിക്കുന്നു.

അവൻ നാം ഏവർക്കും മാപ്പ് നൽകട്ടെ.

അല്ലാഹുവിനു സ്തുതി. അവൻ ഏകൻ. നമ്മുടെ നേതാവ് മുഹമ്മദ് നബിക്കും അവിടുത്തെ ബന്ധു മിത്രങ്ങൾക്കും അനുചരന്മാർക്കും അവന്റെ സ്വലാത്തും സലാമും ആശിർവദിക്കുന്നു. അന്ത്യനാൾ വരേയ്ക്കും.

ഇബ്നു തൈമിയ്യ വായിക്കപ്പെടണം.. എന്തുകൊണ്ടെന്നാൽ..?

'ഇബ്നു തൈമിയ്യൻ നവോത്ഥാന സംഘം' കേരളത്തിൽ രൂപപ്പെട്ടതിന് നൂറു വർഷങ്ങൾക്ക് ശേഷമാണ് ശൈഖുല് ഇസ്ലാമിന്റെ ധൈഷണിക വൈജ്ഞാനിക സംഭാവനകള് ശ്രദ്ധേയമായ ഒരു ചർച്ചയ്ക്ക് ഇവിടെ വിധേയമാകുന്നത്!! അദ്ദേഹത്തിന്റെ ജീവചരിത്രം, വിവിധോന്മുഖമായ ജീവിതസംഭാവനകൾ, സവിശേഷമായ ഇടപെടലുകള് വിവരിക്കുന്ന ഒരു ഗ്രന്ഥം പോലും മലയാളത്തിൽ പുറത്തുവന്നില്ല. സമകാലികരും പിൻഗാമികളും അദ്ദേഹത്തെ വാഴ്ത്തിയ പ്രസ്താവനകൾ അടുക്കിവെച്ചുള്ള (മഹാജീവിത ചരിത്രത്തിൽ ചേർക്കാവുന്ന) ഒരദ്ധ്യായം 1930 കാലഘട്ടത്തില് വക്കം അബ്ദുൽ ഖാദിര് മൗലവി അറബിമലയാളത്തില് എഴുതിയ "ഔഉസ്വബാഹി'ൽ ഉള്പെടുത്തിയിരുന്നു. 1954 ല് ഫലകി കുഞ്ഞഹമ്മദ് മുസ്ല്യാർ 'ഇസ്ലാമിലെ രണ്ട് മഹാന്മാർ' എന്ന പേരിൽ ഇറക്കിയത് ഔഉസ്വബാഹിന്റെ 'മലബാർ പതിപ്പ്' മാത്രമായിരുന്നു. അതേപുസ്തകത്തിലെ പ്രസ്തുത അദ്ധ്യായം 'ഇമാം ഇബ്നു തൈമിയ്യയും ആരോപണങ്ങളും' എന്ന പേരിൽ 'യുവത' 1999ൽ മലയാള ലിപിയില് പ്രസിദ്ധം ചെയ്തു. ഇങ്ങനെ പലരൂപത്തിൽ/ പേരിൽ പുനപ്രസിദ്ധം ചെയ്തുവെന്നല്ലാതെ പുതുതായി ഒന്നും സംഭവിച്ചില്ല?! കേരളത്തിനു പുറത്ത്, വിശിഷ്യാ അറബി ഭാഷയിൽ നൂറുകണക്കിന് ഗവേഷണ പഠനങ്ങൾ അദ്ദേഹത്തെ കുറിച്ച് പുറത്തുവന്നത് ലഭ്യമാണെന്നോർക്കുക. മുഹമ്മദ് ബിന് അബ്ദിൽ വഹാബി'നെക്കുറിച്ച് അബ്ദുസ്സലാം ഓമശ്ശേരി തയ്യാറാക്കിയ സ്വതന്ത്ര ലഘുപഠനം ഐ പി എച്ച് 1983 ല് മലയാളിക്ക് വായിക്കാൻ തന്നിട്ടുണ്ടായിരുന്നു എന്നകാര്യം വിസ്മരിക്കരുത്. 'നവോഥാന ആനുകാലികങ്ങൾ' പ്രസാധനം തുടങ്ങിയിട്ട് നൂറു വർഷമായി. ഇന്നേവരെ ഇബ്നു തൈമിയ്യയെ സമഗ്രമായി സമീപിക്കുന്ന 'ശൈഖുൽ ഇസ്ലാം പതിപ്പ്' ഇറക്കാനുള്ള 'ധൈര്യം' ഒരാളും കാണിച്ചില്ല. ഇബ്നുതൈമിയ്യ ചെറുതും വലുതുമായ അനേകം കിതാബുകൾ രചിച്ച അനുഗ്രഹീത ഗ്രന്ഥകാരനാണ്. എന്നിട്ടെന്ത്, മുജാഹിദ്, ജമാഅത്തെ ഇസ്ലാമി, തബ്ലീഗ് നടത്തുന്ന ഉന്നത മതപാഠശാലകളിൽ ശൈഖുല് ഇസ്ലാമിന്റെ ചെറുതോ വലുതോ ആയ ഒരു കിതാബ് പോലും ഓതിക്കൊടുത്തില്ല എന്നത് ഗുരുതരമായി കാണേണ്ട പാതകമാണ്. അദ്ദേഹത്തിന്റെ

അൽഅഖീദത്തുല് വാസിതിവിയ്യ , അൽഫുർഖാന് എന്നീ കൃതികളാണ് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടുള്ളൂ. അഖീദത്തുൽ വാസിതിവിയ്യ അറബി മലയാളത്തില് കെ ഉമര് മൗലവി പരിഭാഷപ്പെടുത്തിയത് അവസാന പേജും ചിതലരിച്ചു തീർന്നു. അൽഫുർഖാന് പൂർണ്ണമായി മലയാളത്തിലാക്കാന് അനുയായികൾക്ക് ഊക്കുണ്ടായില്ല. അതിലെ 'കറാമത്ത്' അദ്ധ്യായം മാറ്റിവെച്ചു. ഏതായാലും ശൈഖുൽ ഇസ്ലാമിനെ വായിക്കാനും വായിപ്പിക്കാനും ഇത്രകാലം മടിച്ചത് സ്വന്തം പ്രോമോട്ടർമാര് തന്നെയായിരുന്നുവെന്നർത്ഥം. ഇബ്നു തൈമിയ്യയെ വായിക്കാൻ അനുവദിക്കാത്തതിനാല് അദ്ദേഹത്തെ സദാ ജപിക്കാറുള്ള സംഘത്തിൽ 'യുക്തിവാദവും ശാസ്ത്ര വാദവും ഹദീസ് നിഷേധവും തിരുത്തല് വാദങ്ങളും പൊന്തകെട്ടുകയായിരുന്നു. ഇബ്നു തൈമിയ്യ ഇപ്പറഞ്ഞ ഉലാലത്തുകൾക്കെതിരെയാണ് കനപ്പെട്ട ഗ്രന്ഥങ്ങള് എഴുതിയത്. അതേസമയം, പ്രതിയോഗികളെ പ്രതിരോധിക്കാൻ, അവരുടെതന്നെ ഇമാമിന്റെ വരികള് തിരഞ്ഞ്, ഒളിഞ്ഞെങ്കിലും ശൈഖുൽ ഇസ്ലാമിനെ വായിച്ചത് 'ളാല്ലും മുളില്ലു'മാണെന്ന് അദ്ദേഹത്തെ 'കുറ്റ'പ്പെടുത്തിയ 'വിരോധി'കളായിരുന്നു. 'ഇബ്നു തൈമിയ്യയുടെ വീക്ഷണത്തിൽ സുന്നി' എന്ന തരത്തിലുള്ള ഒന്നു രണ്ട് പുസ്തകങ്ങൾ അവര് ഈയ്യിടെ പുറത്തിറക്കി. പ്രതിയോഗികൾ സ്വീകരിച്ച ഈ പ്രത്യാക്രമണമുറ, ഭാഗ്യവശാൽ ഇരുപക്ഷത്തും പുനരാലോചനകള് ഉദിച്ചുവരാന് ഇടയായിട്ടുണ്ട്. ഇബ്നു തൈമിയ്യയുടെ അഭിപ്രായങ്ങൾ മുഖവിലക്കെടുക്കുന്ന പ്രവണത കുറെയൊക്കെ പ്രകടമാക്കി ഒരു സംഘം 'വിസ്ഡം' എന്ന പേരിൽ വേറിട്ടു പോന്നു. അവരുടെ വായന മുന്നോട്ട് പോയാൽ ഇനിയും മാറ്റങ്ങള് പ്രതീക്ഷിക്കാം. പ്രതിയോഗികൾക്കിടയിലോ, ഇബ്നു തൈമിയ്യയെക്കുറിച്ച് കൂടുതൽ പഠിക്കാന് ആവേശമുണ്ടാവുക മാത്രമല്ല, അദ്ദേഹത്തോടുള്ള വിരോധത്തിന്റെ തീവ്രത കുറഞ്ഞുവരുകയും ചെയ്തു. വിപരീത ദിശയിലൂടെയാണെങ്കിലും ശരി, കേരളത്തിൽ പ്രമോട്ടർമാരെപോലും ശൈഖുല് ഇസ്ലാമിലേക്ക് അടുപ്പിക്കുന്നതിൽ പ്രതിയോഗികളുടെ പങ്ക് ചെറുതല്ല.

ശൈഖുൽ ഇസ്ലാമിനെ പൈതൃക കാലത്ത് വായിച്ചതെങ്ങനെ?..

ഒരു 'തിരുത്തൽവാദി'യെന്ന നിലയ്ക്ക് ശൈഖുൽ ഇസ്ലാം പണ്ഡിത ലോകത്ത് വലിയ തോതിൽ ചര്ച്ചയായിട്ടുണ്ടെങ്കിലും കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം വരെയും അത്തരം വൈജ്ഞാനിക സംഘട്ടനങ്ങള് 'തെരുവേറി'യതായി കാണുന്നില്ല. എന്നാൽ, ഇബ്നു തൈമിയ്യയെ മാർക്കെറ്റ് ചെയ്യാൻ നവോത്ഥാനക്കാര് വരുന്നതിന്റെ നാനൂറു

വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ 'മുസ്ല്യാരുട്ടികൾ' ഇബ്നുതൈമിയ്യ എന്ന മഹാജ്ഞാനിയെ പരിചയപ്പെട്ടിട്ടുണ്ട്. വഅള് പറഞ്ഞുകൊടുക്കുന്നവർക്കുള്ള ഗൈഡായി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് ശൈഖ് സൈനുദ്ധീന് മഖ്ദൂം രണ്ടാമന് എഴുതിയ 'ഇർഷാദുല് ഇബാദി'ലെ 'മദ്യപാനം' അദ്ധ്യായം ഓതുന്ന സന്ദർഭത്തിലാണ് ഈ പരിചയപ്പെടല് തുടങ്ങുന്നത് . അതിങ്ങനെയാണ്:

"അറിയണം: മദ്യം പോലെത്തന്നെ കഞ്ചാവും ഹറാമാകുന്നു. ഒരു സംഘം ജ്ഞാനികൾ പ്രസ്താവിച്ചതു പ്രകാരം, കഞ്ചാവ് ഉപയോഗിക്കുന്നവന്ന് പ്രഹര ശിക്ഷ കൊടുക്കണം; മദ്യപാനിയെ ശിക്ഷിക്കുന്നപോലെ. ഇബ്നു തൈമിയ്യ പറഞ്ഞു: 'കഞ്ചാവ് ഹലാലാണെന്ന് വാദിക്കുന്നവൻ നിഷേധിയാണ്'. ഈ പ്രസ്താവന അദ്ദേഹത്തിന്റെ മദ്ഹബ് വക്താക്കള് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മദ്യം പോലെ കഞ്ചാവ് നജസാകുന്നു എന്ന വീക്ഷണം ചിലർക്കുണ്ട്. ഹമ്പലി ധാരയിൽ ആ അഭിപ്രായം ശരിയാണ്. ചില ശാഫിഈ ഉലമാക്കളും അതുതന്നെ പറയുന്നു. കഞ്ചാവ് ദ്രവ/ ആർദ്ര രൂപത്തിലാണെങ്കിൽ നജസ് ആകുന്നു; ഖര രൂപത്തിൽ നജസ് അല്ല എന്നും അഭിപ്രായമുണ്ട്. കഞ്ചാവ് ഉപയോഗിക്കുന്നതിന്റെ വിധി നാല് മദ്ഹബ് ഇമാമുമാർ പരാമർശിച്ചിട്ടില്ല. കാരണം, മുന്നേ കടന്നുപോയ സലഫിന്റെ കാലത്ത് അതില്ല. ഇസ്ലാമിക രാജ്യങ്ങളിലേക്ക് താർത്താരികള് വന്നതോടെയാണ് കഞ്ചാവ് ഉപയോഗമെന്ന പുതിയ പ്രശ്നം കർമ്മ ശാസ്ത്രത്തിനു മുന്നില് വരുന്നത്".

ഈ വരികൾ 'കിതാബ് തിരിയുന്ന' മുസ്ല്യാരുട്ടികളെ എന്തെല്ലാം സംഗതികൾ പഠിപ്പിക്കുന്നു, കഞ്ചാവ് ഉപയോഗത്തിന്റെ മസ്അലകൾ അല്ലാതെ. ഖിയാസ് എന്ന പേരിലുള്ള നാലാം പ്രമാണത്തിന് ഒരു ഉദാഹരണം കിട്ടുന്നതൊഴിച്ചാൽ?

1- ഇബ്നു തൈമിയ്യ ഹമ്പലി മദ്ഹബ്കാരനാണ്.
2- ഹമ്പലി മദ്ഹബിലെ കേവല പണ്ഡിതനല്ല, ആധികാരിക പണ്ഡിതനാണ്. മദ്ഹബിന്റെ വക്താവ് എന്ന ഉന്നത നിലവാരത്തിൽ എത്തിയ പണ്ഡിതനാണ്.
3- നാല് അംഗീകൃത മദ്ഹബുകളുടെ ഇമാമുകളുടെ മുന്നിൽ വരാത്ത ഒരു പുതിയ പ്രശ്നത്തെ, മദ്ഹബിന്റെ അടിസ്ഥാന തത്വങ്ങൾക്കനുസൃതമായി സമീപിക്കാന് കഴിയുന്ന 'മുജ്തഹിദ്' ആണ്. (ശാഫിഈ മദ്ഹബിൽ ഇമാം നവവിക്ക് നൽകുന്ന സ്ഥാനം)
4- കഞ്ചാവെന്ന പുതിയ പ്രശ്നത്തെ കുറിച്ച് ഖണ്ഡിതമായ വിധി പ്രഖ്യാപിച്ച ഇബ്നു തൈമിയ്യയെ (അദ്ദേഹമാണ് ഈ പ്രശ്നത്തിൽ ആദ്യമായി ഇടപെടുന്നത്) ഹമ്പലി മദ്ഹബുകാർ മാത്രമല്ല, സൈനുദ്ധീൻ മഖ്ദൂം വരെയുള്ള ശാഫികളും അംഗീകരിക്കുന്നു.

പ്രശ്നം 1 : ഇബ്നു തൈമിയ്യയെ 'തീവ്രമായി ആക്ഷേപിച്ച' അല്ലാമാ ഇബ്നു ഹജറിൽ ഹൈതമിയുടെ വിദ്യാർഥിയാണ് ഇർഷാദ് രചിച്ച മഖ്ദൂം സ്വഗീർ. ഉസ്താദിന്റെ ആദർശ തീവ്രത ഇല്ലാതിരുന്നോ ശിഷ്യന്? അതല്ല, ഉസ്താദിന്റെ 'പ്രയോഗ രഹസ്യം' നമ്മെ പഠിപ്പിക്കുകയായിരുന്നോ മഖ്ദൂം?

'പൊന്നാനി സ്കൂളിലെ' മറ്റൊരു മുദരിസ് ഇതിനു വിശദീകരണം നല്കും.. വായിക്കാം:

'പൊന്നാനിക്കളരി'യിൽ പഠിച്ചുവളർന്ന ശാഫിഈ പണ്ഡിതനും സാമൂഹ്യ വിപ്ലവകാരിയുമായ മമ്പുറം സയ്യിദ് ഫള്ൽ പൂക്കോയ (നവ്വറല്ലാഹു ളരീഹഹു) ' القول المختار في المنع عن تخيير الكفار' എന്നപേരിൽ എഴുതിയ രാജ്യഭരണ സംബന്ധമായ പ്രൌഢ രചനയിൽ (ഹി. 1273 ല് പ്രിന്റു ചെയ്യപ്പെട്ട ഉദ്ദത്തുല് ഉമറാ' കാണുക) ഇബ്നു തൈമിയ്യയെ വളരെ ബഹുമാനപൂർവ്വം സ്മരിക്കുന്നത് കൂടി കാണുന്ന മുസ്ല്യാർക്ക് ശൈഖുൽ ഇസ്ലാമിനെ കുറിച്ചുള്ള കൃത്യമായ ചിത്രം ലഭിക്കുന്നു.

ശൈഖുൽ ഇസ്ലാമിന്റെ കാലത്ത് ജിസ് യ സംബന്ധമായ പ്രശ്നമുണ്ടായപ്പോൾ, വിധിതീർപ്പ് തേടി ഉത്തരവാദപ്പെട്ടവര് ആധികാരിക പണ്ഡിതന്മാരെ സമീപിച്ചു. അവരുടെ പേരുകൾ ഫള്ൽ തങ്ങള് ഉദ്ദരിക്കുന്ന ക്രമവും രീതിയും ഇനിപറയുന്നു.

1- فأجاب شيخ الإسلام أبو العباس أحمد بن عبد الحليم بن عبد السلام بن تيمية رحمه الله تعالى ""
2- കമാലുദ്ധീൻ അഹ്മദ് ബ്നു മുഹമ്മദ് അശ്ശർബസി റഹി, ശാഫിഈ
3- ശൈഖ് ബുർഹാനുദ്ധീന് ഇബ്രാഹീം ബ്നുല് ഇമാം താജുദ്ദീന് ബ്നുൽ ഫര്കാഹ് , മാലികീ
4- ഖാസി ശംസുദ്ധീൻ ബ്നുല് ഹരീരി, ഹനഫീ
5- ശൈഖ് ശറഫുദ്ധീന് ഈസാ അസ്സവാവി, മാലികീ
6- ശൈഖ് മജ്ദുദ്ദീൻ ഈസാ ബ്നുല് ഹിസാബ്, ശാഫിഈ
7- ശൈഖ് സൈനുദ്ധീൻ അല്കബാനി, ശാഫിഈ
8- അലാഉദ്ദീൻ അൽബാജി, ശാഫിഈ

ഫള്ൽ തങ്ങളുടെ മേല് പരാമർശത്തില് നിന്നും മനസ്സിലാക്കാവുന്ന സംഗതികൾ :

ഒന്ന്, വലിയ വലിയ മസ്അലകളിൽ സമകാലികരായ രാഷ്ട്രീയ-മത നേതൃത്വം വിധി തേടി സമീപിച്ചിരുന്ന ഉന്നതസ്ഥാനത്തുള്ള മുഫ്തിയായിരുന്നു ഇബ്നു തൈമിയ്യ. സമകാല പണ്ഡിതന്മാരുടെ മുൻനിരയിൽ/ പ്രഥമ സ്ഥാനത്ത് തന്നെ ശൈഖുൽ ഇസ്ലാം ഉണ്ടായിരുന്നു.

രണ്ട്, ശൈഖുൽ ഇസ്ലാം എന്ന ദറജ പ്രാപിച്ച വലിയ ജ്ഞാനിയാണ് ഇബ്നു തൈമിയ്യ . മുകളിൽ പരാമർശിച്ച പണ്ഡിതന്മാർക്കിടയില് ശൈഖുല് ഇസ്ലാം എന്ന വിശേഷണം

ഫള്ൽ തങ്ങള് നല്കിയിരിക്കുന്നത് ഇബ്നു തൈമിയ്യക്ക് മാത്രമാണ്.

മൂന്ന്, റഹ്മത്ത് ചെയ്യട്ടെ എന്ന പ്രാർഥനാശംസകള് (തറഹ്ഹും)ചെയ്യാവുന്നതാണ്. അതാണ് മര്യാദ.

നാല്, 'ഇത് ആ ഇബ്നു തൈമിയ്യ അല്ല. ഇബ്നു തൈമിയ്യമാർ രണ്ടുമൂന്നെണ്ണം ഉണ്ട്' എന്നൊക്കെ പറഞ്ഞ് എനിക്ക് തടിയൂരാൻ കഴിയാത്ത വണ്ണം സമ്പൂർണ്ണ വിലാസം വെച്ചുകൊണ്ടാണ് ഫള്ല് തങ്ങള് ഇബ്നു തൈമിയ്യയെ പരാമർശിച്ചിരിക്കുന്നത്.

{ ഇത്തരം സംഗതികൾ കാണുമ്പോള് ഞങ്ങള് സാധാരണ പറയുക, 'ഇത് ഫള്ൽ തങ്ങളുടെ കറാമത്താകുന്നു' എന്നത്രേ. ഭാവിയിൽ കേരളത്തില് ഇബ്നു തൈമിയ്യയെ അന്ധമായി ആക്ഷേപിക്കുന്ന ചിലർ സംഘടിക്കുമെന്ന് മുൻകൂട്ടിക്കാണുന്ന കറാമത്ത്. (ഉദ്ദത്തുൽ ഉമറായില് സുപ്രധാന മസ്അലകള് വിശകലനം ചെയ്യുന്നിടത്ത് ഇബ്നു തൈമിയ്യയെ വേറെയും പരാമർശിക്കുന്നുണ്ട്.)}

ഇബ്നു തൈമിയ്യയെ കുറിച്ചുള്ള സൈനുദ്ധീൻ മഖ്ദൂം സ്വഗീറിന്റെയും മമ്പുറം ഫള്ല് തങ്ങളുടെയും സ്പഷ്ടവും കൃത്യവുമായ നിലപാട് കേരളത്തിൽ മറഞ്ഞുപോയത് എന്നുമുതലായിരിക്കണം? തര്ളിയത്ത് ഒഴിവാക്കാൻ ആഹ്വാനം ചെയ്യുന്ന സമസ്ത പാസ്സാക്കിയ പ്രമേയത്തില് ഇബ്നുതൈമിയ്യ റഹി യും ഉൾപ്പെട്ടത് കൌതുകമുള്ള കാര്യമാണ്.

'വഹാബി' ആയിരുന്നില്ല ശൈഖുൽ ഇസ്ലാം..

നിരന്തര പരിണാമിയായ ഒരു ദുഷ് പ്രവണതയാണ് 'വഹാബിസം'. ശൈഖ് മുഹമ്മദ് ബ്നു അബ്ദില് വഹാബിന്റെ പേരിൽ സംഘടിച്ച കേവല രാഷ്ട്രീയ പ്രതിലോമ മുന്നേറ്റമായിരുന്നു അത്. അലിയാർ തങ്ങളുടെ നാമത്തില് ഇസ്ലാമിക ചരിത്രമാകെ ചോര മണപ്പിച്ച റാഫിദികളുടെ സഹായത്താൽ, സാമ്രാജ്യത്വ ശക്തികള് മുസ്ലിം നാടുകളില് സൃഷ്ടിച്ച ദ്വന്ദ ഭൂതത്തിന്റെ പരിണിതിയത്രെ, ഒരർഥത്തില് വഹാബിസം.

അവരാദ്യം ശൈഖ് മുഹമ്മദിനെ ഒരു 'വഹാബി'യാക്കി. അതോടെ അദ്ദേഹത്തിന്റെ 'ഗുരു' അഥവാ ആദർശ സ്രോതസ്സ് ആയി അവതരിപ്പിക്കപ്പെട്ട ശൈഖുൽ ഇസ്ലാമും പ്രേക്ഷകരുടെ മുന്നിൽ 'വഹാബി'യായി മാറി.

ഇബ്നു തൈമിയ്യ യെക്കുറിച്ച് സമകാലികരും പിൽക്കാലക്കാരുമായ വിരോധികള് പ്രചരിപ്പിച്ച അപവാദങ്ങളുടെ നിരർത്ഥകത നിരൂപക നിപുണരായ

ഉലമാക്കൾ തിരിച്ചറിഞ്ഞതായിരുന്നു. ശൈഖുൽ ഇസ്ലാമിന്റെ ഒരു ഗ്രന്ഥം പോലും വായിക്കാതെ , അദ്ദേഹത്തിന്റെ വിമർശകരുടെയും നിരൂപകരുടെയും വരികള് മാത്രം വിശ്വസിച്ച് , അല്ലാമാ ഇബ്നു ഹജർ അൽഹൈതമി റഹി അവർകള് കൊടുത്ത ധ്യതി പിടിച്ച ഫത് വ ആദ്യാവസാനം വായിക്കാതെ ശൈഖുല് ഇസ്ലാമിനെ ചിലരെങ്കിലും ബോധപൂർവ്വം തെറ്റിദ്ധരിച്ചിരുന്നു. തങ്ങളെ കണക്കിന് പഴിപറഞ്ഞ, അന്നം മുട്ടിച്ച 'ആ പഹയനെ' കണ്ടാൽ ഭസ്മമാക്കാൻ 'കോഴിത്തലയും ചെമ്പുതകിടും പേക്കോലവും ഇരുമ്പാണികളും ' കരുതിയിരിക്കുകയായിരുന്നു കൂടോത്ര സൂഫികളും തരികിട കറാമത്ത് കേന്ദ്രങ്ങളും അവരുടെ ഈറ്റില്ലമായ റാഫിദികളും. അവർക്ക് 'മരുന്നു വെച്ചു കൊടുക്കുകയായിരുന്നു' വഹാബികൾ.

ശരിയായ അന്വേഷണത്തിൽ, ഇബ്നു തൈമിയ്യയില് നിന്നും ഒരുപാടകലെയാണ് ഇബ്നു അബ്ദിൽ വഹാബ്, അദ്ദേഹത്തിൽ നിന്നും വീണ്ടും അകലെയാണ് വഹാബികൾ എന്നറിയപ്പെട്ട രാഷ്ട്രീയ വിപ്ലവകാരികൾ, ഈജിപ്ത് കേന്ദ്രീകരിച്ച ചില ഉള്പതിഷ്ണുക്കൾ വഹാബിസത്തിനു നേതൃത്വം നൽകിയപ്പോള് വഹാബിസം വീണ്ടും രൂപം മാറുകയായിരുന്നു എന്ന് തിരിച്ചറിയാൻ വലിയ പ്രയാസമില്ല.

ശൈഖുൽ ഇസ്‌ലാം 'ലാ മദ്ഹബി' ആയിരുന്നില്ല; മദ്ഹബിനകത്ത് ഇജ്തിഹാദ് ചെയ്യുവാനുള്ള യോഗ്യതയാണ് പരമാവധി അദ്ദേഹത്തിന് ഉലമാക്കൾ കല്പിച്ചത്. മുത്ലഖ് മുജ്തഹിദ് എവിടെ പറക്കുന്നു, മുജ്തഹിദുൽ മദ്ഹബ് എവിടെ കിടക്കുന്നു?! ശൈഖ് മുഹമ്മദും അങ്ങനെത്തന്നെയായിരുന്നു.അദ്ദേഹവും ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട് താനൊരു ഹമ്പലി ആണെന്ന്.

ശൈഖുൽ ഇസ്‌ലാം ശാഖാപരവും ഇജ്തിഹാദിയ്യും ഊഹാധിഷ്ഠിത വുമായ ഒരു പ്രശ്നം കാണിച്ച് ഒരു മുസ്ലിമിനെയും കാഫിർ ആകിയിട്ടില്ല.

പ്രസിദ്ധ നബികീർത്തന കാവ്യമായ ബുർദ രചിച്ച ബൂസ്വൂരിയെ 'യാ അക്രമ..' ചൊല്ലിയതിനു ശൈഖ് മുഹമ്മദ് പോലും കാഫിറാക്കിയിട്ടില്ല എന്നിരിക്കേ, , ബുർദ യേക്കാള് ആയിരം കുതിര ശക്തിയിൽ നബി സ്വ യെ മദ്ഹു പാടുകയും അവിടുത്തെ വിളിച്ചു തേടുകയും ചെയ്യുന്ന ശൈഖ് സ്വർസ്വറിയെയും അദ്ദേഹത്തിന്റെ കാവ്യങ്ങളേയും 'തക്ഫീർ സീൽ' വെക്കാന് ശൈഖുല് ഇസ്ലാം മുന്നോട്ടു വരുമോ? പരുപരുത്ത വാക്കുകൾ പോലും പറഞ്ഞില്ല. സ്വർസ്വരി ശൈഖ് അബ്ദുല് ഖാദിര് ജീലാനിയുടെ മുരീദ് ആയിരുന്നു. ഇബ്നു തൈമിയ്യയുടെ വല്ല്യുപ്പയുടെ വിദ്യാർഥിയും ആയിരുന്നു. ഇന്ന് ബുർദ എത്രമാത്രം ജനകീയമാണോ അതിനേക്കാൾ ഹിറ്റ് ആയിരുന്നു സ്വർസ്വരീകാവ്യങ്ങൾ.

തിരുനബി സ്വ യുടെ മേൽ സ്വലാത്ത് ചൊല്ലാന് മുഴു സമയം ഉപയോഗിക്കുന്നതിന് പ്രോത്സാഹനം ചെയ്ത ശൈഖ് മുഹമ്മദ് , താൻ ദലാഇലുല് ഖൈറാത്ത്' കത്തിക്കുന്നു എന്ന അപവാദത്തെ പരസ്യമായി തള്ളിക്കളഞ്ഞു. എങ്കിൽ പിന്നെ, ശൈഖുൽ ഇസ്ലാമിന്റെ കാര്യം പറയണോ?

അനധികൃത മദ്യ ഷാപ്പുകളിലേക്ക്, അനാശാസ്യ കേന്ദ്രങ്ങളിലേക്ക് ജനകീയ വിപ്ലവ യാത്ര നടത്തിയ ശൈഖുല് ഇസ്ലാം ഏതെങ്കിലും ജാറം പൊളിക്കാൻ പോയ കഥ എവിടെയുണ്ട്?! അവസരം ഒത്താൽ തിരുനബി സ്വ യുടെ ഖുബ്ബ പൊളിക്കുമെന്ന് താൻ പറഞ്ഞതായുള്ള തീവ്ര ഭക്തരായ അനുയായികളുടെ കുപ്രചരണത്തെ ശൈഖ് മുഹമ്മദ് നിഷേധിച്ചിരുന്നല്ലോ.

ശിർക്കിനോട് ഘടനയില് സാദൃശ്യമുള്ള (വിശ്വാസത്തിൽ അല്ല) ഇസ്തിഗാസ എന്ന കർമ്മം ഒരാള് ചെയ്താല് അയാള് ശാശ്വത നരകത്തിനിടയാകുന്ന ശിർക്ക് ചെയ്തുവെന്നോ, അയാൾ ഇസ്ലാമിൽ നിന്നും പുറത്തുപോകുമെന്നോ, അയാൾ വധിക്കപ്പെടണമെന്നോ ശൈഖുൽ ഇസ്‌ലാം ഒരിക്കല് പോലും പ്രസ്താവിച്ചിട്ടില്ല, എഴുതിയിട്ടില്ല. ഇത്തരം ശിർക്ക് യഥേഷ്ടം നടക്കുന്ന ജാറങ്ങൾ അതിനാല് തന്നെ പൊളിച്ചുനീക്കാന് ഇരുട്ടത്തോ വെളിച്ചത്തോ അദ്ദേഹം അനുയായികളെ സംഘടിപ്പിച്ചിട്ടില്ല. ഇസ്തിഗാസ ചെയ്യുന്നവരെ കാഫിർ എന്ന് ഒരിക്കൽ പോലും ശൈഖുല് ഇസ്ലാം വിളിച്ചില്ല. അദ്ദേഹം അതിനെ ശിർക്ക് എന്നാണ് വിളിച്ചത്. ഈ പ്രയോഗത്തെ ചിലർ പിന്നീട് വളച്ചൊടിക്കുകയായിരുന്നു. ശിർക്കുന് ദൂന ശിർക്ക്, കുഫ്രുൻ ദൂന കുഫ്ര്, ബിദ്അത്തുന് ദൂന ബിദ്അ തുടങ്ങിയ തത്വങ്ങൾ മറച്ചുവെച്ചുകൊണ്ടാണ് ഇസ്തിഗാസ ശിർക്കാകുന്നു എന്ന കൊണ്ടുപിടിച്ച പ്രചരണം വഹാബികളുടെ നേതൃത്വത്തിൽ നടന്നത്.

“കുഫ്രൻ ബവ്വാഹന്” ഇല്ലാതെ ഒരു മുസ്ലിമിനെയും ഇസ്ലാമില് നിന്നും പുറത്താക്കാൻ ശൈഖുല് ഇസ്‌ലാം ഒരുമ്പെട്ടിട്ടില്ല. വഹ്ദത്തുൽ വുജൂദ്, തനാസുഖ് (അവതാരം) തുടങ്ങിയ വ്യക്തമായ പിഴവാദങ്ങൾ പുലമ്പിയിരുന്ന, തട്ടിപ്പും തരികിടയും മായാജാലങ്ങളും വശമാക്കി പൊതുജനങ്ങളെ കബളിപ്പിച്ചിരുന്ന സൂഫി കോപ്രായങ്ങളെ ആക്ഷേപിക്കുന്നതിൽ ഇബ്നു തൈമിയ്യ കാണിച്ച ധീരത ആരാലും വിമർശിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ കാടടച്ചുള്ള വെടിവെപ്പിൽ കുടുങ്ങിപ്പോയ ചില സാധു സൂഫികൾക്ക് അല്ലറ ചില്ലറ മുറിവ് പറ്റിയത് പൊറുക്കാൻ തയ്യാറാവുകയായിരുന്നു അവര്. മുസ്ലിംകളെ പച്ചക്ക് കാഫിറാക്കുക കൂടി ചെയ്തിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ കഴുത്തിൽ താമസംവിനാ കയറുവീഴുമായിരുന്നു. ഇജ്മാഇനെതിരെ സംസാരിച്ചതിന്റെ പേരില് പലവട്ടം

ജയിലേറിയത് ചരിത്രത്തിൽ ഉണ്ടല്ലോ. ഒരു മുവഹ്ഹിദിനേ മുശ്രിക്കും കാഫിറും ആക്കുക ചെറിയ അപരാധമല്ല. ശാഖാപരമായ കർമ്മ കാര്യത്തില് ഉള്ള എകോപനത്തെ ലംഘിക്കുന്നതിലും എത്രയോ ഗുരുതരമായ അപരാധമാണത്. ശൈഖുൽ ഇസ്ലാമിന് അതേക്കുറിച്ച് നല്ല ബോധവും ബോധ്യവുമുണ്ടായിരുന്നു. ആവർത്തിച്ച് അക്കാര്യം അദ്ദേഹം ഉണർത്തിയിട്ടുണ്ട്.

വഹാബികൾ ഇബ്നുതൈമിയ്യയുടെ ചിത്രം പതിച്ച കൊടുവാളേന്തി മുഴക്കിയത് ഇബ്നു തൈമിയ്യയുടെ ആദർശമായിരുന്നില്ല, മാതൃകയായിരുന്നില്ല. വഹാബികൾ ഇസ്തിഗാസയുടെ പേരിൽ മുസ്ലിംകളെ കൂട്ടക്കുരുതി നടത്തുകയായിരുന്നു. സംരക്ഷിക്കേണ്ടതും നിയന്ത്രിക്കേണ്ടതുമായ എല്ലാ 'ശിർക്കന് കേന്ദ്ര'ങ്ങളും തൗഹീദ് സ്ഥാപിക്കാനുള്ള തിടുക്കത്തിൽ ഭരണം ലഭിക്കുന്നതിനു മുമ്പേ നാമാവശേഷമാക്കുകയായിരുന്നു. കർമ്മപരമായി അനുചിതമായതും സാധാരണക്കാരെ പിന്തിരിപ്പിക്കേണ്ടതുമായ അപകടകരമായ ഒരു പ്രശ്നമായി ഇസ്തിഗാസയെ അവതരിപ്പിച്ച ശൈഖുൽ ഇസ്ലാം എവിടെ നിൽക്കുന്നു? അതിനെ രാഷ്ട്രീയ പടയൊരുക്കത്തിനുള്ള ഒരായുധമായും സത്യവിശ്വാസികളെ നശിപ്പിക്കാനുള്ള ന്യായമായും ഉപയോഗപ്പെടുത്തിയ വഹാബികൾ എവിടെ കിടക്കുന്നു?!

ശൈഖുൽ ഇസ്ലാമിനെക്കുറിച്ച് തെറ്റായ പ്രതീതി പരത്തുന്നതില് വഹാബികൾ വഹിച്ച പങ്ക് ഭീകരമാണ്. വഹാബികളിലൂടെ ശൈഖുൽ ഇസ്ലാമിനെ പരിചയപ്പെട്ടവർക്കെല്ലാം അദ്ദേഹത്തെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെപോയി. വഹാബികൾ പാടിത്തന്ന 'തൈമിയ്യാ മാല' ഈണത്തിൽ പാടി, ചിലരതിനു സംഗീതം നൽകി, മറ്റു ചിലർ ചലച്ചിത്രമാക്കി. വഹാബികളുടെ പുറം ചട്ടയിൽ പതിച്ച ശൈഖുല് ഇസ്ലാമിന്റെ ചിത്രം കാണിച്ച്, ഹറമുകളിലും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും മുസ്ലിംകളെ നരനായാട്ട് നടത്തിയും, ജാറങ്ങൾ അടിച്ചു നിരത്തിയും അഭിശപ്തരായ 'വഹാബികളുടെ ഗുരു'വാണത്രെ ഈ മനുഷ്യൻ' എന്ന് പറഞ്ഞ് ഇബ്നു അബ്ദില് വഹാബിനോടൊപ്പം ഇബ്നു തൈമിയ്യയെയും ആക്ഷേപിക്കാനും ബഹിഷ്കരിക്കാനും കേരള ഉലമാക്കൾക്ക് അവസരം വീണുകിട്ടി.

വെറുപ്പ് വേണ്ട, ധൈര്യത്തോടെ സ്നേഹിക്കാം..

ആഗോള സുന്നികളുടെ 'ഖുതുബെ ആലം' എന്ന് വിളിക്കാവുന്ന മഹാ പണ്ഡിതനാണ് , യൂസുഫ് നബ്ഹാനി റഹി. ശക്തനായ

സുന്നി, അടിയുറച്ച സൂഫി, വഹാബികളുടെ പേടിസ്വപ്നം. ഒരു കാലത്ത് ഇബ്നു തൈമിയ്യയുടെ ശക്തനായ വിരോധി.ഇബ്നു തൈമിയ്യക്കെതിരെ അക്കാലം മുതൽക്കുള്ള എതിർപ്പുകളെ കുറിച്ച് നല്ല അവബോധമുള്ള പരന്ന ജ്ഞാനി. സുബ്കി ഇമാമിനെയും ഇബ്നു ഹജറിനെയും നന്നായി ആദരിക്കുകയും വിലകൽപ്പിക്കുകയും ചെയ്യുന്ന അദബുള്ള സുന്നി. ഇബ്നു തൈമിയ്യയുടെ പല പിഴച്ച വാദങ്ങൾക്കും ശരിയായ തഅ വീൽ നൽകിക്കൊണ്ട് തന്നെ , അദ്ദേഹത്തോടുള്ള വിയോജിപ്പ് ശക്തമായ ഭാഷയിൽ പ്രകടിപ്പിക്കുന്നതും ഇസ്തിഗാസ, സിയാറത്ത് തുടങ്ങിയ 'ദീനുൽ ഇസ്ലാമിലെ മഹാ സംഭവങ്ങള്' സ്ഥാപിക്കുന്നതുമായ ശവാഹിദുൽ ഹഖ്' എഴുതിയ മഹാൻ. അദ്ദേഹം ഇബ്നു തൈമിയ്യ റഹി യെ സ്വപ്നം കാണുന്നു! ഒരു തവണയല്ല, രണ്ടു തവണ.!!

ഒരിക്കൽ, സുബ്ഹ് നിസ്കാരം കഴിഞ്ഞ് നബ്ഹാനി തങ്ങള് മയക്കത്തിലായിരുന്നു. സ്വപനത്തിൽ ഒരാള് വന്ന് പറഞ്ഞു: 'താങ്കളെ കാണാൻ ഇബ്നു തൈമിയ്യ വരുന്നുണ്ട്. കേട്ടപാടെ വീട്ടിനകത്ത് നിന്നും പുറത്തിറങ്ങി ശൈഖുൽ ഇസ്ലാമിനെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ കൈ പിടിച്ചു ഉമ്മവെച്ചു. പരിക്ഷീണനായി കാണപ്പെട്ട അദ്ദേഹത്തെ താങ്ങി വീട്ടിൽ എത്തിച്ചു. ' എന്റെ സാന്നിദ്ധ്യം അദ്ദേഹത്തെ സന്തോഷ ഭരിതനാക്കി. മുഖത്ത് സന്തോഷ ത്തിളക്കം. അദ്ദേഹം എനിക്കുവേണ്ടി ദുആ ചെയ്യാൻ തുടങ്ങി. ഞാനും അദ്ദേഹത്തിന്റെ ആരോഗ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം എന്റെ ദുആ ക്ക് ആമീന് പറഞ്ഞു. ഞാൻ ഉറക്കത്തിൽ നിന്നും ഉണർന്നു, റഹിമഹുല്ലാഹു വ അഫാ അന്ഹു"

മറ്റൊരു തവണ നബ്ഹാനി തങ്ങൾ സ്വപ്നം കാണുന്നത് രണ്ടുപേരെ ഒന്നിച്ചാണ്. ഇമാം സുബ്കിയെയും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയെയും. രണ്ടുപേരും ഒരു സദസ്സില്. (രണ്ടു സമസ്തയുടെ പ്രസിഡന്റ് മാർ! അന്നങ്ങനെ ആയിരുന്നെങ്കിലും ഇന്ന് നാം അവരെ രണ്ടു ഭീകര സംഘങ്ങളുടെ നേതാക്കളായി ട്ടാണ് ധരിച്ചുവെച്ചിരിക്കുന്നത്). രണ്ടു പേരുടെയും മുഖത്ത് ജ്ഞാനത്തിന്റെ പ്രഭാവം പ്രകടം.

"എന്റെ അടുത്ത് ഇബ്നു തൈമിയ്യ ആയിരുന്നു. ഞാൻ അദ്ദേഹത്തിന്റെ കൈകള് ഉമ്മവെക്കാനായി ലക്ഷ്യമാക്കി ചെന്നു. ചുംബിച്ചു എന്നു തന്നെയാണ് എന്റെ ഓർമ്മ. .. "

"ആ സമയത്ത് സിയാറത്ത്, ഇസ്തിഗാസ തുടങ്ങിയ വിഷയങ്ങളിലെ അദ്ദേഹത്തിന്റെ നിലപാടോ അതിനു സുബ്കി ഇമാം എഴുതിയ പ്രതികരണമോ ഒന്നും മനസ്സിൽ വന്നില്ല. വേണമെങ്കിൽ ഈ സ്വപ്നത്തിനു മുമ്പ് ഞാന് മേല് വിഷയത്തിൽ ഇബ്നു തൈമിയ്യക്കെതിരെ ചിലതെല്ലാം എഴുതിവെച്ചിരുന്നു, അപ്പൊ തന്നെ അത് വേണ്ടെന്നു തോന്നി

മാറ്റിവെച്ചതായിരുന്നു. തൽ വിഷയകമായ അദ്ദേഹത്തിന്റെ അപകടം പിടിച്ച നിലപാടിലേക്ക് ജനങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തി കൊണ്ടുവരണ്ടല്ലോ എന്നാണു ഞാന് അപ്പൊ കരുതിയത്. ഈ ഇബ്നു തൈമിയ്യ ആരാണെന്നോ! അദ്ദേഹം വലിയ ഇമാം ആകുന്നു, ജ്ഞാനത്തിന്റെ കോടി അടയാളമാണ്. മറ്റു സമുദായങ്ങളുടെ മുന്നിൽ അഭിമാന പൂർവ്വം എടുത്തുകാട്ടാനുള്ള മുഹമ്മദിയ്യ സമുദായത്തിലെ പ്രമുഖരായ ജ്ഞാന നേതൃത്വങ്ങളുടെ കൂട്ടത്തിൽ പ്രഗല്ഭനാണ് ഇദ്ദേഹം. അതോടൊപ്പം അദ്ദേഹം അബദ്ധങ്ങൾ, പിഴവുകള് സംഭവിക്കാത്ത ഒരു മഅസ്വൂം ആയിരുന്നില്ല. വളരെ കുറച്ച് മസ്അലകളിൽ അദ്ദേഹത്തിന് അക്ഷന്തവ്യമായ അബദ്ധം പിണഞ്ഞിട്ടുണ്ട്. സിയാറത്ത്, ഇസ്തിഗാസ എന്നിവ അതിൽ പെട്ടതാണ്. അവയിൽ സലഫിലെയും ഖലഫിലെയും മഹാഭൂരിപക്ഷം ജ്ഞാനികളുടെ നിലപാടിനോട് വിയോജിക്കുകയായിരുന്നു..... എണ്ണപ്പെട്ട മസ് അലകളിൽ അദ്ദേഹത്തിന് പിഴച്ചെങ്കിലും എണ്ണമറ്റ, പരിധിയില്ലാത്ത മസ് അലകളിൽ ഇബ്നു തൈമിയ്യ സത്യമാണ് പറഞ്ഞതും എഴുതിയതും. അവ നിമിത്തം വ്യക്തമായ ദീനിനെ സഹായിച്ചു അദ്ദേഹം. മുഹമ്മദ് നബി സ്വ യുടെ ശരീഅത്തിനെ സേവനം ചെയ്തു. അദ്ദേഹത്തെ കുറിച്ച് ആരോപിക്കുന്ന ചില മസ്അലകൾ ഉണ്ടല്ലോ, വിശ്വസനീയരായ ചില ജ്ഞാനികള് അവ നിഷേധിച്ചിട്ടുണ്ട്, ഇബ്നു തൈമിയ്യ യിലേക്ക് അവ ചേർത്തു പറയുന്നത് സ്ഥിരപ്പെട്ട കാര്യമല്ലെന്ന്. ഏതാകട്ടെ, തിന്മകളെ നന്മകൾ നീക്കിക്കളയുമെന്നാണല്ലോ വിശുദ്ധ വചനം.."

സ്വപ്നാനുഭവം വിവരിച്ച ശേഷം അല്ലാമാ യൂസുഫ് നബ്ഹാനി തങ്ങൾ ഇങ്ങനെ പ്രാർഥിക്കുന്നു: ആ പ്രാർത്ഥനയാണ് എനിക്കും നിർവ്വഹിക്കാനുള്ളത്..

" ബഹുമാന്യമായ അര്ശിന്റെ ഉടമസ്ഥനായ ഉന്നതനായ അല്ലാഹുവിനോട് ഞാൻ ചോദിക്കുന്നു: ഈ രണ്ട് ഇമാമുകൾക്കൊപ്പം എന്നെയും അവൻ ഒരുമിച്ചു കൂട്ടാൻ. പരസ്പരം സ്നേഹിക്കുന്ന സത്യവിശ്വാസികളുടെ കൂട്ടത്തിൽ. 'നാം അവരുടെ മനസ്സുകളില് നിന്നും സഹോദരങ്ങളോടുള്ള ഈർഷ്യയും വെറുപ്പും എടുത്തു നീക്കിയിരിക്കുന്നു, അവർ സ്വർഗ്ഗത്തിലെ ചാരുകസേരകളില് പരസ്പരം അഭിമുഖമായിരുന്നു രസിക്കുന്നു' എന്ന് വിശുദ്ധ വചനത്തിൽ പറഞ്ഞ ആ മുതഹാബ്ബുകളുടെ ഗണത്തിൽ.."

ആമീൻ...

(SIO മലപ്പുറത്ത് സംഘടിപ്പിച്ച ശൈഖുൽ ഇസ്ലാം, അക്കാദമിക ചർച്ചയില് അവതരിച്ച പ്രബന്ധം)

മറ്റൊരു ‘വഹാബി’യെ പരിചയപ്പെടുക..

ശൈഖ് മുഹമ്മദ് ഇബ്നു അബ്ദില് വഹാബിനെ എതിരാളികള് ഒരുപാട് തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്; അതിനു പുറമേ, അദ്ദേഹത്തിന്റെ അനുയായികളായി വന്നവർ ശൈഖില് നിന്നും ഒരുപാടകലെ വഴുതിപ്പോയിട്ടുമുണ്ട്.
അനുയായികളിൽ തന്നെ തീവ്രവാദികള് ഉണ്ട്; നുഴഞ്ഞു കയറിയ ശത്രുക്കൾ പലരും തീവ്ര അനുയായികൾ ആയി വേഷം കെട്ടിയിട്ടുണ്ട്. ശൈഖിന്റെ ജീവിത കാലത്തുതന്നെ ഇത്തരം ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അലി റ ന്റെയും ഉസ്മാൻ റ + മുആവിയ റ യുടെയും ജീവിത കാലത്ത് അവരുടെ ആളുകളായി നടിച്ച് സൈന്യത്തിലും അരങ്ങത്തും അണിയറയിലും വിലസിയ ശത്രുക്കളുടെയും സ്വാർത്ഥ താല്പര്യക്കാരുടെയും ചരിത്രം വായിക്കുന്നവർക്ക്, ആധുനിക ലോകത്തെ പൊളിറ്റിക്കൽ സ്ട്രാറ്റജി തിരിയുന്നവർക്ക്, ശതുക്കൾ മിത്രങ്ങളായി വേഷം കെട്ടുന്ന നാടകം അത്ഭുതകരമായി തോന്നാനിടയില്ല.
ജീവിച്ചിരിക്കുമ്പോൾ തന്നെ, ശൈഖിനെകുറിച്ച് ചിലർ പ്രചരിപ്പിച്ചതും, ചില തീവ്ര അനുയായികൾ ശൈഖിന്റെ പേരില് വെച്ചുകെട്ടിയതും ശൈഖു തന്നെ നിഷേധിച്ചത് രേഖപ്പെട്ടിരിക്കെ, അദ്ദേഹത്തിന്റെ നിലപാട്/ വിശ്വാസം/ പ്രസ്ഥാനആദർശം മനസ്സിലാക്കാന് അത്തരം വിശദീകരണ/ നിഷേധ ക്കുറിപ്പുകൾ ചർച്ചയില് വരേണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കുന്നു.
ശൈഖിനെക്കുറിച്ച് ‘വഹാബി’കളും റാഫിദികളും പ്രചരിപ്പിച്ചതല്ലാത്ത, അവരെ വായിച്ച് സമസ്തക്കാരും പുറം ലോകത്തെ സുന്നികളും മനസ്സിലാക്കിയതല്ലാത്ത ഒരു ‘നജ്ദി ശൈഖിനെ’ നമുക്ക് വീണ്ടെടുക്കാൻ സാധിക്കുമെന്നാണ് എന്റെ പക്ഷം. ശൈഖിന്റെ സ്വന്തം രചനകള് മാത്രം അവലംബിച്ചു കൊണ്ടാണ് ഈ ‘ശ്മശാന ഭഞ്ജന’ത്തിനൊരുങ്ങുന്നത്.

(സ്വാലിഹ് ബ്നു ഫൌസാന്റെ നേതൃത്വത്തില് ശൈഖിന്റെ രചനകളും കത്തുകളും സമാഹരിച്ചതിൽ നിന്നാണ് ഇതെടുത്തിട്ടുള്ളത്. സ്രോതസ്സ് ആധികാരികമാണെന്നർത്ഥം. വേറെയും അനേകം സ്രോതസ്സുകളില് നിന്നും സമാനമായ ഉദ്ധരണികൾ നിരത്താന് സാധിക്കും.)

ഒന്ന്

തന്നെക്കുറിച് ആരോ പ്രചരിപ്പിച്ച ആരോപണങ്ങൾക്ക് വിശദീകരണം നൽകിക്കൊണ്ട് ശൈഖ് ഖസീം ദേശക്കാർക്ക് എഴുതിയ കത്ത്.

തന്റെ വിശ്വാസ നിലപാടുകള് വിശദമായി ആദ്യഭാഗത്ത് വ്യക്തമാക്കുന്ന ശൈഖ് വിവിധ അവാന്തര കക്ഷികളുടെ നിലപാടുകളിലെ ഏറ്റ ക്കുറവുകൾക്കിടയില് അഹ്ലുസ്സുന്നയുടെ സ്ഥാനം കൃത്യമായി അടയാളപ്പെടുത്തിയതിങ്ങനെ വായിക്കാം: “അടിമകളുടെ പ്രവൃത്തിയുടെ

സ്രഷ്ടാവ് ആരെന്ന ചോദ്യത്തിൽ സൃഷ്ടികളുടെത് എന്ന് പറഞ്ഞ ഖദ്രിയ്യത്തിന്റെയും സൃഷ്ടികളുടെ തെരഞ്ഞെടുപ്പിനെ നിഷേധിച്ച ജബ്രിയ്യത്തിന്റെയും വാദങ്ങൾക്കിടയിലാണ് 'നരക രക്ഷ വാഗ്ദാനം ചെയ്യപ്പെട്ട വിഭാഗം' എന്ന് തിരുദൂതർ വിശേഷിപ്പിച്ച അഹ്ലുസുന്ന നിലകൊള്ളുന്നത്. അല്ലാഹുവിന്റെ താക്കീത് സംബന്ധമായ വിഷയത്തിൽ മുർജിഅ ത്തിനും വഈദിയ്യക്കും ഇടയിലാണ് അവർ. വിശ്വാസവും കർമ്മവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുമ്പോൾ ഹറൂറിയ്യ, മുഅതസില, മുർജിഅ, ജഹ്മിയ്യ വിഭാഗങ്ങളുടെ ഇടയിലാണ് സുന്നികൾ. രസൂലുല്ലാഹി സ്വ യുടെ സ്വഹാബികളെ കുറിച്ചുള്ള കാഴ്ചപ്പാടിൽ റാഫിദികൾക്കും ഖാരിജികൾക്കും മദ്ധ്യേയാണ് അഹ്ലുസ്സുന്ന."

വസ്തുനിഷ്ഠമായ വിശദീകരണം മുന്നോട്ടു പോകുമ്പോള് സ്വഹാബികളെ കുറിച്ചുള്ള അഹ്ലുസ്സുന്ന യുടെ പക്വമായ നിലപാടാണ് തനിക്കുള്ളതെന്ന് ശൈഖ് കൃത്യമായി പറയുന്നുണ്ട്. അബൂബകർ, ഉമര്, ഉസ്മാന്, അലി റ ഹും എന്ന മഹത്വ ക്രമം അദ്ധേഹം വ്യക്തമാക്കുന്നു. അവർക്കിടയിലെ തർക്കങ്ങളില് ഇടപെടാതെ അവരെ കുറിച്ച് നല്ലതുമാത്രം സ്മരിക്കുന്ന സുന്നി നിലപാട് വെളിപ്പെടുത്തുന്നു.

കത്തിന്റെ തുടർന്നുള്ള ഭാഗത്ത്, ഏതോ ഒരാൾ തന്നെക്കുറിച്ച് ഖസീം ദേശത്തെ പ്രമുഖ ജ്ഞാനികളെ തെറ്റിദ്ധരിപ്പിച്ചത് സംബന്ധമായ സംഗതികളെ കുറിച്ചാണ് സംസാരിക്കുന്നത്. "ഞാൻ പറയാത്ത കാര്യങ്ങളാണ് അയാള് ആരോപിക്കുന്നത്; അതിൽ മിക്കതും എന്റെ ആലോചനയില് പോലും കടന്നുവരാത്ത കാര്യങ്ങളാണ്" എന്ന് പറഞ്ഞ്, ആരോപണങ്ങള് ഓരോന്നായി ഉദ്ധരിക്കുന്നു.

1- നാലു മദ്ഹബുകളുടെ കിതാബുകൾ ഞാന് നിഷ്ഫലമാണെന്ന് പറയുന്നു.
2- ആറു നൂറ്റാണ്ടുമുതൽക്കുള്ള മുസ്ലിംകള് സത്യപാതയില് അല്ലെന്നു ഞാന് പറയുന്നു.
3- ഞാൻ ഒരു മുജ്തഹിദ് ആണെന്നും വല്ല ഇമാമിനെയും തഖ്ലീദ് ചെയ്യുന്നതില് നിന്നും ഞാൻ ഒഴിവാണെന്നും വാദിക്കുന്നു.
4- ജ്ഞാനികൾക്കിടയിലെ അഭിപ്രായ വ്യത്യാസം സമുദായത്തിന് ആപത്താണ്, അനുഗ്രഹമല്ല എന്ന് ഞാൻ പറയാറുണ്ട്.
5- സ്വാലിഹീങ്ങളെ തവസ്സുൽ ചെയ്യുന്നവനെ ഞാന് കാഫിറാക്കുന്നു.
6- 'യാ അക്രമൽ ഖൽഖ്..' എന്നിങ്ങനെ നബി സ്വ യെ ഇസ്തിഗാസ ചെയ്യുന്ന വരികൾ പാടിയ ബൂസ്വീരിയെ ഞാന് കാഫിറാക്കുന്നു.
7- സാധിക്കുമെങ്കിൽ ഞാന് റസൂലുല്ലാഹി സ്വ യുടെ ഖുബ്ബ പൊളിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിരിക്കുന്നു.
8- സാധിക്കുമെങ്കിൽ കഅ ബയിലെ സ്വർണ്ണപ്പാത്തി മാറ്റി മരം കൊണ്ടുള്ള പാത്തി സ്ഥാപിക്കുമെന്ന് ഞാൻ പറഞ്ഞിരിക്കുന്നു.
9- നബി സ്വ യുടെ ഖബ്ർ സിയാറത്ത് ചെയ്യുന്നത് ഞാന് ഹറാമാക്കിയിരിക്കുന്നു.
10- മാതാപിതാക്കളുടെയും മറ്റുള്ളവരുടെയും ഖബ്ർ സന്ദർശിക്കുന്നത് ഞാന് നിഷേധിക്കുന്നു.
11- അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്യുന്നവരെ ഞാൻ കാഫിറാ ക്കുന്നു.

12- ഇബ്നുൽ ഫാരിള്, ഇബ്നു അറബി എന്നീ സ്വൂഫി പ്രമുഖരെ ഞാൻ കാഫിറാക്കിയിരിക്കുന്നു.
13- ദലാഇലുൽ ഖൈറാത്ത് എന്ന സ്വലാത്ത് സമാഹാരവും റൌളുറയാഹീന് എന്ന് പേരുള്ള സ്വൂഫി കഥാ സമാഹാരവും കത്തിച്ചു കളയുന്നതാണെന്ന് ഞാൻ പറഞ്ഞിരിക്കുന്നു. റൌളുറയാഹീൻ എന്നല്ല റൌളുശയാതീന് എന്നാണ് അതിന് യോജിച്ച പേരെന്ന് ഞാൻ പഴിച്ചിരിക്കുന്നു.

ഇത്തരം ആരോപണങ്ങളെ കുറിച്ച് ശൈഖ് ഒറ്റവാക്കിൽ മറുപടി പറയുകയായിരുന്നു: സുബ്ഹാനക ഹാദാ.. **'തമ്പുരാനേ, കല്ലുവെച്ച നുണകൾ'!!**

നബി സ്വ യെ തരം താഴ്ത്തുന്നവൻ, അവിടുത്തെ ബര്സഖീ ജീവിതത്തെ നിഷേധിക്കുന്നവൻ, സ്വലാത്ത് ചൊല്ലാന് അനുവദിക്കാത്തവന്, സജ്ജനങ്ങളായ മഹാത്മാക്കളെ ദുഷിക്കുന്നവൻ, അവരെ സ്നേഹിക്കുന്നത് തടയുന്നവൻ, തന്നെ പിന്തുടരാത്തവര് കാഫിര് ആണെന്ന് വിധിക്കുന്നവന്, ദീൻ പ്രകാരം ജീവിക്കാന് ഹിജ്ര വാജിബാണെന്ന് ആഹ്വാനം ചെയ്യുന്നവന് തുടങ്ങിയ അടിസ്ഥാനരഹിതമായ കെട്ടുകഥകൾ അദ്ദേഹം പരസ്യമായി നിഷേധിച്ചു. ഇതാണ് അദ്ദേഹത്തിന്റെ ആദർശമെങ്കില് കേരളത്തില് പ്രചരിച്ചതും ജനം കണ്ടും കേട്ടും വിലയിരുത്തിയതുമായ വഹാബിസവുമായി ശൈഖിന് എത്ര അടുപ്പമുണ്ടെന്ന് ഇനിയും വിശദീകരിക്കേണ്ടതില്ലല്ലോ. സാധ്യമാകുന്ന സമയമത്രയും സ്വലാത്ത് ചൊല്ലാൻ പ്രോത്സാഹിപ്പിച്ച ശൈഖ് പക്ഷേ, സ്വലാത്ത് വിരോധിയായത് ഏതു ചെകുത്താന്റെ കൈക്രിയ മൂലം ആണാവോ?! (ഒട്ടേറെ സംഗതികൾ ഇപ്രകാരം തിരുത്താനുണ്ട്, ഇവിടെ ഇത്രമാത്രം)

രണ്ട്:

ഒരു സയ്യിദിനെ ആക്ഷേപിച്ച ശിഷ്യന്റെ (ശാദുലി ക്കാരെപ്പോലെ ഇഖ്വാൻ എന്നായിരുന്നു അനുയായികള് പരസ്പരം വിളിച്ചിരുന്നത്) വഴിവിട്ട നടപടിയെ ക്കുറിച്ച് ശൈഖ് പ്രതികരിച്ച കത്ത്

അഹ്ലുൽ ബൈത്തിനെ ബഹുമാനിക്കാന് അറിയാത്ത ശിഷ്യന്റെ അറിവില്ലായ്മയെ തിരുത്തിക്കൊണ്ട് ശൈഖ് കുറിച്ച വരികൾ ഇങ്ങനെ: "അബ്ദുൽ മുഹ്സിന് തങ്ങള് എന്ന പേരുള്ള ഹസാ ദേശത്തെ ആദരണീയനായ സയ്യിദിനോട് നമ്മുടെ പ്രസ്ഥാനത്തിലെ ഒരംഗം ഇങ്ങനെ പറഞ്ഞതായി അറിഞ്ഞു: "ഹസായിലെ ജനങ്ങള് കാൽമുട്ടില് ഇരുന്ന് നിന്റെ കൈ മുത്തുന്നുവല്ലോ?! നീയാണേൽ പച്ച തലപ്പാവ് ധരിച്ചിരിക്കുന്നു?!!"

ഒരു കാര്യത്തെ കുറിച്ച് ശരിയായ ജ്ഞാനം ആർജ്ജിക്കുന്നതിനു മുമ്പ് നിഷേധിക്കാൻ നിക്കരുത്. അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധമാണോ എന്ന അറിവാണ് ഒരു സംഗതി തടയാന് ഒരുങ്ങുന്നതിന്റെ പ്രഥമ ഘട്ടം. കൈ മുത്തുക പോലുള്ള സംഗതിയൊന്നും നിഷേധിക്കേണ്ട കാര്യമല്ല. ജ്ഞാനികൾക്കിടയില് അഭിപ്രായ വൈവിധ്യം ഉള്ള കാര്യമാണത്. സൈദ്

ബിൻ സാബിത്ത് റ ഇബ്നു അബ്ബാസ് റ യുടെ കൈ മുത്തുകയും “നബി സ്വ യുടെ അഹ്ലുബൈത്തിനോട് ഇപ്രകാരം വർത്തിക്കാൻ ഞങ്ങള് കൽപ്പിക്കപ്പെട്ടിരിക്കുന്നു’ എന്ന് പ്രസ്താവിക്കുകയും ചെയ്തത് സ്ഥിരപ്പെട്ട കാര്യമാണ്. എന്തുതന്നെയായാലും അല്ലാഹുവിന്റെ വിധി എന്താണെന്ന് അറിയാതെ വല്ല കാര്യവും എടുത്തുചാടി തടയാൻ പോകണ്ട. പിന്നെ, പച്ച തലപ്പാവ് ധരിക്കുന്ന രീതി, അത് പണ്ടേ ഉള്ളതാണ്. അഹ്ലുൽബൈത് പരമ്പരയിലുള്ള വരെ തിരിച്ചറിയാനും ആളെയറിയാതെ അവരെ ദ്രോഹിക്കുകയോ അവരോടുള്ള ബഹുമാനാദരവുകളിൽ ജനങ്ങൾ കുറവ് വരുത്തുകയോ ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ടിയായിരുന്നു അങ്ങനെ ഒരു നിശ്ചിത അടയാളം അവർ സ്വീകരിച്ചു പോന്നത്. നബി സ്വ യുടെ അഹ്ലുൽബൈത്തില് പെട്ടവരോട് നിർബന്ധമായും പുലർത്താന് മറ്റു ജനങ്ങളെ അല്ലാഹു ചില സവിശേഷ കടമകൾ വെച്ചിട്ടുണ്ട്. ആ കടമകളിൽ വീഴ്ച വരുത്താൻ ഒരു മുസ്ലിമിനും അനുവാദമില്ല. കൈമുത്തുന്നതും മറ്റും തടയുന്നത് തൌഹീദ് സംരക്ഷിക്കുക എന്ന് കരുതിയാണെങ്കിൽ പിഴച്ചു, ഇതെല്ലാം തീവ്ര ചിന്തയാണ്. പരിധിവിട്ട വികാരമാണ്. അവർക്ക് ദൈവിക പരിവേഷം നൽകിക്കൊണ്ടുള്ള കാട്ടിക്കൂട്ടലുകളെയാണ് നാം നിരാകരിക്കുന്നത്.”.
അഹ്ലുൽ ബൈത്തിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതില് ഒട്ടും കുറവ് വരുത്താത്ത ഷെയ്ഖ് അവർകള്, തന്റെ ഗ്രന്ഥങ്ങളില് ഉടനീളം അവർക്ക് സ്വലാത്തും തർളിയത്തും തറഹുമും ചൊല്ലിപ്പോകുന്നത് കാണാം. അവർക്ക് സമുദായം നൽകേണ്ട സവിശേഷ ബഹുമാനാദരവുകളെ കുറിച്ച് എഴുതിവെച്ചു.

لآله صلى الله عليه وسلم على الأمة حق لا يشركهم فيه غيرهم، ويستحقون من زيادة المحبة والموالاة مالا يستحق سائر قريش وقريش يستحقون مالا يستحق غيرهم من القبائل، كما أن جنس العرب يستحقون من ذلك ما لا يستحقه سائر أجناس بني آدم -إلى أن قال- ولهذا كان في بني هاشم النبي صلى الله عليه وسلم الذي لا يماثله أحد في قريش، وفي قريش الخلفاء وغيرهم ما لا نظير له في العرب وفي العرب من السابقين الأولين ما لا نظير له في سائر الأجناس (مسائل لخصها (51/1)

വീര/ഇഷ്ട വ്യക്തിത്വങ്ങളുടെ പേരുകളാണ് മനുഷ്യർ സാധാരണയില് സ്വന്തം മക്കൾക്ക് നൽകാറുള്ളത്. കിത്താബു തൌഹീദിലും മറ്റും അലി റ ന്റെ മഹത്വം ഉണർത്തിയ ശൈഖിന്റെ ഒരു പുത്രന്റെ പേര് അലി എന്നാണെങ്കില് മറ്റു രണ്ടുപേർ ഹസനും ഹുസൈനുമാണ്. ഒരു മകൾ ഫാത്വിമയും. ഹസൻ റ ന്റെ സന്താന പരമ്പര നിലനിൽക്കുന്നില്ലെന്ന് കള്ളം പറയുന്ന ഹുസൈനീ പക്ഷപാതികളായ ശിയാക്കളോട് ‘റാഫിദികൾക്ക് മറുപടി’ എന്ന ലഘു ഗ്രന്ഥത്തിൽ വൈജ്ഞാനിക സമരം നടത്തിയ വ്യക്തിയാണ് ശൈഖ്. (ഹസനി പരമ്പരയിൽ ആർക്കും ഇമാമത്ത് അനുവദിക്കാത്ത , ഉന്നതരായ ഹസനീ തങ്ങന്മാരെ വരെ കാഫിറാക്കുന്ന അഹ്ലുൽ ബൈത്ത് നിഷേധികളാണല്ലോ ഇസ്നാ അഷരികൾ’!)

قال الشيخ ابن تيمية الحنبلي الحراني رحمه الله: اعلم وفقني الله وإياك أن ما أصيب به الحسين رضي الله عنه من الشهادة في يوم عاشوراء إنما كان كرامة من الله عز وجل أكرمه بها ومزيد

حظوة ورفع درجة عند ربه وإلحاقاً له بدرجات أهل بيته الطاهرين وليهينن من ظلمه واعتدى عليه
وقد قال النبي صلى الله عليه وسلم لما سئل أي الناس أشد بلاء قال: الأنبياء ثم الصالحون ثم الأمثل
فالأمثل يبتلى الرجل حسب دينه فإن كان في دينه صلابة زيد في بلائه وإن كان في دينه رقة خفف
عنه ولا يزال البلاء بالمؤمن حتى يمشي على الأرض وليس عليه خطيئة فالمؤمن إذا حضر يوم
عاشوراء وذكر ما أصيب به الحسين يشتغل بالاسترجاع ليس إلا، كما أمره المولى عز وجل عند
المصيبة ليحوز الأجر الموعود في قوله: (أُولَئِكَ عَلَيْهِمْ صَلَوَاتٌ مِنْ رَبِّهِمْ وَرَحْمَةٌ وَأُولَئِكَ هُمُ
الْمُهْتَدُونَ) [البقرة:157]. رسالة الرد على الرافضة (1/ 48

അലി റ - മുആവിയ റ പ്രശ്നത്തില് അലിയാരുടെ ഭാഗത്താണ് വലിയ ശരിയെന്ന നിലപാടായിരുന്നു ശൈഖിന്. (وأن علي بن أبي طالب وأصحابه: أقرب إلى الحق من معاوية وأصحابه. وأن الفريقين كلهم لم يخرجوا من الإيمان- مختصر السيرة (321/1) കർബലയില് ഉണ്ടായ ദാരുണമായ പരീക്ഷണങ്ങള് ഹുസൈന് തങ്ങൾക്ക് അല്ലാഹു ഓശാരമായി നൽകിയ ആദരവായിരുന്നുവെന്ന ശൈഖിന്റെ വരികള് വിശ്വാസികളുടെ ഹൃദയത്തില് കുളിര് പെയ്യുന്നു. സമുദായം അതൊരു ദുരന്തമായി എടുക്കേണ്ടതാണ്. ആ ദിനത്തിൽ ആഹ്ലാദിക്കുകയോ അപ്പേരിൽ സന്തോഷിക്കുകയോ ചെയ്യാന് പാടില്ല. അഹ്ലുൽ ബൈതിനു സംഭവിച്ച ദുരിതങ്ങളില് സന്തോഷിച്ച് മുഹററം പത്തു നാളുകളിൽ ആർമാദിക്കുന്ന നാസ്വിബികളെയും , വിലപിക്കുന്ന ശിയാക്കളെയും ഒരുപോലെ ശൈഖ് ഗുണദോഷിക്കുന്നു.

ശൈഖ് കത്തിൽ പറഞ്ഞ തീവ്ര തൌഹീദീ നിലപാടുള്ള ഏതാനും അനുയായികള് കേരളത്തില് ശൈഖിന്റെ പ്രസ്ഥാനത്തിന് നേതൃത്വം നല്കുകയുണ്ടായിട്ടുണ്ട്. ഉമർ മൗലവി, ഉമർ സുല്ലമി, മുജാഹിദ് ബാലുശ്ശേരി, സുഹൈർ ചുങ്കത്തറ തുടങ്ങിയവര് തങ്ങന്മാര് എന്നൊരു വിശുദ്ധ പാരമ്പര്യം ഇല്ലെന്നും അതുണ്ടെന്ന് വിശ്വസിക്കുന്നത് ശിഈസമാണെന്നും അത്തരം തസ്തിക സവർണ്ണ ജാതീയത യാണെന്നും അവര് എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. അറുപതുകൾക്ക് ശേഷം ഇത്തരക്കാർക്കായിരുന്നു മുജാഹിദ് പ്രസ്ഥാനത്തില് ആധിപത്യം. മുജാഹിദ് പ്രസ്ഥാനത്തിലെ മുൻ കാലത്തെ മിക്ക ജ്ഞാനികളും ഇത്തരക്കാര് ആയിരുന്നില്ലെന്ന് വ്യക്തം. അടുത്തകാലത്തായി ശൈഖിന്റെ കിതാബുകള് വായിക്കാൻ തുടങ്ങിയ ഹുസൈന് സലഫി, സകരിയ്യ സ്വലാഹി തുടങ്ങിയ യുവ പണ്ഡിതന്മാർ മുന് ചൊന്ന തീവ്ര വാദികൾക്ക് പറ്റിയ അബദ്ധം തിരിച്ചറിഞ്ഞിട്ടുണ്ട്. ഔദ്യോഗിക വിഭാഗം മുജാഹിദ് നേതാക്കളും തീവ്ര വാദങ്ങൾ ഉപേക്ഷിച്ച് ശരിയായ വഴിയിലേക്ക് നീങ്ങാന് പ്രതിജ്ഞാ ബദ്ധരായിട്ടുണ്ട്. ഈ മാറ്റത്തെ പ്രാർത്ഥന യോടെ, അഭിനന്ദനങ്ങളോടെ പ്രോത്സാഹിപ്പിക്കുകയാണ് മറ്റുള്ളവർ വേണ്ടത്. വിശിഷ്യാ, പാണക്കാട്ടെയും മറ്റും സയ്യിദ് മാർ. ആക്ഷേപിച്ചവരും അവഹേളിച്ചവരും തന്നെയാണ് മാറേണ്ടത്, നാം അവരെയാണ് മാറ്റേണ്ടത്.

ഒരാൾ/ ഒരു സംഘം സത്യത്തിലേക്ക് കൂടുതൽ കൂടുതല് അടുത്തുവരുമ്പോള് നാം വേണ്ടതെന്ത്? അവരെ കളിയാക്കി തെറ്റിൽ തന്നെ ഉറപ്പിക്കുകയോ?! അല്ലാഹുവാണ! അഹ്ലുസ്സുന്നയുടെ മാർഗ്ഗം അതല്ല. ഇസ്ലാമിക

പാരമ്പര്യത്തിൽ ഈ പരിഹാസ/ ആക്ഷേപ രീതി കാണില്ല. ശരിയിലേക്ക് കൂടുതല് അടുക്കുന്നത് മുജാഹിദുകൾ ആയാലും ശരി, സമസ്തക്കാർ ആയാലും ശരി..അവരെ പ്രോത്സാഹിപ്പിക്കുകയും ആശിർവദിക്കുകയുമാണ് വേണ്ടത്. ഒരുവേള, പഴയ തെറ്റ് തിരുത്തി സത്യമാർഗ്ഗത്തില് കടക്കുമ്പോള് സ്വാഭാവികമായും ദുർബ്ബല മനസ്കർക്ക് ഉണ്ടാകുന്ന ജാള്യത തിരിച്ചറിഞ്ഞ്, അവർ 'നല്ലവരായ' കാര്യം അറിയാത്ത പോലെ നടിക്കുകയാണ് 'നസ്വീഹത്ത്' പാലിക്കുന്നവർ ചെയ്യേണ്ടത്.. അവർക്ക് ഇസ്തിഖാമത്ത് ഉണ്ടാകാൻ ഒളിഞ്ഞിരുന്ന് പ്രാർഥിക്കുന്നവർ എത്ര നല്ല ശുദ്ധമാനസർ!

ഇമാദുദ്ദീൻ അൽവാസ്വിത്വി റഹി

സ്വാലിഹ് നിസാമി പുതുപൊന്നാനി

ശൈഖിനെ തേടി